മി. സ്പീക്കർ: നിങ്ങൾ അനുവദിച്ച സ്കൂളിൽ ചിലത് ഹൈക്കോടതി തട്ടി. അതു മാത്രം പറഞ്ഞാൽ മതി.

ശ്രീ. നാലകത്ത് സൂപ്പി: പത്തനംതിട്ട, കോട്ടയം ജില്ലകൾക്ക് കൊടുക്കണ്ടായെന്ന് കോടതി പറഞ്ഞു. അതിന് ഞാൻ ഉത്തരവാദിയല്ല. അത് പരിഹരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാം.

IV. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): കാര്യോപദേശക സമിതി അംഗവും സഭാനേതാവുമായ ഞാൻ കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി.സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): കാര്യോപദേശക സമിതി അംഗവും സഭാനേതാവുമായ ഞാൻ കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

Mr. Speaker: The report is adopted.

VI. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	4-2-2004-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	(രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
III	നീതിന്യായ നിർവ്വഹണം	31,90,77,000	..	63,81,53,000	..	63,81,53,000
XII	പോലീസ്	210,86,18,000	..	421,72,35,00	..	421,72,35,00
XIII	ജയിലുകൾ	10,81,69,000	..	21,63,39,000	..	21,63,39,000

ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് കൂടുതൽ കുടുംബ കോടതികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് കൂടുതൽ കുടുംബ കോടതികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കേസ്സുകൾ വിധിയാകുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് കൂടുതൽ കോടതികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളിൽ ഗവൺമെന്റ് ഭാഗം നിരന്തരമായി പരാജയപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സർക്കാർ കേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ലോട്ടറി കേസ്സുകളിലെ നടത്തിപ്പിൽ ഉണ്ടായതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ലോട്ടറി കേസ്സുകളുടെ നടത്തിപ്പിൽ ഉണ്ടായതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഓൺലൈൻ ലോട്ടറി നടത്തിപ്പ് സംബന്ധിച്ച കേസ്സിൽ സംഭവിച്ച അനാവശ്യ കാലതാമസംമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന നഷ്ടം ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക്: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഗവൺമെന്റ് വാദിയായിട്ടുള്ള കേസ്സുകളുടെ നടത്തിപ്പിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന കാര്യക്ഷമതയില്ലായ്മയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വനം കേസ്സുകളുടെ നടത്തിപ്പിലുള്ള വീഴ്ച മൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന നഷ്ടം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സർക്കാർ കേസ്സുകളുടെ നടത്തിപ്പിലുണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എടുക്കേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 രൂ. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. നാരായണൻ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ: സർ, നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 63,81,53,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഗുണ്ടാ സംഘങ്ങൾ പെരുകാൻ കാരണം പോലീസിന്റെ അനാസ്ഥയും ചില പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക് ലഭിക്കുന്ന സഹായവുമാണെന്ന് പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മയക്കുമരുന്നു സംഘങ്ങളേയും ഗുണ്ടാ സംഘങ്ങളേയും അമർച്ച ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സാധാരണ പൗരന്റെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ മുഴുവൻ പോലീസുകാരുടേയും ജോലി സമയം എട്ടുമണിക്കൂർ ആക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ പോലീസ് സേനയെ കാലോചിതമായി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് ദിനംപ്രതി നടക്കുന്നതായി പറയപ്പെടുന്ന കൂട്ടക്കൊലകളും കവർച്ചകളും തടയുന്നതിൽ ഉണ്ടായതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കൊലപാതകങ്ങളും പട്ടാപ്പകൽ നടക്കുന്ന പിടിച്ചുപറിയുംമൂലം സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കൂട്ടക്കൊല നടത്തിയശേഷം കവർച്ച ചെയ്യുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് ബ്ലേഡു മാഫിയകളുടെ വളർച്ചയും അവരുടെ അക്രമവും തടയുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന വീഴ്ചയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മാഫിയാ ആക്രമണം തടയുന്നതിൽ പോലീസ് വരുത്തുന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അയൽ സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന് ഭിക്ഷാടനം നടത്തിക്കുന്ന മാഫിയാ സംഘങ്ങളുടെ പ്രവർത്തനത്തെ തടയുന്നതിൽ വരുത്തിയതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കെ.പി.സി.സി. യോഗസ്ഥലത്തുണ്ടായ അക്രമസംഭവങ്ങളെക്കുറിച്ചുള്ള അന്വേഷണം ശരിയായ ദിശയിൽ നടത്താത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കെ.പി.സി.സി. യോഗസ്ഥലത്തുണ്ടായ അക്രമവുമായി ബന്ധപ്പെട്ട കേസ്സുകളിലെ പ്രധാന പ്രതികളെ അറസ്റ്റ് ചെയ്യുന്നതിൽ പോലീസ് കാണിക്കുന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാന സർക്കാരിന്റെ പുതിയ പോലീസ് നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മാറാട് സംഭവത്തെത്തുടർന്ന് നടന്ന വ്യാപകമായ കൊള്ളകൾ സംബന്ധിച്ച കേസ്സുകൾ ഇല്ലാതാക്കാനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 421,72,35,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മാറാട് കുടുംബങ്ങൾ വീടുവിട്ട് പോയതിനെത്തുടർന്ന് നടന്ന ഭീകരമായ കൊള്ളകൾ സംബന്ധിച്ച് എടുത്തിരുന്ന കേസ്സുകൾ അവസാനിപ്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൂജപ്പുര സെൻട്രൽ ജയിലിൽ പരിശോധന നടത്തിയ ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് നഷ്ടപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിലുകളിൽ തടവുകാരുടെ മേൽ നടക്കുന്നതായി പറയപ്പെടുന്ന പീഡനത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കണ്ണൂർ സെൻട്രൽ ജയിലിൽ ജീവപര്യന്തം ശിക്ഷ അനുഭവിച്ചുവന്ന ഒരു തടവുകാരനെ കൊലപ്പെടുത്തിയ സംഭവം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിലുകളിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കേരളത്തിലെ ജയിലുകളിൽ തടവുകാർ അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും വിയ്യൂർ സെൻട്രൽ ജയിലിലേയ്ക്ക് തടവുകാരെ മാറ്റിയത് റദ്ദാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിലുകളിൽ അക്രമസംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പ്രിസൺ റിവ്യൂ കമ്മിറ്റികൾ കൂടാതിരിക്കുന്നത് കൊണ്ടുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിലുകളിൽ തടവുകാർക്കുള്ള സൗകര്യങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തടവുകാർക്കിടയിൽ വളർന്നുവരുന്ന അച്ചടക്കരാഹിത്യംമൂലം ഉണ്ടാകുന്ന സംഘർഷങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിൽ അധികൃതർ തടവുകാരെ പീഡിപ്പിക്കുന്നതായി പറയപ്പെടുന്ന സംഭവങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിലുകളിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അക്രമപ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിലുകളിൽ ഉള്ളതായി പറയപ്പെടുന്ന ശോചനീയമായ അവസ്ഥ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിലുകളിൽ ഉള്ളതായി പറയപ്പെടുന്ന ശോചനീയമായ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജയിലുകളിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ശിക്ഷ കഴിഞ്ഞ് ജയിൽ മോചിതരാകുന്ന ജീവപര്യന്തം തടവുകാരുടെ പുനരധിവാസപ്രശ്നം ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന തടവുകാരുടെ പുനരധിവാസപ്രശ്നം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തിരുവനന്തപുരം പൂജപ്പുര ജയിലിൽ നിന്നും ഫയലുകൾ അപ്രത്യക്ഷമാകുന്നതായി പറയപ്പെടുന്ന സ്ഥിതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ആറ്റിങ്ങൽ സബ്ജയിലിലെ വിചാരണത്തടവുകാർക്ക് ജയിലിൽ ജോലി ചെയ്ത ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന വേതനം നഷ്ടപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,63,39,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ഇവിടെ ഭരണമില്ല. പോലീസ് സംവിധാനമില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ പോലീസിന് കഴിയുന്നില്ല. വിദ്യാഭ്യാസരംഗത്തും സാംസ്കാരിക രംഗത്തും വളരെയധികം മുന്നിൽ നിന്ന ഒരു സംസ്ഥാനമായിരുന്നു കേരളം. ഈ കാര്യങ്ങളിൽ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിരുന്നു കേരളം. ഇപ്പോൾ കേരളം ആത്മഹത്യയിൽ ഒന്നാമതായി മാറിയിരിക്കുകയാണ്. അതുപോലെ മദ്യം ഉപയോഗിക്കുന്ന കാര്യത്തിൽ നമ്മൾ ഒന്നാമതാണ്. മാത്രമല്ല, കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഇൻഡ്യയിൽ ഒന്നാമതായി നിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു എന്നുള്ളത് ഏറ്റവും ദയനീയമായ ഒരു കാര്യമാണ്. National Crime Records Bureau യുടെ അഭിപ്രായം, Kerala is the most crime prone area. Kerala has the dubious distinction of being the most crime prone State in the Country with 326.2 crimes being reported per one lakh population in 2001 as against a national average of 172.3 according to the latest report of the National Crime Records Bureau. എൻ.സി.ആർ.ബി.യുടെ കണക്കാണിത്. ഒരു ലക്ഷം പേർക്കിടയിൽ പ്രതിവർഷം 326.2 കുറ്റകൃത്യങ്ങൾ ഇവിടെ നടക്കുന്നു എന്നാണ് എൻ. സി. ആർ. ബി. പറയുന്നത്. 3 ¼ കോടി ജനങ്ങൾക്കിടയിൽ 1,05,950 കുറ്റകൃത്യങ്ങൾ നടക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ദേശീയതലത്തിൽ പരിശോധിക്കുമ്പോൾ കിട്ടുന്ന കേസുകളിൽ ഏറ്റവും കുറച്ച് ചാർജ് ചെയ്യുന്ന സമീപനം കൂടി ഇവിടെയുണ്ട് എന്ന് പറയുമ്പോഴാണ് ഈ കുറ്റകൃത്യങ്ങളുടെ വലിയ കണക്കുകൾ യഥാർത്ഥത്തിൽ നമ്മെ ഞെട്ടിപ്പിക്കുന്നത്. ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ മുഖ്യമന്ത്രി പറയുകയുണ്ടായി കേരളത്തിൽ ഇത്രയധികം കേസുകൾ ചാർജ് ചെയ്യപ്പെടുന്നതും ഇത്രയധികം കുറ്റകൃത്യങ്ങൾ ചാർജ് ചെയ്യപ്പെടുന്നതും ഇവിടെ സമരങ്ങൾ നടക്കുന്നതുകൊണ്ടാണ് എന്ന് മുഖ്യമന്ത്രി പറയുന്നതിൽ അർത്ഥമില്ല. സമരങ്ങളുടെ അടിസ്ഥാനത്തിലല്ല ഇത്രയധികം കേസുകൾ ചാർജ് ചെയ്യപ്പെട്ടത്. എൻ.സി.ആർ.ബി.-യുടെ ഈ വർഷത്തെ കണക്ക് മാത്രമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഒരു വർഷത്തെ കണക്ക് നോക്കുക. കൊലപാതകം 472, തട്ടിക്കൊണ്ടുപോകൽ 183, പിടിച്ചുപറി 517, മോഷണം 5441, മാനഭംഗം (മന്ത്രിമാർ ഉൾപ്പെടെ) 1942, പീഡനം 81, കള്ളനോട്ടടി 239, ചതി (ശോഭനാജോർജിന്റെ കേസ് ഉൾപ്പെടെ) 2756, ബലാൽസംഗം 562, കൊള്ളയടി 176, ഭവനഭേദനം 4474, കലാപങ്ങൾ 8108, സ്ത്രീധനമരണം 27, പെൺവേട്ട 2561, വിശ്വാസ വഞ്ചന 428, അടികലശൽ കെ.പി.സി.സി. യോഗസ്ഥലത്ത് ഉണ്ടായത് ഉൾപ്പെടെ 19829. ഇതൊക്കെ സമരംമൂലം നടത്തിയിട്ടുള്ള കേസുകളാണോ? ഇത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കുറ്റകൃത്യങ്ങൾ വ്യാപകമായി നടക്കുന്നത് ബീഹാർ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ്. ഇപ്പോൾ അവയെക്കാളൊക്കെ നമ്മൾ മുന്നിൽ വന്നിരിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്തിട്ട്, മുഖ്യമന്ത്രിപദം ഏറ്റെടുത്തശേഷം, പത്രപ്രവർത്തകരെ അഭിമുഖീകരിച്ച അവസരത്തിൽ പറയുന്നതു കേട്ടു. "നമ്പർ വൺ സംസ്ഥാനമായി ഞാൻ കേരളത്തെ മാറ്റും എന്ന്." കേരളത്തിലെ വികസനത്തിന്റെ കാര്യത്തിൽ ആണെന്ന് നമ്മൾ കരുതിയെങ്കിൽ നമുക്ക് തെറ്റിപ്പോയി. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ആണ് കേരളത്തെ ഒന്നാമത്തെ സംസ്ഥാനമാക്കി മാറ്റിയത്! അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഒരു കാര്യമുള്ളത്, ഈ നിയമസഭയിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ സജീവമായി വരും എന്നുള്ളതുകൊണ്ട് കണക്കുകൾ പോലും കൃത്യമായി തരുന്ന കാര്യത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ഇന്നലെ ശ്രീ. എം. വി. ജയരാജൻ ഈ കാര്യം സൂചിപ്പിച്ചതാണ്. ആ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. മുഖ്യമന്ത്രി രേഖാമൂലം മറുപടി നൽകുന്നതിനുവേണ്ടി ഞങ്ങൾ (നിയമസഭാസാമാജികർ) ചോദ്യങ്ങൾ എഴുതിക്കൊടുത്തിട്ട് അതിന്റെ ഉത്തരം കൃത്യമായി ലഭിച്ചിട്ടില്ല. ഒന്നുരണ്ടു ചോദ്യങ്ങൾക്കുള്ള മറുപടി മാത്രമാണ് ഇന്നലെ ഫ്ളോറിൽ വന്നിട്ടുള്ളത്. ഇവിടെ കൊലപാതകങ്ങൾ എത്ര നടന്നു; ആത്മഹത്യകൾ എത്ര നടന്നു, എത്ര പീഡനങ്ങൾ നടന്നു എന്നുള്ളതിനെ സംബന്ധിച്ച് എഴുതിക്കൊടുത്ത ചോദ്യങ്ങൾക്ക് യാതൊരു മറുപടിയും ഇന്നലേയും ഇന്നും ലഭിച്ചിട്ടില്ല. ഇന്ന് ചർച്ച ചെയ്യാൻ സാദ്ധ്യതയുള്ള കാര്യങ്ങളാണ് എന്നുള്ളതുകൊണ്ട് മറുപടി തരാതിരിക്കാൻവേണ്ടി ബോധപൂർവ്വം ഇടപെട്ടതാണോ എന്നുള്ള സംശയമുണ്ട്. എങ്കിലും പത്രമാധ്യമത്തിലൂടെ വന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജനുവരി മുതൽ മേയ് മാസം വരേയുള്ള കഴിഞ്ഞ 5 മാസത്തെ കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ 200 കൊലപാതകങ്ങൾ നടന്നു. കൊള്ള, കവർച്ച ഇവയൊക്കെ 6200 നടന്നു. ഈ കൊല്ലം ഇതുവരെ ഏതാണ്ട് 4,53,155 കേസുകളാണ് കേരളത്തിൽ നടന്നത് എന്ന് പറയുമ്പോൾ കേരളത്തിലെ ക്രമസമാധാന നിലയെക്കുറിച്ച് കൂടുതൽ പറയേണ്ട കാര്യമില്ല. God's own country എന്നാണ് നമ്മൾ കേരളത്തെ പറഞ്ഞുകൊണ്ടിരുന്നത്. ഇപ്പോൾ 'Ghost's own country'-യായി കേരളം മാറിയിരിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാട് ചെകുത്താന്റെ താവളമായി മാറിയിരിക്കുകയാണ്. ഇവിടെ ക്രമസമാധാനമില്ല, ഗുണ്ടാവിളയാട്ടം നടക്കുന്നു, മോഷണം വ്യാപകമായി നടക്കുന്നു, പിടിച്ചുപറി നടക്കുന്നു. ഭവനഭേദനം നടക്കുന്നു. ഇതൊക്കെ തടയാൻ നിയമം ഉണ്ടെങ്കിലും പോലീസുകാർ ഇത് ഫലപ്രദമായി ഉപയോഗിക്കുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് വിളിച്ചു പറയുമ്പോൾ അവർ പറയുന്നത് ഞങ്ങൾ അതിനുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് എന്നാണ്. കൊല്ലം എസ്.പി. എല്ലാ വീടുകളിലും കൊടുക്കാനായി ഒരു സർക്കുലർ നൽകിയിട്ടുണ്ട്. വളരെ രസകരമായ കാര്യമാണ്. ഇവിടെ വായിക്കാൻ സമയമില്ല. എങ്കിലും അതൊന്ന് പരാമർശിക്കാതെ പോകുന്നത് ശരിയല്ല. കുറ്റവാളികൾ വീടിനുള്ളിൽ കടക്കാത്ത വിധം വീടിനോട് തള്ളി നിൽക്കുന്ന വൃക്ഷങ്ങളും ശിഖരങ്ങളും മുറിച്ചു മാറ്റുക. മോഷണം നടക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ രാത്രി ലൈറ്റിട്ട് ഉറക്കമെഴുന്നേറ്റിരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ അടങ്ങിയ പ്രസ്താവനകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ വീടുകളിലെല്ലാം കൊടുത്തുകൊണ്ടിരിക്കുകയാണ്. കുറ്റകൃത്യങ്ങൾ തടയാൻ ബാദ്ധ്യതയുള്ള ഉദ്യോഗസ്ഥൻമാരാണ് അത് ചെയ്യുന്നത്. എന്ത് അപമാനകരമാണിത്? പോലീസിന്റെ നയത്തിൽ മാറ്റം വരുത്തുമെന്ന്. തെരഞ്ഞെടുപ്പു കഴിഞ്ഞതിനു ശേഷം മുഖ്യമന്ത്രി പറഞ്ഞു ഇവിടെ ഡി.ജി.പി.യും മുഖ്യമന്ത്രിയും ഉരലും മദ്ദളവും പരാതി പറയുന്നതുപോലെ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നതെന്താണ്? രാഷ്ട്രീയ പാർട്ടികളിൽ ഗുണ്ടകളുണ്ട്; അവരാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതെന്ന് പറയാൻ ഇവർക്ക് നാണമില്ലേ സർ? എന്തുകൊണ്ടാണ് അവർ ഇങ്ങനെ പറയുന്നത്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ : രാഷ്ട്രീയ പാർട്ടികളിൽ ഗുണ്ടകളില്ല. നമ്മുടെ പാർട്ടിയിൽ ഗുണ്ടകളില്ല ഖദർ ഇട്ട ഗുണ്ടകൾ കാണും.

(ബഹളം..................)

(മൈക്ക് ഓഫ് ചെയ്തു.)

ശ്രീ. പി. എസ്. സുപാൽ : ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. ടി. എച്ച്. മുസ്തഫ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ ഹൃദയംഗമമായി പിൻതാങ്ങുന്നു. ഇന്നത്തെ സാഹചര്യം വിലയിരുത്തുമ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലഘട്ടം കൂടി ഓർക്കണമെന്ന് വിനയപൂർവം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 1996 മുതൽ 2001 വരെയുള്ള അഞ്ചു വർഷക്കാലത്തെ എൽ.ഡി.എഫ്.-ന്റെ ഭരണകാലം നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി തകർത്ത് കുത്തുപാളയെടുപ്പിച്ചു. 27,000 കോടി ഉറുപ്പികയുടെ കടബാദ്ധ്യതയാണ് ഈ ഗവൺമെന്റ് ഏറ്റെടുക്കേണ്ടിവന്നത്. സാമ്പത്തിക രംഗം ആകെ തകർന്നിരുന്നു എന്നുള്ളത് എല്ലാപേർക്കും അറിയാം. കാർഷിക രംഗം പൂർണ്ണമായി തകർത്തു, വെട്ടിനിരത്തലായിരുന്നു ഇവരുടെ ഏറ്റവും പ്രധാന ജോലി. നട്ടുവളർത്തൽ ഉണ്ടായില്ല. കേരളത്തെ വ്യാപകമായി ഒരു ശ്മശാന പറമ്പാക്കി, തൊഴിൽ നൽകുമെന്ന വാഗ്ദാനത്തോടുകൂടി അധികാരത്തിൽ വന്ന് ഉള്ളവരുടെ തൊഴിൽപോലും നഷ്ടപ്പെടുത്തി, പരമ്പരാഗത വ്യവസായങ്ങൾ പൂർണ്ണമായി തകർത്ത്, അത് ഒരിക്കലും രക്ഷപ്പെടുത്താൻ കഴിയാത്ത അവസ്ഥയിലേക്ക് കൊണ്ടുചെന്ന് എത്തിച്ച ഒരു കാലഘട്ടമായിരുന്നു അത്. അന്ന് വിദ്യാഭ്യാസ രംഗത്തെ അവസ്ഥയെന്തായിരുന്നു? ഭരണകക്ഷിയിലെ പ്രമുഖ കക്ഷിയായ സി.പി.എം. പോലും അതിനെക്കുറിച്ച് അഭിപ്രായം പറഞ്ഞിട്ടുള്ളത് ആരും മറന്നു കാണുമെന്ന് ഞാൻ കരുതുന്നില്ല. വിദ്യാഭ്യാസ കച്ചവടമായിരുന്നു, സ്കൂളുകളും കോളേജുകളും അനുവദിക്കുന്നതിൽ പക്ഷപാതമായിരുന്നു. ഒരു വിഭാഗം ആളുകൾക്കു മാത്രം കലാലയങ്ങൾ അനുവദിക്കുന്ന സ്ഥിതിവിശേഷമുണ്ടായിരുന്നു. അന്ന് നടന്ന അഴിമതി എത്ര വലുതായിരുന്നു എന്ന് നമുക്ക് കാണാൻ കഴിയും. ഈ രാജ്യത്ത് ഒരു പിടി മണ്ണില്ലാത്ത ആദിവാസികളുടെ പ്രശ്നം പരിഹരിക്കാൻ അഞ്ചു വർഷമുണ്ടായിട്ടും കഴിഞ്ഞില്ല; പാർപ്പിടമില്ലാത്ത പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ല. ആകപ്പാടെ കുത്തഴിഞ്ഞ, നാഥനില്ലാത്ത കഴിവുകേടിന്റെ ഒരു ഭരണമായിരുന്നു. കെടുകാര്യസ്ഥതയും അഴിമതിയും മാത്രമായിരുന്നു ആ ഭരണത്തിന്റെ മുഖമുദ്രയെന്ന് ആരും സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. അവിടെ നിന്നാണ് ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തത്. അന്നത്തെ ക്രമസമാധാനപരിപാലനം എങ്ങനെയായിരുന്നു എന്ന് ആലോചിക്കേണ്ടതാണ്. ഇന്നലെ ഇവിടെ ആരോ പറഞ്ഞു, സ്ത്രീകൾക്ക് ബസ്സിൽ നിന്നിറങ്ങി വീട്ടിൽ എത്താൻ ബുദ്ധിമുട്ടായിരുന്നു എന്ന് അന്ന് ബസ്സിൽ കയറാൻ ബുദ്ധിമുട്ടായിരുന്നു. കോഴിക്കോട് സർവകലാശാലയിലെ ഉദ്യോഗസ്ഥയടക്കം കയറിയവരുടെയൊക്കെ സാരി നനഞ്ഞ അനുഭവവും, അതിന്റെ കഥകളും നമ്മൾ മറന്നിട്ടില്ല. ഞാൻ പേര് ഒന്നും പറയുന്നില്ല. അന്നത്തെ ക്രമസമാധാന പരിപാലനത്തിന്റെ—കൊലപാതകത്തിന്റെ സ്ഥിതി, കണ്ണൂരും

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോടും മാത്രമെടുത്താൽ അന്ന് മരിച്ച മാർക്സിസ്റ്റുകാരുടെ എണ്ണമെടുത്താൽ ഇന്ന് മരണവുമായി മല്ലിടുന്ന മാർക്സിസ്റ്റുകാരുടെ എണ്ണമെടുത്താൽ, കണ്ണും, മൂക്കും, ഒക്കെ നഷ്ടപ്പെട്ട് കഴിയുന്ന മാർക്സിസ്റ്റുകാരുടെ കണക്കെടുത്താൽ ഇവിടത്തെ ക്രമസമാധാനം എത്ര കർശനമായി പരിപാലിച്ചിരുന്നു എന്ന് നമുക്ക് കണ്ടെത്താൻ കഴിയും. ദിവസേന കൊലപാതകം മാത്രമായിരുന്നില്ലേ പ്രധാന വാർത്ത? ഇവിടത്തെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന മാർക്സിസ്റ്റുകാരും കേന്ദ്രം ഭരിച്ചിരുന്ന ബി.ജെ.പി.-ക്കാരും തമ്മിലായിരുന്നു കൊലപാതകം. ആ വസ്തുത മറന്നിട്ടില്ല. രക്തപ്പുഴ സൃഷ്ടിച്ച, ജനജീവിതം ദു:സ്സഹമാക്കിയകാലം. ഇവിടെ ആത്മഹത്യയെ കുറിച്ച് പറഞ്ഞു. എന്നാണ് കൂട്ട ആത്മഹത്യ ആരംഭിച്ചത്? മാർക്സിസ്റ്റ് ഭരണകാലത്താണ്, എൽ.ഡി.എഫ്. ഭരണകാലത്താണ്. കണക്ക് പരിശോധിക്കണം. കുറ്റകൃത്യങ്ങൾ കേരളത്തിൽ കൂടുതലാണ്—എന്നു മുതലാണ് ഈ കുറ്റകൃത്യങ്ങളുടെ ആരംഭം? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയപ്പോൾ അല്ല. 1957-ലും, 1967-ലും, 1987-ലും 1996-ലുമൊക്കെ ഈ സംസ്ഥാനം ഭരിച്ചതാരാണ്? ആ കാലത്തുള്ള കുറ്റകൃത്യങ്ങളുടെ കണക്കൊക്കെ എടുത്താൽ ഏത് കാലത്തായിരുന്നു വർദ്ധിച്ചത് എന്ന് മനസ്സിലാക്കാം. അത് പരമ്പരയായി തുടരുകയാണ്. ആ കാലത്തുള്ള പോലീസുകാർ തന്നെയാണ് ഇപ്പോഴും ഉള്ളത്. ശ്രീ. എ. കെ. ആന്റണി വന്നതിനുശേഷം പോലീസ് സേനയെ പിരിച്ചുവിട്ട്, പുതിയ പോലീസ് സേനയെ നിയോഗിച്ചിട്ടില്ല. ആ പഴയ പോലീസുകാർ തന്നെയാണ്. ഇവരുടെ ഭരണകാലത്താണ് പോലീസ് സേനയിൽ അധികവും റിക്രൂട്ട്മെന്റ് നടന്നിട്ടുള്ളത് എന്ന് പരിശോധിച്ചാൽ കാണാൻ കഴിയും. ആ പോലീസുകാരാണ് ഭരിക്കുന്നത്. സർ, 1957-ൽ കമ്മ്യൂണിസ്റ്റ് ഭരണം വന്നപ്പോൾ എന്റെ നാട്ടിലെ പ്രായമായ ഒരാൾ പറഞ്ഞു, ഇനി ഒരു ഗുണമുണ്ട്, ഇവിടെ മോഷണവും, പിടിച്ചുപറിയും, അക്രമവും, കൊലപാതകവും, കാര്യമായി ഉണ്ടാകില്ല എന്ന്, കാരണമെന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു—അത്തരക്കാരൊക്കെ നിയമസഭയിൽ പോയിരിക്കുകയാണ്, അതുകൊണ്ട്

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

നാട്ടിൽ കുഴപ്പമുണ്ടാകില്ല എന്ന്. സർ, അത് ഞാൻ ഓർക്കുകയാണ്. ഈ രാജ്യത്ത് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു എന്ന് പറഞ്ഞില്ലേ, ഭരണകക്ഷിയായ മാർക്സിസ്റ്റുകാർ എത്ര കേസുകളിൽ ഉണ്ടെന്ന് അറിയുന്നതിന് കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് നടന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് ഒന്നു പരിശോധിച്ചാൽ മതി, ഏറ്റവും കൂടുതൽ കുറ്റവാളികൾ ഏത് രാഷ്ട്രീയപാർട്ടികളിൽപ്പെട്ടവരാണെന്ന് പരിശോധിക്കണ്ടേ. ഒരു സ്കൂളിൽ പട്ടാപ്പകൽ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്ന അദ്ധ്യാപകനെ ക്ലാസ്സിൽ കയറി കഷണം കഷണമായി വെട്ടിനുറുക്കിയ കേസിലെ പ്രതിയാരാണ് സർ, ആ കേസിലെ പ്രതിയാരാണെന്ന് അന്വേഷിക്കണം. അവരെ കോടതി ശിക്ഷിച്ചിട്ട് ആ കോടതിയ്ക്കെതിരെ വിപ്ലവം നടത്താൻ പോയവരാണ് അപ്പുറത്തിരിക്കുന്നവർ. ഇവരാണ് ഇവിടെ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവെന്ന് പറയുന്നത്. ആരു ഭരിച്ചാലും കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽ മാർക്സിസ്റ്റ് പാർട്ടിയാണ് മുന്നിൽ. ആര് ഭരിച്ചാലും എന്നും ഇവിടെ ഉണ്ടാകുന്ന സമരങ്ങളും ബന്തുകളും പണിമുടക്കുകളും ഹർത്താലുകളും, ബൂത്ത് തല്ലിപ്പൊളിക്കലും, പ്രശ്നങ്ങൾ സൃഷ്ടിക്കലുമൊക്കെ അപ്പുറത്തുള്ളവരുടെ ജോലിയാണ്. അതുകൊണ്ടാണ് ഇവിടെ കുറ്റകൃത്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിക്കുന്നത്. പോലീസിന്റെ അച്ചടക്കത്തെക്കുറിച്ച് പറഞ്ഞു, നമ്മുടെ ഡി.ജി.പി. ഇവിടെ ചില പ്രസ്താവനകൾ ചെയ്തു. ഡി.ജി.പി.-യാണ് ചെയ്തത്. പോലീസിന്റെ ഉന്നതോദ്യോഗസ്ഥനാണ് ചെയ്തത്. പക്ഷെ എൽ.ഡി.എഫ്-ന്റെ കാലത്തെ ഒരു ഐ.ജി. ഒരു സർക്കുലർ അയച്ചു. മേലാൽ മേലാളുകളിൽ നിന്ന്, (മുകളിൽ നിന്നു) വരുന്ന ഉത്തരവുകൾ ഒന്നും അനുസരിക്കേണ്ടതില്ല എന്ന് അത് പരസ്യമായി പത്രത്തിൽ വന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ അത് warn ചെയ്തു. എന്റെ അറിവോടുകൂടിയാണ് അത് എന്ന് ഇന്നത്തെ ഡി.ജി.പി. പറഞ്ഞപ്പോഴും അന്ന് നായനാർ ചെയ്തതുപോലെ പോലീസിന്റെ ഭരണത്തിന്റെ ചുമതലയുള്ള മുഖ്യമന്ത്രി ഡി.ജി.പി.യുടെ പ്രസ്താവനയെ warn ചെയ്തിട്ടുണ്ട്. ആ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. സർ, ഇതൊരു precedent അല്ല. ഇത് ഒരു ഭരണക്രമമാണ്. ഇതൊന്നും അറിയാത്ത—അറിയില്ല എന്നുള്ളത് വാസ്തവമല്ലേ, ഇതൊന്നും അറിയാത്തവരാണ് ഇതൊക്കെയിരുന്ന് വിളിച്ചു കൂവുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ രാജ്യത്ത് ഉണ്ടായ കാറും, കോളും, കാറ്റും, കൊടുങ്കാറ്റും, മഴയും, പ്രളയവുമൊക്കെ നമ്മൾ കണ്ടതാണ്. ഇതിലൊന്നും പെടാതെ ഈ ഭരണനൗക ചരിയാതെ, മറിയാതെ, മുങ്ങാതെ, 3 വർഷക്കാലം മുന്നോട്ടുകൊണ്ടുപോയ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മെയ്വഴക്കത്തെ, അദ്ദേഹത്തിന്റെ പ്രഗത്ഭമായ, ധീരമായ പ്രവർത്തനത്തെ മുക്തകണ്ഠം പ്രശംസിക്കാതിരിക്കാൻ കഴിയുമോ? എന്തെല്ലാമായിരുന്നു ഇവിടെ. പ്രതിപക്ഷത്തു നിന്നും, ഭരണപക്ഷത്തുനിന്നും, എല്ലായിടത്തുനിന്നും ഉണ്ടായ കോളിളക്കങ്ങളൊക്കെ നാം കണ്ടതാണ്. അതിനെയൊക്കെ അതിജീവിച്ച് മുന്നോട്ടുപോയി ഈ പ്രയാസങ്ങളേയും പ്രതിസന്ധികളേയും ഉദ്ദേശിക്കുന്ന അതേ വേഗത്തിൽ അതിജീവിച്ച് മുന്നോട്ടുപോകാൻ കഴിയില്ലെന്ന് നമുക്കറിയാം. അതുകൊണ്ട് ഭരണത്തിന്റെ വേഗത കുറഞ്ഞിട്ടുണ്ട്. ഭരണത്തിന്റെ വേഗതയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. തകർത്ത് തരിപ്പണമാക്കിയ സാമ്പത്തിക അടിത്തറയിൽ നിന്നുകൊണ്ട് കാലിയായ ഒരു ഖജനാവിനെ ഉപയോഗപ്പെടുത്തി ഇത്രയും വികസനപ്രവർത്തനങ്ങൾ നാട്ടിൽ ചെയ്തില്ലേ? വികസനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനം കേരളം തന്നെയാണ്. അതിൽ സംശയമില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലംകൊണ്ട് എല്ലാ രംഗത്തും മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏത് രംഗമെടുത്താലും നേട്ടങ്ങളുണ്ട്. വിദ്യാഭ്യാസരംഗത്ത് പ്രശ്നങ്ങളായിരുന്നു. ഇവിടെനിന്നും പണം ചാക്കിൽ കെട്ടി തലയിലേറ്റി കർണ്ണാടകയിൽ പോകേണ്ടി വന്നു. ആ അവസ്ഥ മാറി. ഇവിടെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാൻ സൗകര്യമുണ്ടാക്കി. ഇവിടെ ആക്ഷേപിച്ചു. സ്വകാര്യ മുതലാളിമാർക്ക് തീറെഴുതുന്ന വിദ്യാഭ്യാസ കച്ചവടം നടത്തി എന്ന്. അന്നുണ്ടായിരുന്ന സൗകര്യം ഒരു കുട്ടിക്കുപോലും നഷ്ടപ്പെടാതെ അതിന്റെ നാലിരട്ടി കുട്ടികൾക്ക് സർക്കാർ സ്കൂളുകളിലും സർക്കാർ കോളേജുകളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്ന് പഠിക്കാൻ കഴിയുന്നു. അതേ വ്യവസ്ഥയിൽ. സർക്കാർ മെഡിക്കൽ കോളേജുകളിലെ അതേ ഫീസിൽ അതേ വ്യവസ്ഥയിൽ, സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ അതേ ഫീസിൽ, അതേ വ്യവസ്ഥയിൽ നാലിരട്ടിയിൽ കൂടുതൽ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നു. ഇതിനെയാണ് എതിർത്ത് തകർക്കാൻ ശ്രമിക്കുന്നത്. ആർക്കുവേണ്ടി?

2/928/2012—14

LIBRARY ARCHIVES Kerala Legislative Assembly

പുറം സംസ്ഥാനങ്ങളിലുള്ള വിദ്യാഭ്യാസ കച്ചവടക്കാരുടെ താൽപര്യത്തിനു വേണ്ടിയല്ലേ? ഇന്നലെവരെ ഇവിടെ വിദ്യാഭ്യാസ സൗകര്യം ഉണ്ടാകുന്നതിന് തടസ്സം നിന്നിരുന്നവർ തന്നെയാണ് ഇപ്പോഴും ഈ തടസ്സം നിൽക്കുന്നത്. വികസനം എങ്ങനെ സാദ്ധ്യമാകും? വികസന പ്രവർത്തനവുമായി മുന്നോട്ടു വരുമ്പോൾ അതിന് തടസ്സങ്ങൾ സൃഷ്ടിക്കുകയാണ്. അപ്പുറത്തിരിക്കുന്നവർക്ക് കഴിയാഞ്ഞിട്ട് കാട്ടിക്കൂട്ടിയ കോലാഹലങ്ങൾ, ഈ ഗവൺമെന്റിനെ തകർക്കാൻ, അവസാനം ഈ ഗവൺമെന്റിനെ മുക്കിക്കൊല്ലാൻ നടത്തിയ നിഗൂഢമായ ശ്രമങ്ങൾ ഓർക്കണം. ഞാൻ കൂടുതൽ പോകുന്നില്ല. (.......ബഹളം........). ഇത്തരം ഉറഞ്ഞു തുള്ളലുകൾ ഉണ്ടാകുമെന്ന് എനിക്കറിയാം. അത് ഇത്രയുമേ ആയിട്ടുള്ളൂ എന്നതിൽ എനിക്ക് സന്തോഷമുണ്ട്. ജനജീവിതം ദുസ്സഹമായെന്ന് പറഞ്ഞു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അവസാനം എവിടെ എത്തി എന്നറിയാമോ? അന്നത്തെ മുഖ്യമന്ത്രിക്കും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിക്കും ഇസഡ് ഗ്രൂപ്പിൽപ്പെട്ട സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സുരക്ഷ നൽകി. കരിമ്പൂച്ചകളുടെ വലയം സൃഷ്ടിച്ച് അവർ ഒരു പബ്ലിക് മീറ്റിംഗിൽ പങ്കെടുക്കാൻ പോകുമ്പോൾ 15 വണ്ടി പോലീസും ഒരു പട്ടി വണ്ടിയും ഒരു ആംബുലൻസ് വാനുമായി നടക്കേണ്ട സ്ഥിതിയായിരുന്നു. ഗവൺമെന്റിന്റെ ചീഫ്, ഭരണത്തലവൻ, പാർട്ടിയുടെ ഭരണത്തലവൻ രണ്ടുപേർക്കും ഈ സംസ്ഥാനത്ത് നടക്കാൻ കഴിയാത്ത പരിതസ്ഥിതി, കരിമ്പൂച്ചകളുടെ വലയമില്ലാതെ വീട്ടിലും ഓഫീസിനും കഴിയാനാകാത്ത സ്ഥിതി. പുറത്തിറങ്ങി നടക്കാൻ 15 വണ്ടി പോലീസും, ഒരു പട്ടി വണ്ടിയും ആംബുലൻസും വേണ്ട സ്ഥിതി. അതായിരുന്നു അന്നത്തെ ഭരണം. ഇന്ന് ആ അവസ്ഥ ഇല്ല. (.......ബഹളം.........)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് റെസ്യൂം യുവർ സീറ്റ്.

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഞങ്ങളുടെ മുഖ്യമന്ത്രി നടക്കുന്നത് കാണണം. ഞങ്ങളുടെ പാർട്ടി ചീഫ് നടക്കുന്നത് കാണണം. അത് കണ്ട് മനസ്സിലാക്കാനുള്ള കഴിവ് അപ്പുറത്തിരിക്കുന്ന നിങ്ങൾക്ക് ഉണ്ടാകാതെ പോയതിൽ അത്ഭുതമാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ആ കാര്യം ഓർമ്മിപ്പിക്കാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ ഭരണഘടന എല്ലാപേരും അനുസരിക്കണം. ഭരണഘടനാനുസൃതമായി ജനങ്ങൾ തെരഞ്ഞെടുക്കുന്ന ജനങ്ങൾ അടങ്ങുന്ന പരമാധികാര സഭയാണിത്. ഈ സഭയാണ് ഭരണത്തിന്റെ പരമാധികാരസഭ. ഇതിലെ അംഗങ്ങളാണ് ഭരണത്തിന്റെ പരമാധികാരികൾ. അവരുടെ പരമാധികാരികൾ ജനങ്ങളാണ്. ജനങ്ങൾ അവരെ ഇങ്ങോട്ട് തെരഞ്ഞെടുത്തയച്ചിരിക്കുകയാണ്. ആരെ തെരഞ്ഞെടുക്കണം തെരഞ്ഞെടുക്കേണ്ട എന്ന് തീരുമാനിക്കുന്നത് ജനങ്ങളാണ്. ജനങ്ങൾ തെരഞ്ഞെടുക്കുന്നവരാണ് ഇവിടെ വരുന്നത്. ആ മാന്യത ഉണ്ടാകണം. ആ അംഗീകാരം ഉണ്ടാകണം. എം.എൽ.എ.-മാർ തെരഞ്ഞെടുക്കുന്നവരാണ് മന്ത്രിമാർ. മന്ത്രിമാർക്ക് അംഗീകാരവും മാന്യതയും ഉണ്ടാകണം. ഭരണഘടനാപരമായ അവകാശവും അംഗീകാരവും ഉണ്ടാകണം. ഇവരെല്ലാം രാഷ്ട്രീയക്കാരാണ്. ജനപ്രാതിനിധ്യം ഉൾക്കൊള്ളുന്ന ഏത് രാഷ്ട്രീയ പാർട്ടിയിലും സംഘടിക്കാനും പ്രവർത്തിക്കാനും തെരഞ്ഞെടുപ്പിൽ ജയിക്കാനും ഭരണത്തിൽ ഭൂരിപക്ഷം കിട്ടിയാൽ ഭരിക്കാനും ഭരണഘടന അനുമതി നൽകുന്നു. പാർട്ടി അടിസ്ഥാനത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

മൽസരിക്കുന്നത്. പാർട്ടി ചിഹ്നത്തിലാണ് മൽസരിക്കുന്നത്. അവരാണ് എം.എൽ.എ.-മാരാകുന്നത്. അവരിൽ നിന്നുമാണ് മന്ത്രിമാരാകുന്നത്. അവരുടെ ഭരണമാണ്. ഗവൺമെന്റിന്റെ നയമെന്താണ്? ജനങ്ങളുടെ മുമ്പാകെ രാഷ്ട്രീ പാർട്ടിക്കാർ വയ്ക്കുന്ന പ്രകടനപത്രിക അനുസരിച്ചാണ് ഗവൺമെന്റ് നയങ്ങളും പരിപാടികളും പദ്ധതികളും പ്രഖ്യാപിക്കുന്നത്. അത് നടപ്പിലാക്കുകയാണ് ഉദ്യോഗസ്ഥൻമാരുടെ ജോലി. ആ പ്രകടനപത്രികയിലെ നയങ്ങളും പദ്ധതികളും പരിപാടികളും ഗവൺമെന്റിന്റെ നയമായി മന്ത്രിസഭ തീരുമാനിക്കുകയും ഗവർണർ പ്രഖ്യാപിക്കുകയും ചെയ്യും. അതാണ് ഗവൺമെന്റിന്റെ നയം. ഭരിക്കുന്നത് രാഷ്ട്രീയക്കാരാണ്. പദ്ധതികളും പരിപാടികളും രാഷ്ട്രീയ പാർട്ടികളുടേതാണ് എന്ന വസ്തുത അറിയണം. ഇതാണ് ജനാധിപത്യം. ആ ജനാധിപത്യത്തെ അംഗീകരിക്കണം. ഉദ്യോഗസ്ഥന്മാർ ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നവർ മാത്രമാണ്. അവർ വേതനം പറ്റി സേവനം ചെയ്യുന്നവർ മാത്രമാണ്. അവർക്ക് വേതനം നൽകുന്നത് ഈ രാജ്യത്തെ ജനങ്ങളാണ്. അവരുടെ നികുതിപ്പണത്തിൽ നിന്നുമാണ്. അവരാണ് യജമാനൻമാർ. അവരാണ് എം.എൽ.എ.-മാരുടേയും മന്ത്രിമാരുടേയും ഉദ്യോഗസ്ഥന്മാരുടേയും യജമാനൻമാർ അത് ജനങ്ങളാണെന്ന ഓർമ്മ വേണം. അവരുടെ താൽപര്യം സംരക്ഷിക്കാതെ പോകാൻ സാദ്ധ്യമല്ല. അവർക്ക് നൽകേണ്ട അംഗീകാരം നൽകാതിരിക്കാൻ സാദ്ധ്യമല്ല. അവരെ ഉൾക്കൊള്ളേണ്ട രീതിയിൽ ഉൾക്കൊള്ളാതിരിക്കാൻ സാദ്ധ്യമല്ല. ഇവരെല്ലാം രാഷ്ട്രീയക്കാരാണെങ്കിൽ എന്തിനാണ് ഈ എം.എൽ.എ.-മാർക്ക് ഭ്രഷ്ട് കൽപ്പിക്കുന്നത്? അത് ഭരണഘടനാ വിരുദ്ധമാണ്. രാഷ്ട്രീയമായ ഭ്രഷ്ട് ഭരണഘടനാ വിരുദ്ധമാണ്. രാഷ്ട്രീയമായ അംഗീകാരം ഭരണഘടനാപരമാണ്. ജനാധിപത്യത്തിന്റെ മാർഗ്ഗമാണ്. ജനാധിപത്യത്തിന്റെ ഇംപ്ലിമെന്റേഷനാണ്. രാഷ്ട്രീയ പാർട്ടികളുടെ കൂട്ടായ്മ, അതിന്റെ ഉത്തരവാദിത്വം. ആ വസ്തുത എല്ലാപേരും അംഗീകരിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻമാർ തീർച്ചയായും സർക്കാരിന്റെ തീരുമാനങ്ങൾ പൂർണ്ണമായും അനുസരിച്ചുകൊണ്ട് സർക്കാരിന്റെ നയങ്ങളും നടപടികളും നടപ്പിലാക്കാൻ ബദ്ധശ്രദ്ധരാകേണ്ടതാണ്. അതിന് ഉദ്യോഗസ്ഥൻമാർ സംതൃപ്തരായിരിക്കണം. എല്ലാ ഉദ്യോഗസ്ഥൻമാരുടേയും പ്രശ്നങ്ങൾ ഗവൺമെന്റ് പഠിച്ച് പരിഹാരം ഉണ്ടാക്കണം. സംതൃപ്തമായ ഒരു ഉദ്യോഗസ്ഥവൃന്ദത്തെ കേരളത്തിൽ ഉണ്ടാക്കിയെടുക്കണം. എന്നാൽ മാത്രമേ ഈ പരിപാടികൾ പ്രാവർത്തികമാക്കാൻ കഴിയൂ. അഴിമതി എല്ലാ തലങ്ങളിലും നിറഞ്ഞു നിൽക്കുന്നു. ഇവിടെ ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു, ഗുണ്ടകൾ രാഷ്ട്രീയ പാർട്ടിയിലാണെന്ന്. ശരിയാണ്. രാഷ്ട്രീയ പാർട്ടികളിലുണ്ട്. ആരും നല്ല പിള്ള ചമയേണ്ട. എല്ലാ രാഷ്ട്രീയ പാർട്ടിയിലുമുണ്ട്. ഗുണ്ടകളെ സംരക്ഷിക്കുന്ന സ്ഥിതി എല്ലാ രാഷ്ട്രീയ പാർട്ടിയിലുമുണ്ട്. ഒരു പാർട്ടിയും അതിൽനിന്നും വ്യത്യസ്തമല്ല. അതിന്റെ കണക്ക് പരിശോധിച്ചാൽ നമുക്ക് കണ്ടെത്താൻ കഴിയും. അതിനേക്കാൾ കൂടുതൽ ഗുണ്ടകളെ പോലീസുകാർ വളർത്തുന്നു. പോലീസുകാർ സംരക്ഷിക്കുന്ന ഗുണ്ടകളുണ്ട്. നിവൃത്തിയില്ലാതെ വരുമ്പോൾ അറസ്റ്റ് ചെയ്യുകയും വി.ഐ.പി. ട്രീറ്റ്മെന്റ് നൽകുകയും ജയിലിൽ പോകേണ്ടി വന്നാൽ അവിടെ വി.ഐ.പി. താമസ സൗകര്യങ്ങൾ നൽകുകയും ചെയ്ത് പോലീസുകാർ സംരക്ഷിക്കുന്ന ഗുണ്ടകൾ ഈ രാജ്യത്തുണ്ടെന്ന കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടികളുടേതായാലും ഏത് സമൂഹത്തിൽ നിന്നുള്ളതായാലും പോലീസിന്റേതായാലും മറ്റ് വല്ല ഉദ്യോഗസ്ഥൻമാരുടേതായാലും ആരുടേതായാലും ഗുണ്ടായിസം ഈ രാജ്യത്ത് പൂർണ്ണമായി അവസാനിപ്പിക്കണം. അത് പൂർണ്ണമായി അവസാനിപ്പിക്കാൻ കർശനമായ നടപടി സ്വീകരിച്ചാലല്ലാതെ, അവരെ നിയന്ത്രിച്ചാലല്ലാതെ..............................(മൈക്ക് ഓഫ്)................................

Mr. Deputy Speaker: Please conclude..........Please............

ശ്രീ. ടി. എച്ച്. മുസ്തഫ: കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ കഴിയും. അതിനുള്ള സത്വരമായ നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പ്രശസ്തമായ പലതും നടത്തിയ ഈ ഗവൺമെന്റിനെ തെറ്റിദ്ധരിച്ചുണ്ടായ ഈ ജനവിധി മാനിച്ചുകൊണ്ട്, ആ ജനവിധി തിരുത്താൻ ജനങ്ങളുടെ പ്രീതി നേടാൻ കഴിയുന്ന തീവ്രപരിപാടികളുമായി അതിശീഘ്രം മുന്നോട്ട് പോകാൻ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഈ ഭരണകൂടത്തിന് കഴിയണമെന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഒരു വാക്ക് പ്രതിപക്ഷത്തോട് പറയുന്നു, ഈ രാജ്യത്ത് ദ്വന്ദ്വയുദ്ധം നടത്തിയിരുന്ന നമ്മൾ ഇന്ന് കേന്ദ്രത്തിൽ ഭരണകക്ഷികളാണ്. ഇവിടെ ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരിക്കുമ്പോൾ കേന്ദ്രത്തിൽ നമ്മളെല്ലാം ഭരണകക്ഷികളാണ്. കേന്ദ്ര ഭരണകൂടം സൃഷ്ടിക്കുന്നതിൽ ഏറ്റവും കൂടുതൽ ആളുകളെ അയച്ചിട്ടുള്ളത് പ്രതിപക്ഷത്ത് നിന്നാണ്. കാലത്തിന്റെ ചുവരെഴുത്ത് വായിച്ച് ജനങ്ങൾ നൽകിയ ചൂണ്ടുപലക................(മൈക്ക് ഓഫ്)..................

Mr. Deputy Speaker: Please ....Please............

ശ്രീ. ടി. എച്ച്. മുസ്തഫ: ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, 2004-05-ലെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. വളരെ നിർണ്ണായകമായ ഒരു ഘട്ടത്തിലാണ് ഈ സഭ ചേരുന്നത്. ഇൻഡ്യയിൽ ഒരു ശക്തമായ രാഷ്ട്രീയ മാറ്റമുണ്ടായി. ഈ സഭയിലെ എല്ലാ പാർട്ടികളും ആഗ്രഹിച്ച രാഷ്ട്രീയ മാറ്റമാണ് കേന്ദ്രത്തിലുണ്ടായത്. വർഗ്ഗീയതയ്ക്കെതിരെയുള്ള ജനമുന്നേറ്റമാണ് ഇൻഡ്യയിൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. യു.പി. അടക്കമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ന്യൂനപക്ഷങ്ങൾ പ്രത്യേകമായ വോട്ടിംഗ് തന്ത്രം ഉപയോഗിച്ചതുകൊണ്ടും മതേതര ശക്തികൾക്ക് വോട്ട് ചെയ്യാൻ മുന്നോട്ട് വന്നതുകൊണ്ടുമാണ് ഇൻഡ്യാ രാജ്യത്ത് നിന്ന് ഏറ്റവും വലിയ വർഗ്ഗീയ ശക്തികളെ അധികാരത്തിന്റെ സോപാനത്തിൽ നിന്ന് പിടിച്ചിറക്കാൻ നമുക്ക് കഴിഞ്ഞത്. അതിന്റെ സന്തോഷം ഇൻഡ്യയിലെ മുഴുവൻ ജനങ്ങളിലും ആഞ്ഞടിക്കുകയാണ്. 1947 മുതൽ 1977 വരെ കോൺഗ്രസിന്റെ അധികാര കുത്തക അവസാനിപ്പിക്കാൻ നീണ്ട സമരം ചെയ്ത ആളുകൾ ഇന്ന് കേന്ദ്രത്തിൽ തങ്ങളുടെ നയങ്ങളിൽ വന്ന വ്യതിയാനവും കാലത്തിന്റെ മാറ്റവും അനുസരിച്ചുകൊണ്ട് കോൺഗ്രസ് ഗവൺമെന്റിനെ പിൻതുണയ്ക്കുന്ന, ഒരു മതേതര ഗവൺമെന്റിനെ പിൻതുണയ്ക്കുന്ന കാഴ്ചയാണ് രാജ്യത്ത് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഏതായാലും ഈ ദിശാബോധത്തിലുള്ള എൽ.ഡി.എഫ്. കക്ഷികളുടെ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റം തികച്ചും സ്വാഗതാർഹമാണ്. മാത്രമല്ല അധികാരത്തിന്റെ കോട്ട കൊത്തളങ്ങളിലേയ്ക്ക് ചെന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് സി.പി.എം.-ന്റെ ബഹുമാന്യനായ നേതാവ് ഇന്ത്യയുടെ സ്പീക്കറായ കഥ. അതൊക്കെ ഈ രാജ്യത്ത് വന്ന ഗുണപരമായ മാറ്റമാണ്. ആ മാറ്റം ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തെ ജനങ്ങൾക്ക് കൂടുതൽ സേവനം ചെയ്യാനും അക്രമ സമരങ്ങളിൽ നിന്ന് പിൻമാറാനും ഇൻഡ്യയിൽ മാർക്സിസ്റ്റ് പാർട്ടിയടക്കമുളള കക്ഷികൾ മുന്നോട്ട് വരേണ്ട ഒരു സാഹചര്യമാണിത്. ഏതായാലും ഈ സമയത്ത് പല സംസ്ഥാനങ്ങളിൽ—ആന്ധ്രായിൽ, കേരളത്തിൽ, പഞ്ചാബിലൊക്കെ—നടന്ന വിധിയെഴുത്ത് അതാത് സംസ്ഥാനങ്ങളിലെ ഭരണകക്ഷികൾക്കെതിരായിരുന്നു. 3,235 കോടി രൂപയാണ് നായിഡു വൈദ്യുതി സബ്സിഡി നൽകിയത്. 1,161 കോടി രൂപയാണ് കടാശ്വാസം നൽകിയത്. ഒരു കോടി രൂപയുടെ പുകയില എസ്.റ്റി.സി.യെ കൊണ്ട് ശേഖരിപ്പിച്ചു. പക്ഷേ അവിടെ തെരഞ്ഞെടുപ്പ് വന്നപ്പോൾ അദ്ദേഹത്തിന്റെ ഗവൺമെന്റിനെതിരായ വിധിയായി. തമിഴ്നാട്ടിൽ ജയലളിത തേയിലയ്ക്ക് വില ഇടിഞ്ഞപ്പോൾ 5 രൂപയ്ക്ക് ഒരു കിലോ കൊളുന്ത് ശേഖരിച്ചു. 2500 കോടി രൂപ കർഷകർക്ക് നൽകി. പലിശ ഇളവ് 310 കോടി രൂപ നൽകി. എന്നിട്ടും അവർ തോറ്റു. പഞ്ചാബിലെ ഗവൺമെന്റ് എല്ലാവർക്കും വെള്ളവും വെളിച്ചവും നൽകി. 700 കോടി രൂപയുടെ പ്രത്യേക പാക്കേജാണ് പഞ്ചാബിലെ ഗവൺമെന്റ് ഉണ്ടാക്കിയത്. എന്നിട്ടും ആ ഗവൺമെന്റ് തോറ്റു. കേരളത്തിലാണെങ്കിൽ 18,000 സീറ്റുകളാണ് പ്രൊഫഷണൽ മേഖലയിൽ കേരളത്തിലെ ഗവൺമെന്റ് ഉണ്ടാക്കിയത്. കൺസ്ട്രക്ഷൻ മേഖലയിൽ അനിയന്ത്രിതമായ വർദ്ധനവുണ്ടായി. സാധാരണക്കാരായ തൊഴിലാളികൾക്ക് ജോലിയുണ്ടായി. 7.2 ശതമാനമാണ് കേരളത്തിന്റെ സാമ്പത്തിക വളർച്ച കഴിഞ്ഞ മൂന്ന് വർഷത്തിനുളളിലുണ്ടായത്. എന്നിട്ടും നമ്മൾ തോറ്റു. ഇതിനൊക്കെ കാരണങ്ങൾ പലതാണ്. ഈ കാരണങ്ങൾ പഠിച്ചുകൊണ്ട്, തെറ്റുകൾ തിരുത്തി മുന്നോട്ട് പോയാൽ തീർച്ചയായും യു.ഡി.എഫ്.-ന് കേരളത്തിൽ വീണ്ടും തിരിച്ചുവരാൻ കഴിയുമെന്ന കാര്യത്തിൽ ഞങ്ങളെപ്പോലുളളവർക്ക് സംശയമില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ദൗർഭാഗ്യകരമായ കാര്യങ്ങളാണ് പല പത്ര റിപ്പോർട്ടുകളിലും വരുന്നത്. കേരളത്തിൽ ആത്മഹത്യ വർദ്ധിക്കുന്നു; എന്താണ് ആത്മഹത്യയ്ക്കുളള കാരണം? വെറും സാമ്പത്തിക പ്രയാസമാണോ? മറ്റു ചില കാരണങ്ങളുമുണ്ട്. കേരളീയ സമൂഹത്തിൽ അമിതമായ മദ്യപാനശീലം വളർന്നുകൊണ്ടിരിക്കുകയാണ്. 2003 ഡിസംബർ മാസം 31-ാം തീയതി കേരളത്തിലെ ബാറുകളിൽ പുതുവർഷ പുലരിയിൽ വിറ്റഴിച്ച മദ്യത്തിന്റെ വില 14 കോടി രൂപയാണ്. മദ്യപാനം അമിതമായി വീടുകളിൽ കുഴപ്പങ്ങളുണ്ടാക്കുന്നു. സ്ത്രീകളുടെയിടയിൽ നടക്കുന്ന ആത്മഹത്യകളിൽ 20 ശതമാനവും മദ്യപാനം കൊണ്ടാണ്. അതുകൊണ്ടുതന്നെ മദ്യപാനത്തിന്റെ ദൂഷ്യങ്ങൾ കേരളീയ സമൂഹത്തിൽ ഇല്ലാതാക്കാനുളള അടിയന്തിര നടപടികൾ ഉണ്ടായിട്ടില്ലെങ്കിൽ ഏറ്റവും കൂടുതൽ മദ്യപാനികളുളള സ്റ്റേറ്റായ കേരളം വീണ്ടും ഒരു മദ്യശാലയായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് എത്ര റവന്യൂ വരുമാനമുണ്ടായാലും മദ്യത്തിന്റെ അമിതമായ ഉപയോഗം തടയാൻ സാധിച്ചില്ലെങ്കിൽ ഇനിയും വാഹനാപകടങ്ങൾ, ആത്മഹത്യകൾ, കൊലപാതകങ്ങൾ എന്നിവ പെരുകും. അതുകൊണ്ടുതന്നെ മദ്യത്തിനെതിരായിട്ടുളള ശക്തമായ മൂവ്മെന്റുമായി കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റ് മുന്നോട്ട് പോകണം.

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി മേഖലകൾ മുഴുവൻ കള്ളുവാറ്റുകേന്ദ്രങ്ങളായി. അവിടെ ചില മേഖലകളിൽ മദ്യനിരോധനം കൊണ്ടുവന്നു. പക്ഷേ അവിടെ ചാരായ വാറ്റ് കുടിൽ വ്യവസായമായി മാറുകയാണ്. അത് നിയന്ത്രിക്കാൻ ഗവൺമെന്റ് സത്വരമായ നടപടികളെടുത്തേ തീരൂ. കേരളത്തിലെ ഹൈവേകളിൽ കാർ യാത്രക്കാരെ പരിശോധിക്കാൻ ഹൈവേ പോലീസുണ്ട്. ഹൈവേ പോലീസിന്റെ ഭാഗത്തുനിന്ന് പിടിച്ചുപറി ഉണ്ടായിട്ടുണ്ടെന്ന് പത്ര റിപ്പോർട്ട് ഉണ്ടായിട്ടുണ്ട്. ഈ കാര്യത്തെക്കുറിച്ചും ഗവൺമെന്റ് കാര്യമായി പരിശോധിക്കണം. ടൂവീലർ യാത്രക്കാരെ അമിതമായി പോലീസ് പീഡിപ്പിക്കുന്നുവെന്ന പരാതിയും ഉണ്ടായിട്ടുണ്ട്. കേരളം കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ഒന്നാമതായി അനുദിനം വളർന്നുവരുന്നു. അതുപോലെ മാഫിയ, ഗുണ്ടാസംഘങ്ങളെക്കുറിച്ചുള്ള പത്രവാർത്ത വരുന്നു. ഇന്ന് തൃശ്ശൂരിൽ അതിനെതിരായി ആക്ഷൻ കൗൺസിലുണ്ടാക്കി എന്ന് പത്രത്തിലൂടെ അറിയാൻ കഴിഞ്ഞു. ഏതായാലും ഈ നിലയിലുള്ള ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകണം. മുഖം നോക്കാതെ ഈ രാജ്യത്തെ ഗുണ്ടാ മാഫിയ സംഘങ്ങൾക്കെതിരായി നടപടി സ്വീകരിക്കണം. അമിതമായ രീതിയിൽ കേരളത്തിലെ പാവങ്ങളിൽ നിന്നും കർഷകരിൽ നിന്നും പലിശ ഈടാക്കി വളരുന്ന ബ്ലെയ്ഡ് മാഫിയയ്ക്കെതിരായി ശക്തമായ നടപടി കേരളത്തിലെ ഗവൺമെന്റ് എടുത്തേപറ്റൂ. എന്നാൽ മാത്രമേ നമ്മെ സംബന്ധിച്ചിടത്തോളം നമുക്ക് നഷ്ടപ്പെട്ട ജനവിശ്വാസം വീണ്ടെടുക്കാൻ കഴിയൂ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പോലീസുകാരെ സംബന്ധിച്ചിടത്തോളം അവർക്കും പ്രശ്നങ്ങളുണ്ട്. അവരുടെ ഒരുപാട് പ്രശ്നങ്ങൾ അനുഭാവപൂർവ്വം കൈകാര്യം ചെയ്ത ഗവൺമെന്റാണ് കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റ്. അവരുടെ ജോലി സമയം എട്ടു മണിക്കൂറായി നിജപ്പെടുത്തണം. 14 മണിക്കൂറുമൊക്കെ ജോലി ചെയ്യുന്ന അവസ്ഥ കേരളത്തിലുണ്ട്. എട്ട് മണിക്കൂറായി അവരുടെ ജോലി സമയം നിജപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് ശക്തമായ തീരുമാനമെടുക്കണം. വനിതാ പോലീസിനെ നിർബന്ധമായും നൈറ്റ്

11.00 a.m.] പട്രോൾ ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കാൻ ഗവൺമെന്റ് മുന്നോട്ട് വരണം. ഗർഭിണികളായ വനിതാ പോലീസുകാർക്ക് യൂണിഫോം നിർബന്ധമാക്കരുത്. അതിനുള്ള ഉത്തരവ് ഗവൺമെന്റ് നൽകണം. ഇന്നും സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകളുണ്ട്. ഫർണിച്ചർ ഇല്ലാത്ത പോലീസ് സ്റ്റേഷനുകളുണ്ട്. എന്റെ ജില്ലയിലെ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ല. മംഗലം ഡാം പോലീസ് സ്റ്റേഷനും സ്വന്തമായി കെട്ടിടമില്ല. ഇതുപോലെ നിരവധി പോലീസ് സ്റ്റേഷനുകൾ കേരളത്തിലുണ്ട്. അവയ്ക്ക് കെട്ടിടമുണ്ടാക്കണം. മണ്ണാർക്കാട് പോലീസ് സ്റ്റേഷനും, പട്ടാമ്പി പോലീസ് സ്റ്റേഷനും വിഭജിക്കണം. മാന്യമായ പെരുമാറ്റം പോലീസിനുണ്ടാകാൻ റിസപ്ഷൻ കൗണ്ടറുകളുടെ പ്രവർത്തനം കാര്യക്ഷമമായി നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ ഉണ്ടാക്കണം. ട്രാഫിക് പോലീസിനെ മറ്റ് ഡ്യൂട്ടികൾക്ക് നിയോഗിക്കാറുണ്ട്. പലപ്പോഴും അത് ട്രാഫിക് ജാമിന് കാരണമാകുന്നു. വാഹനങ്ങളുടെ സുഗമമായ പ്രയാണത്തിന് അത് തടസ്സം നിൽക്കുന്നു. അതില്ലാതാക്കണം. പോലീസുകാരുടെ ക്വാർട്ടേഴ്സുകൾ പലതും ചോർന്നൊലിക്കുകയാണ്. അതുകൊണ്ട് പോലീസ് ക്വാർട്ടേഴ്സുകൾക്ക് അറ്റകുറ്റപ്പണി നടത്താൻ നിർബന്ധമായും നടപടിയെടുക്കണം. പോലീസിനെ സംബന്ധിച്ചിടത്തോളം നിരവധി എയ്ഡ് പോസ്റ്റുകളുണ്ട്. അവയെ പോലീസ് സ്റ്റേഷനുകളായി ഉയർത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷനുകൾ ഉണ്ടാക്കണം. പുതൂർ എന്ന കേരളത്തിലെ ട്രൈബൽ പഞ്ചായത്തിൽ പോലീസ് സ്റ്റേഷനില്ല. അവിടെ പോലീസ് സ്റ്റേഷനുണ്ടാക്കണം. ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാരുള്ള കഞ്ചാവ് മാഫിയായുടെ വിഹാരരംഗമായ പ്രദേശമാണ് പുതൂർ. അവിടെ ഒരു പോലീസ് സ്റ്റേഷൻ ഉണ്ടാക്കണം. ലോക്കൽ പോലീസുകാരുടെ മുഴുവൻ ഒഴിവുകളും ഈ ഗവൺമെന്റ് നികത്തിയെന്നറിയാൻ കഴിഞ്ഞു. അതിന് ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ഒരുപാട് കാര്യങ്ങളുമായി ഈ ഗവൺമെന്റ് ഇനിയും മുന്നോട്ട് പോകണം. കാരണം ഇവിടെ കിളളി പോലെയുള്ള സംഭവങ്ങൾ ഉണ്ടായി. മനുഷ്യന് ഭ്രാന്ത് പിടിച്ചാൽ നമ്മൾ ചങ്ങലയ്ക്കിടും. ചങ്ങലയ്ക്ക് ഭ്രാന്തുപിടിച്ചാൽ എന്തുചെയ്യും? കിള്ളിയിൽ ചങ്ങലയ്ക്കാണ് ഭ്രാന്തുപിടിച്ചത്. ആ ചങ്ങലയുടെ ഭ്രാന്ത് നമ്മുടെ ഗവൺമെന്റിനെതിരായി യു.ഡി.എഫ്.-ന് എതിരായി ന്യൂനപക്ഷങ്ങളിൽ വിരുദ്ധമായ വികാരമുണ്ടാക്കി. ആ വിരുദ്ധ വികാരം പലസ്ഥലങ്ങളിലും വോട്ടായി നമ്മുടെ ഗവൺമെന്റിന്റെ ദേഹത്തേയ്ക്ക് പതിച്ചു. അതുകൊണ്ടുതന്നെ കിള്ളിയിൽ ഭ്രാന്ത് പിടിച്ച ചങ്ങലകളെ നിലയ്ക്ക് നിർത്താൻ സർക്കാർ അടിയന്തിരമായ നടപടിയെടുക്കണം. നിയമവാഴ്ച നമ്മുടെ സമൂഹത്തിന്റെ അവിഭാജ്യമായ ഘടകമാണ്. അതുപോലെതന്നെ അവിഭാജ്യമായ ഘടകമാണ് സാമൂഹിക നീതി. തമിഴ്നാട്ടിൽ ശ്രീമതി ജയലളിത 68 ശതമാനം സംവരണമാണ് കൊടുത്തത്. അവിടെ ഡി.എം.കെ.-യേയും എ.ഡി.എം.കെ.-യേയും ഒരു മേശക്കുചുറ്റുമിരുത്തി ഒരു പൊളിറ്റിക്കൽ സമവായം ഉണ്ടാക്കി അവിടെ 68 ശതമാനം സംവരണം കൊടുക്കാൻ കഴിഞ്ഞാൽ എന്തുകൊണ്ട് കേരളത്തിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിക്കൂടാ? ഈ കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് മുന്നോട്ട് വരണം. അതുപോലെ നരേന്ദ്രൻ കമ്മീഷന്റെ കാര്യത്തിലുള്ള വിട്ടുവീഴ്ച ന്യൂനപക്ഷങ്ങളിൽ നമ്മുടെ ഗവൺമെന്റിനെതിരായി ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ജനപ്രതിനിധികൾ, (എം.എൽ.എ.-മാർ) പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വിളിച്ചാൽ എസ്.ഐ. ഇല്ല, എച്ച്.സി. ഇല്ല, സി.ഐ. ഇല്ല എന്ന മറുപടിയാണ് ചിലയിടത്തൊക്കെ കേൾക്കാൻ കഴിയുന്നത്. ഒരു എം.എൽ.എ. പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചാൽ മാന്യമായി പോലീസ് സ്റ്റേഷനിലെ എസ്.ഐ. തിരിച്ച് എം.എൽ.എ. എവിടെയാണെങ്കിലും മൊബൈൽ ഫോണിലോ ലാന്റ് ഫോണിലോ വിളിക്കുന്ന സംവിധാനം ഉണ്ടാക്കാൻ കഴിയണം. മദ്യപിച്ച് ഡ്യൂട്ടിയിലിരിക്കുന്ന പോലീസുകാരുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അത്തരം പോലീസുകാരെ സർവ്വീസിൽ നിലയ്ക്ക് നിർത്താനുള്ള നടപടികൂടി ഉണ്ടാക്കണം. കൂടുതൽ ജനസാന്ദ്രതയുള്ള (മൂന്ന് ലക്ഷത്തിനടുത്ത് ജനങ്ങളുള്ള) എന്റെ നിയോജകമണ്ഡലത്തിന്റെ കേന്ദ്രമായ മണ്ണാർക്കാട് ഒരു കുടുംബ കോടതി സ്ഥാപിക്കണം. ഫാസ്റ്റ് ട്രാക്ക് കോടതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തണം. അതിന്റെ തടസ്സങ്ങൾ നീക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, നീതിന്യായ നിർവ്വഹണം, പോലീസ്, ജയിലുകൾ എന്നീ വകുപ്പുകൾക്ക് വേണ്ടി ഇവിടെ അവതരിപ്പിച്ച മൂന്നാം നമ്പർ, പന്ത്രണ്ടാം നമ്പർ, പതിമൂന്നാം നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. സർ, അധരവിപ്ലവത്തിന്റെ കപടനാട്യങ്ങളും വർഗ്ഗീയവൽക്കരണ വാസനകളുടെ അവസാനിക്കാത്ത ആവേശവും ഗീബൽസ്യൻ സിദ്ധാന്തങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അസാധാരണമായ പ്രയോഗവും വികസന വിരോധവും അപവാദ പ്രചരണങ്ങളും കൂടിയാട്ടം നടത്തി ഇടതുമുന്നണി ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഒരു വിജയം നേടി. അതിന്റെയെല്ലാം പൊടിപടലങ്ങൾ കെട്ടടങ്ങി കഴിഞ്ഞിരിക്കുകയാണ്. കോൺഗ്രസിനും യു.ഡി.എഫിനും ചില വീഴ്ചകൾ സംഭവിച്ചിരുന്നു. ആ തെറ്റുകൾ തിരിച്ചറിഞ്ഞ് തിരുത്തി മുന്നോട്ട് പോകുവാൻ കോൺഗ്രസ് പാർട്ടിയും യു.ഡി.എഫ്. സർക്കാരും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരള രാഷ്ട്രീയം ഇന്ന് ഒരു വഴിത്തിരിവിലാണ്. കേരളം എങ്ങോട്ട്! കേരള രാഷ്ട്രീയം എങ്ങോട്ട് എന്ന ചോദ്യത്തിന് വളരെ പ്രസക്തി വന്നിരിക്കുന്നു. കേരളത്തിൽ ഒരംഗത്തെപ്പോലും ലോക്സഭയിലേയ്ക്ക് അയക്കാൻ കോൺഗ്രസിന് കഴിഞ്ഞില്ല എന്നുള്ളത് വേദനാജനകമാണ്. പക്ഷേ അതിനെക്കാൾ എത്രയോ ആഴത്തിൽ നൊമ്പരപെടുത്തുന്ന മറ്റ് പല പ്രശ്നങ്ങളും! സർ, തികച്ചും രാഷ്ട്രീയ പോരാട്ടം നടന്നുകൊണ്ടിരുന്ന ആലപ്പുഴ മണ്ഡലത്തെപ്പോലെയുള്ള ഒരു മണ്ഡലത്തിൽ പ്പോലും എന്താണ് സംഭവിച്ചത്? പേരും ഇനിഷ്യലും അനുകരിച്ച് മിമിക്രി സ്ഥാനാർത്ഥികളെ നിർത്തി അവിടുത്തെ വിജയം തട്ടിപ്പറിച്ചില്ലേ? അതല്ലേ അവിടെ നടന്നത്. അത് നിങ്ങളുടെ ഒരു അത്യാഗ്രഹമെന്നു വിചാരിച്ച് ക്ഷമിക്കാം. പക്ഷേ മ്ലേച്ഛമായ ജാതി രാഷ്ട്രീയത്തിന്റെ വിഷക്കാറ്റ് അഴിച്ചുവിട്ടതിനെ എങ്ങനെ ന്യായീകരിക്കാൻ സാധിക്കും? അങ്ങനെ ചില സീറ്റുകൾ നേടാൻ സി.പി.എം. തൽക്കാലം വിജയിച്ചു. നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്.—"നാണം കെട്ടും പണം നേടിടുകിൽ നാണക്കേട് ആ പണം തീർത്തിടു"മെന്ന്, സി.പി.എം. അത് ഇങ്ങനെ മാറ്റി നാണംകെട്ടും സീറ്റ് നേടിക്കൊണ്ടാൽ നാണക്കേട് ആ സീറ്റ് മാറ്റിക്കൊള്ളും എന്നാണ് ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയും സി.പി.എം.-ഉം ഈ തെരഞ്ഞെടുപ്പ് വഴി തെളിയിച്ചിരിക്കുന്നത്. അതാണ് സഖാക്കളുടെ പുതിയ വിശ്വാസം. നിങ്ങളുടെ വിശ്വാസം നിങ്ങളെ പൊറുപ്പിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. ഉത്തരേന്ത്യയിലെ ജാതിരാഷ്ട്രീയത്തിന്റെ വിഷക്കാറ്റ് കേരളത്തിലെ സംശുദ്ധ അന്തരീക്ഷത്തിൽ തുറന്നു വിട്ടിരിക്കുകയാണ്. കേരളത്തിലെ തെരഞ്ഞെടുപ്പ് രംഗത്തെ യു.പി.—ബിഹാർ മോഡലിലേയ്ക്ക് നിങ്ങൾ തരംതാഴ്ത്തി. ശ്രീ. ആനന്ദിന്റെ പ്രസിദ്ധമായ ഒരു നോവലുണ്ട്. വയലാർ അവാർഡ് നേടിയ "മരുഭൂമികൾ ഉണ്ടാകുന്നത് എങ്ങനെ". അതുപോലെ കേരള രാഷ്ട്രീയത്തിൽ മൂല്യത്തകർച്ചയുടെ മരുഭൂമി ഉണ്ടാക്കുന്നത് എങ്ങനെ എന്ന് ഈ തെരഞ്ഞെടുപ്പ് വേളയിൽ മാത്രമല്ല നിരന്തരം സി.പി.എം. നമുക്ക് കാണിച്ചു തന്നുകൊണ്ടിരിക്കുകയാണ്. അതാണ് വാസ്തവം. അതുപോലെ തന്നെ ശ്രീ.പിണറായി വിജയൻ ഇപ്പോൾ ഒരു പ്രസ്താവന നടത്തി. സഖാവ് പിണറായി വിജയന്റെ പ്രസ്താവന എന്തായിരുന്നു? ശ്രീ. പിണറായി വിജയൻ പറഞ്ഞത് "കേരള രാഷ്ട്രീയത്തിൽ ക്രിമിനലുകളെ പോലീസിന് ഒതുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ആ പണി ഞങ്ങൾ ഏറ്റെടുക്കാൻ പോവുകയാണ്" എന്ന്. എനിക്ക് ഇതു കേട്ടപ്പോൾ ഒരു കഥയാണ് ഓർമ്മവന്നത്. ഒരു അച്ഛനെയും അമ്മയേയും ക്രൂരമായി കശാപ്പ് ചെയ്ത ഒരു കശ്മലൻ കോടതിയിൽ അയാൾക്കെതിരെ വിധിവരാൻ നേരത്ത് ബഹുമാനപ്പെട്ട കോടതി എന്തെങ്കിലും അവസാനമായി പറയാനുണ്ടോ എന്ന് ചോദിച്ചപ്പോൾ, ഈ കശ്മലൻ പറയുകയാണ്—ഞാൻ അനാഥനാണ്. അച്ഛനും അമ്മയും നഷ്ടപ്പെട്ട ഒരു അനാഥനാണ്, എന്റെമേൽ ദയവുണ്ടായി എന്നെ വെറുതെ വിടണം—എന്ന്. അതുപോലെയാണ് സഖാവ് പിണറായി വിജയൻ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ രംഗത്തെയും ക്യാംപസ് രാഷ്ട്രീയത്തെയും ക്രിമിനലൈസ് ചെയ്തതിനു ശേഷം കേരളത്തിലെ സാമൂഹിക അന്തരീക്ഷത്തെ മുഴുവൻ ക്രിമിനലൈസ് ചെയ്തുകൊണ്ടിരിക്കുന്നു. മാർക്സിസ്റ്റു പാർട്ടിയുടെ സംസ്ഥാനത്തെ ഏറ്റവും മുഖ്യനായ നേതാവാണ് പറയുന്നത്. ഇത് വേശ്യയുടെ ചാരിത്ര്യ പ്രസംഗമല്ലേ? അതുപോലെ ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ എന്തായിരുന്നു കേരളത്തിലെ അന്തരീക്ഷം? ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ കേരളത്തിൽ ക്രമസമാധാന നില പൂർണ്ണമായി തകർന്നിരുന്നു. മലബാറിലെ പടന്ന മുതൽ നാദാപുരം വരെയുള്ള പ്രദേശങ്ങൾ ഭീതിയുടെ നിഴലിലായിരുന്നില്ലേ? പുറത്തിറങ്ങി നടക്കാൻ പോലും സാധാരണക്കാർക്ക് കഴിയാത്ത അവസ്ഥ ആയിരുന്നില്ലേ? ഇന്ന് രാഷ്ട്രീയ എതിരാളികളെ കൊന്നൊടുക്കുന്ന കാലാവസ്ഥയ്ക്ക് അന്ത്യം കുറിച്ചുകൊണ്ട് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരം ഏറ്റെടുത്തതുമുതൽ ഈ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധമായ ചുമതല എന്താണെന്നു വച്ചാൽ മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നതാണ്. ആ പ്രതിജ്ഞാബദ്ധമായ ചുമതല ഏറ്റെടുത്തുകൊണ്ട് ഇന്ന് പടന്ന മുതൽ നാദാപുരംവരെ യുള്ള പ്രദേശങ്ങളിൽ സംജാതമായ സമാധാന അന്തരീക്ഷത്തെ ഇടതുപക്ഷ എം.എൽ.എ.-മാർ പോലും പ്രശംസിച്ചില്ലേ? നിരവധി തവണ പ്രശംസിച്ചില്ലേ? ഇന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന് ട്രെയിനിൽ ഒറ്റയ്ക്ക് സഞ്ചരിക്കാൻ സാധിക്കുന്നില്ലേ; മാർക്സിസ്റ്റു പാർട്ടിയുടെ എല്ലാ നേതാക്കന്മാർക്കും അതു കഴിയുന്നില്ലേ? ഇങ്ങനെയുള്ള സംഭവങ്ങൾക്കിടയിലും ചില ഒറ്റപ്പെട്ട സംഭവങ്ങ ളുണ്ടാകുന്നു. അത് ഞങ്ങൾ സമ്മതിക്കുന്നു. ആ ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴിച്ചാൽ ക്രമസമാധാനം പൂർണ്ണമായി ഉറപ്പുവരുത്താൻ കഴിഞ്ഞു എന്നതല്ലേ വാസ്തവം? പക്ഷേ ഒറ്റപ്പെട്ട സംഭവങ്ങൾക്ക് പ്രാധാന്യം കൊടുത്തു. കാരണം ആ സംഭവങ്ങൾ ഒറ്റപ്പെട്ടതായതുകൊണ്ടാണ്. മറ്റേത് നിത്യ സംഭവങ്ങളായിരുന്നു. അതുകൊണ്ട് അതിന് പ്രാധാന്യം ഇല്ലായിരുന്നു. ഇന്ന് ഒരു സംഭവം ഉണ്ടാകുമ്പോൾ അതിന് പ്രാധാന്യം കിട്ടുന്നതിന്റെ കാരണം വല്ലപ്പോഴും ഒരിക്കൽ, 12 വർഷത്തിൽ ഒരിക്കൽ മൂന്നാറിൽ നീലക്കുറിഞ്ഞി പൂക്കുന്നതുപോലെ ആറ് മാസം, എട്ട് മാസം കൂടുമ്പോൾ എങ്ങാനും ഒരു പ്രശ്നം ഉണ്ടായാൽ അതിന് വമ്പിച്ച പ്രാധാന്യം ലഭിക്കുന്നു എന്നതാണ്. അതല്ലേ വാസ്തവം? പോലീസിന്റെ പെരുമാറ്റത്തിലും പ്രവർത്തനത്തിലും മാറ്റമുണ്ടാകണം. അത് അത്യാവശ്യം തന്നെയാണ്. ഇനിയും വളരെയേറെ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പോലീസ് സേനാംഗങ്ങളിൽ നിന്ന് മാന്യമായ പെരുമാറ്റം ഉണ്ടാകുന്നില്ല എന്ന പരാതി പരക്കെയുണ്ട്. അതിന് മാറ്റം വരുത്തണം. വളരെ മാന്യമായി പോലീസുകാർ പെരുമാറണമെന്ന കാര്യത്തിൽ വളരെ കർശനമായ നിർദ്ദേശം അവർക്ക് നൽകണ മെന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ പോലീസ് വളരെ പുരോഗതിയിലാണ്. ഐ.പി.എസ്. ഉദ്യോഗസ്ഥൻ മുതൽ കോൺസ്റ്റബിൾ വരെയുള്ളവർക്ക് പരിശീലനം നൽകാൻവേണ്ടി രണ്ടായിരത്തോളം ആളുകൾക്ക് ഒരേ സമയം പരിശീലനം നൽകാൻ സൗകര്യമുള്ള തൃശ്ശൂരിലെ പോലീസ് അക്കാദമി ഏഷ്യയിലെതന്നെ ഇത്രത്തോളം മുമ്പിൽ നിൽക്കുന്ന ഒരു സ്ഥാപനമായി ഏറ്റവും വലിയതും ഏറ്റവും നൂതനവു മായ പരിശീലനകേന്ദ്രമാക്കി മാറ്റാൻ കേരളത്തിലെ പോലീസ് വകുപ്പിന് കഴിഞ്ഞു യെന്നുള്ളത് എന്തുകൊണ്ടും അഭിമാനത്തോടെ നമുക്ക് പറയാൻ കഴിയും. 2001 മുതൽ 2003 വരെയുള്ള സാമ്പത്തിക വർഷം പൂർത്തിയായപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

207.18 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ പോലീസിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി നടത്താൻ കഴിഞ്ഞു. പോലീസിന്റെ കെട്ടിടനിർമ്മാണത്തിനുവേണ്ടി 51.25 കോടി രൂപ ചെലവഴിച്ചു. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ രണ്ടു പോലീസ് സ്റ്റേഷനും രണ്ട് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും പുതുതായി നിർമ്മിച്ചു. അതിൽ ഒരു പോലീസ് സ്റ്റേഷന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വന്നു നിർവ്വഹിച്ചത് അടുത്തകാലത്താണ്. അടുത്ത രണ്ടു സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ഏറ്റവും ആധുനികമായ വാഹനങ്ങൾ, എഴുന്നൂറ്റി ഇരുപത്തിയഞ്ചോളം ജീപ്പുകൾ, ഇരുപത്തിയേഴ് ആമ്പുലൻസുകൾ ഇരുന്നൂറ്റി അമ്പത്തിനാല് ബസ്സുകൾ നാല്പത് ലോറികൾ അടക്കം കേരളത്തിലെ പോലീസിനുവേണ്ടി അറുന്നൂറ്റി എഴുപത്തിയൊന്ന് വാഹനങ്ങൾ ഈ മൂന്ന് വർഷത്തിനിടയിൽ വാങ്ങാൻ കഴിഞ്ഞു. അറുന്നൂറ്റി എഴുപത് ലക്ഷം രൂപ ചെലവിൽ പോലീസ് സ്റ്റേഷനുള്ള അറ്റകുറ്റ പണികൾ നടന്നു വരുന്നു. പോലീസിന്റെ ക്യാമ്പുകളുടെ സ്ഥിതി മോശമായ കാലിത്തൊഴുത്തിനേക്കാൾ ശോചനീയമായ സ്ഥിതിയിലായിരുന്നു. ആ ക്യാമ്പുകളിലെല്ലാം പ്രാഥമിക ആവശ്യങ്ങൾക്കു പോലും സൗകര്യമില്ലാതിരുന്നിടത്ത് അവയ്ക്കെല്ലാം മാറ്റം വരുത്തുന്നതിനു വേണ്ടി, വൃത്തിഹീനമായ അന്തരീക്ഷം മാറ്റി മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വിജിലൻസ് ഡിപ്പാർട്ടുമെന്റാണ് അന്വേഷണങ്ങൾ ഏറ്റെടുത്തത്. 1222 അന്വേഷണങ്ങളിൽ എണ്ണൂറ്റി നാല്പത്തിമൂന്ന് അന്വേഷണം പൂർത്തീകരിച്ചു. അതുപോലെതന്നെ നാനൂറ്റി തൊണ്ണൂറ് കേസുകൾ രജിസ്റ്റർ ചെയ്യുകയും എഴുന്നൂറ്റി തൊണ്ണൂറ്റിയെട്ട് മിന്നൽ പരിശോധനകൾ നടത്തുകയും ചെയ്തു. വിജിലൻസ് ഡിപ്പാർട്ടുമെന്റ് എന്നു പറയുന്ന ഒരു ഡിപ്പാർട്ടുമെന്റിനെ അതിന്റെ കാര്യക്ഷമതയോടെ മുഴുവൻ പ്രായോഗികതലത്തിൽ എത്തിച്ചു. നമ്മൾ അടുത്ത കാലത്തു കേട്ട ഏറ്റവും പ്രധാനപ്പെട്ട ഓപ്പറേഷൻ സരസ്വതി, ഓപ്പറേഷൻ മാരുതി, ഓപ്പറേഷൻ രാഗിണി, ഓപ്പറേഷൻ സോമ, അന്നപൂർണ്ണ, ഓപ്പറേഷൻ നവീന, ഓപ്പറേഷൻ ദ്വാരപാലക തുടങ്ങിയ പേരുകളിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് മിന്നൽ പരിശോധനകൾ നടത്തി ട്രാഫിക് സ്റ്റേഷൻ അടക്കമുള്ള പോലീസ് സ്റ്റേഷനുകളിൽ വരെ വിജിലൻസിന്റെ സാന്നിദ്ധ്യം വ്യാപകമാക്കാൻ കഴിഞ്ഞു. അതുപോലെതന്നെ വിജിലൻസ് ഡിപ്പാർട്ടുമെന്റിന് പുതിയ ആസ്ഥാന മന്ദിരം നിർമ്മിക്കുവാൻ നമുക്ക് കഴിഞ്ഞു. മാർക്സിസ്റ്റ് പാർട്ടിയുടെ ചില പ്രവർത്തകർക്ക് നമ്മൾ ഇതൊക്കെ പറയുമ്പോൾ പ്രശ്നമാണ്. എറണാകുളത്ത് ഒരു കെട്ടിടത്തിന് മുകളിൽനിന്ന് ഒരു പെൺകുട്ടി ചാടി മരിച്ച സംഭവം അടുത്ത കാലത്തുണ്ടായി. ചിഞ്ചു ബാലൻ എന്ന എസ്.എഫ്.ഐ. നേതാവ് മൂലമാണ് സൗമ്യ എന്ന പെൺകുട്ടി ആത്മഹത്യ ചെയ്യാൻ കാരണമായത്. ഇതിനെതിരായി കേസ് എടുക്കാൻ നിർദ്ദേശിക്കുവാൻ നിങ്ങൾ തയ്യാറാണോ എന്നുള്ളതാണ് എനിക്ക് ചോദിക്കുവാനുള്ളത്. തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഇത് പറയുന്നത്. വീണ്ടും പറയുകയാണ്, കേസ് എടുക്കുവാൻ, ആവശ്യപ്പെടാൻ നിങ്ങൾ തയ്യാറുണ്ടോ? അതുപോലെ നമ്മുടെ കേരള സംസ്ഥാനത്തെ പോലീസ് മേധാവിയുടെ മാധ്യമ ബലഹീനതയെ കുറിച്ച് സംസാരിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് പോലീസ് മേധാവിയുടെ ഭാഗത്തുനിന്നുണ്ടായ മാധ്യമങ്ങളിലൂടെ വന്ന ചില കാര്യങ്ങളിലെ, പരാമർശങ്ങളിലൊക്കെ, ചില

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യാഘാതങ്ങൾ ഉണ്ടായി. പോലീസ് മേധാവികൾ മാധ്യമ ബലഹീനതയിൽ നിന്ന് ഒഴിഞ്ഞു നില്ക്കുന്നതാണ് നല്ലത്. പക്ഷേ ഒഴിഞ്ഞു നില്ക്കുക എന്നത് ഈ കാലഘട്ടത്തിൽ പറ്റുകയില്ല. ചടുലമായ പ്രകാശ വേഗത്തിൽ ഈ കാര്യങ്ങളെല്ലാം പ്രസരണം നടക്കുന്ന ദൃശ്യ മാധ്യമങ്ങളുടെ അതിവേഗ സംപ്രേഷണം, തത്സമയ സംപ്രേഷണം നടക്കുന്ന ഈ കാലഘട്ടത്തിൽ പോലീസിന് മാറി നില്ക്കാൻ കഴിഞ്ഞെന്നു വരികയില്ല. ബുദ്ധിപരമായും തന്ത്രപരമായും വളരെ പ്രായോഗികമായും നടപ്പാക്കുന്ന കാര്യത്തിൽ മാധ്യമങ്ങളെ അഭിമുഖീകരിക്കുന്ന ആളുകൾ തന്നെയാണ് ഇക്കാര്യങ്ങൾ ശ്രദ്ധയോടെ നടത്തേണ്ടത്. അതുകൊണ്ട് അത് ഒരു ഗവൺമെന്റിന്റെ അഭിപ്രായമായി ജനങ്ങളുടെ മേലുള്ള ഒരു ശക്തമായ വ്യാഖ്യാനമായി മാറുന്ന രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന അവസരങ്ങൾ ഉണ്ടാകാതെ നോക്കുവാൻ ഉദ്യോഗസ്ഥന്മാർ തന്നെയാണ് ശ്രദ്ധിക്കേണ്ടത്. അക്കാര്യത്തിൽ അവർ ശ്രദ്ധിക്കേണ്ടതാണ്. പോലീസ് സ്റ്റേഷനുകളിൽ കേസ്സ് കൊടുക്കാൻ വേണ്ടി എല്ലാവർക്കും കടന്നു ചെല്ലുവാൻ കഴിയുമ്പോൾ പോലീസ് സ്റ്റേഷനുകളിൽതന്നെ ഒരു വിഭാഗം ആളുകൾ ഇക്കാര്യം ദുരുപയോഗം ചെയ്യുന്ന കാഴ്ച ചില സ്ഥലങ്ങളിൽ ഉണ്ടാകുന്നുണ്ട്. ഈ കാര്യമെല്ലാംതന്നെ പരിശോധിക്കുന്നതിനുവേണ്ടി പോലീസിന് വേണ്ടിയുള്ള എല്ലാ ധനാഭ്യർത്ഥനകളിലും പങ്കെടുത്ത ഒരു വ്യക്തി എന്ന നിലയ്ക്ക് ഞാൻ ഒരു നിർദ്ദേശം വച്ചിരുന്നു. ഒരു പോലീസ് ഓംബുഡ്സ്മാൻ രൂപീകരിക്കണമെന്നുള്ളതാണ് അത്. ഇന്ന് കമ്മ്യൂണിറ്റി പോലീസിനെക്കുറിച്ച് ഇവിടെ പറയുന്നു. ഞാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കമ്മ്യൂണിറ്റി പോലീസിനെ എതിർത്ത ഒരു വ്യക്തിയാണ്. കമ്മ്യൂണിറ്റി പോലീസ് എന്നു പറഞ്ഞ ഒരു സങ്കല്പം യു.പി.-യിലും ബിഹാറിലും ഉണ്ട്. ഒരുപക്ഷേ അങ്ങനെയുള്ള സംസ്ഥാനങ്ങളിലൊക്കെ അത് ഒരു പരീക്ഷണമായിരിക്കും. പക്ഷേ കേരളം പോലെ സമ്പൂർണ്ണ സാക്ഷരത നേടിയ ഒരു സംസ്ഥാനത്ത് ഇത് രാഷ്ട്രീയവത്കരണത്തിന്റെ വേദിയായി മാറ്റുന്നതിനുകൂടി വേണ്ടിയായിരുന്നു. സത്യത്തിൽ പോലീസിന് ഒരു പുതിയ മുഖം നല്കാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. അക്കാര്യത്തിൽ പുനഃപരിശോധന വേണമെന്നാണ് വ്യക്തിപരമായ അഭിപ്രായം. കേരളത്തിൽ അക്കാര്യത്തിൽ പോലീസ് ഫോഴ്സ് എന്നു വച്ചാൽ ജനങ്ങളുടെ എല്ലാ കാര്യങ്ങളും പ്രതിജ്ഞാബദ്ധമായി നിർവ്വഹിക്കേണ്ടതാണ്. എന്ത് നിലപാട് മാറിയാലും എന്ത് നയപരമായ വ്യത്യാസം വന്നാലും പോലീസ് എന്നും പോലീസാണ്. അതിൽ ഒരിക്കലും വെള്ളം ചേർക്കാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ ആ നിലപാട് പുനഃപരിശോധിക്കണമെന്നുള്ള ഒരു അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. അതിനു പകരം ചെയ്യാൻ കഴിയുന്ന ഏറ്റവും.....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് കമ്മ്യൂണിറ്റി പോലീസിനെപ്പറ്റിയാണല്ലോ സംസാരിക്കുന്നത്. കമ്മ്യൂണിറ്റി പോലീസ് അപകടകരമായ നിലയിൽ അധികാരം ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ട്. കഴിഞ്ഞ ഇടതുപക്ഷ മുന്നണിയുടെ കാലത്തുണ്ടായ പല സംഭവങ്ങളും പരിഗണിക്കുമ്പോൾ ഇത്തരം പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഇതിലേക്ക് കടക്കുന്നത് ബുദ്ധിപൂർവ്വം ആണെന്നാണോ അങ്ങയുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ: തീർച്ചയായിട്ടും ബുദ്ധിപൂർവ്വമല്ല. പഴയ സർക്കാരിന്റെ കാലത്ത് ഒരു ഐ.ജി.-യുടെ തീരുമാനപ്രകാരമുള്ള നിർദ്ദേശത്തിന്റെ ആവിഷ്ക്കാരമായാണ് ഇത് നടന്നുവന്നത്. ഇന്നും അത് പ്രായോഗികമല്ല. ഇടതുപക്ഷ ഗവൺമെന്റിന്റെ അവസാന കാലത്ത് ഒരു കൂട്ടം ഉദ്യോഗസ്ഥന്മാർ ആ ഗവൺമെന്റിനെതിരായി ജനങ്ങളെ അതിശക്തമായി തിരിക്കാൻ ശ്രമിച്ചതുപോലെ ഇന്ന് ഈ സർക്കാരിനെതിരായും ജനങ്ങളെ തിരിക്കുന്നതിനു വേണ്ടി ബോധപൂർവ്വം ഗവേഷണം നടത്തുന്ന കുറെ ഉദ്യോഗസ്ഥന്മാർ വിവിധ തലങ്ങളിൽ വിവിധ വകുപ്പുകളിൽ നയപരമായി പല വ്യതിയാനങ്ങൾ വരുത്തുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായിക്കൂടിയാണ് ഇങ്ങനെയുള്ള ഒരു നിലപാട് എടുത്തിട്ടുള്ളത്.

ശ്രീ. സി. പി. മുഹമ്മദ് : ശ്രീ.പി.ടി.തോമസ് കമ്മ്യൂണിറ്റി പോലീസിനെ കുറിച്ചാണ് പറഞ്ഞത്. ഇടതുപക്ഷ ഭരണ കാലത്ത് കമ്മ്യൂണിറ്റി പോലീസ് ആയിരുന്നില്ല, കമ്മ്യൂണിസ്റ്റ് പോലീസ് ആയിരുന്നു.

ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ: രാഷ്ട്രീയവത്കരിക്കാൻ തന്നെയാണ് സർ ഇങ്ങനെയുള്ള നീക്കങ്ങൾകൊണ്ട് അവർ ഉദ്ദേശിച്ചിട്ടുള്ളത്. അത്തരത്തിൽ കാര്യങ്ങൾ കൊണ്ടെത്തിക്കുവാൻ വേണ്ടിയാണ്. അത് പാടില്ല എന്നുള്ള അഭിപ്രായം ഞാൻ പ്രകടിപ്പിച്ചു. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ.ജോസഫ് എം. പുതുശ്ശേരി: ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇടതുപക്ഷ മുന്നണിയുടെ അഞ്ചു വർഷക്കാലത്തെ ഭരണ കാലഘട്ടത്തിൽ ക്രമസമാധാനരംഗത്തുണ്ടായ ഒട്ടേറെ പ്രശ്നങ്ങളെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. പോലീസ് സേനയെ പാർട്ടിയുടെ ആജ്ഞാനുവർത്തികളാക്കി മാറ്റി. പാർട്ടിക്കാർക്ക് ഒരു നീതിയും മറ്റുള്ളവർക്ക് മറ്റൊരു നീതിയും നടപ്പിലാക്കുന്ന, ഇരട്ട നീതി നടപ്പിലാക്കുന്ന സമീപനമായിരുന്നു ഇടതുപക്ഷ മുന്നണിയുടെ കാലഘട്ടത്തിൽ ഉണ്ടായിരുന്നത്. അവിടെ നിന്നുള്ള മാറ്റമാണ് കഴിഞ്ഞ മൂന്നു വർഷക്കാലമായി ആന്റണി ഗവൺമെന്റ് അധികാരം ഏറ്റെടുത്ത ശേഷം ഉണ്ടായിരിക്കുന്നത് എന്നുള്ള സത്യം എല്ലാവരും അംഗീകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ഇവിടെ സൂചിപ്പിച്ചതിൽ ഏറ്റവും വലിയ ഗുണഫലം അനുഭവിക്കുന്നത് കണ്ണൂർ ജില്ലയിലെ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ തന്നെയാണ് നമുക്കറിയാം. കേരളത്തിൽ എല്ലാ ദിവസവും പത്രങ്ങൾ വായിക്കുന്ന ആളുകൾക്ക് കണ്ണൂരിൽ വളരെ ഗുരുതരമായിരിക്കുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് അറിയാം. കൂത്തുപറമ്പു മുതൽ നാദാപുരം വരെ ദിവസേന നടന്ന കൊലപാതക പരമ്പര. അതൊക്കെ നമുക്ക് ബോദ്ധ്യമുള്ള കാര്യമാണ്. അത്തരം പ്രശ്നങ്ങൾ സങ്കീർണ്ണമായ ഒരു സാഹചര്യമുണ്ടാക്കി. തങ്ങളുടെ ഭരണ കാലത്ത് പാർട്ടി നേതാക്കന്മാർക്ക് പോലും വഴിനടക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു. ഇന്ന് അവർക്ക് സൈ്വര വിഹാരം നടത്താൻ കഴിയുന്ന സാഹചര്യം സൃഷ്ടിച്ചത് മൂന്നു വർഷക്കാലത്തെ ആന്റണി ഗവൺമെന്റിന്റെ ഭരണം ആണെന്നുള്ളത് അഭിമാനത്തോടുകൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പോലീസ് നയത്തിലുണ്ടായ വ്യതിയാനവും പോലീസിനെ നിഷ്പക്ഷമാക്കി സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവദിച്ചതിന്റെ ഫലമായി അക്രമികളെ അടിച്ചമർത്താനും ക്രമസമാധാന പാലനത്തിൽ ആ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളെ കൊണ്ടുവരാനും കഴിഞ്ഞു എന്നുള്ളത് നിസ്സാരമായി കാണാൻ കഴിയുന്ന കാര്യമല്ല. ഇവിടെ തർക്കങ്ങളുടെ പേരിൽ നയസമീപനങ്ങളോടുള്ള വ്യത്യാസങ്ങളുടെ പേരിലൊക്കെ തർക്കിക്കുമ്പോൾ കേരളത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് ഈ പ്രധാനപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം വിസ്മരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നത് ശരിയല്ല എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എത്രയോ സംഭവങ്ങൾ അതിനുശേഷം ഉണ്ടായി. മാറാട് അടക്കമുള്ള സംഭവങ്ങൾ കേരളത്തിൽ നമ്മളൊരിക്കലും ആഗ്രഹിക്കാത്ത കാര്യമായിരുന്നു. പക്ഷേ മാറാട് സംഭവം ഉണ്ടായതിനുശേഷം ഒരു തുള്ളി ചോര പോലും ചിന്തുന്ന സാഹചര്യം ഒരുക്കാതെ അസ്വസ്ഥതകൾ വ്യാപകമാവാതെ അമർച്ച ചെയ്തുകൊണ്ട് ഫലപ്രദമായി മുന്നോട്ടു പോകാൻ കഴിഞ്ഞു എന്നുള്ളത് പോലീസ് രംഗത്ത് ആന്റണി ഗവൺമെന്റിന്റെ നേട്ടങ്ങളുടെ പ്രധാനപ്പെട്ട തെളിവായി സൂചിപ്പിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. അത്തരത്തിൽ വലിയ വ്യതിയാനം ഉണ്ടാക്കുവാൻ കഴിഞ്ഞു. പോലീസിന്റെ പ്രവർത്തനത്തിൽ, ക്രമ സമാധാന രംഗത്ത് വലിയ വ്യതിയാനം ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടു പോകാൻ മൂന്നു വർഷക്കാലത്തെ പോലീസ് സേനയുടെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു എന്നുള്ളത് അഭിമാനത്തോടുകൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം തന്നെ പോലീസ് സേനയ്ക്കു നൽകിയ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്ന സാഹചര്യം ഇവിടെ ഉണ്ടായി. പോലീസ് സേനയെ നിഷ്പക്ഷമാക്കി, സ്വതന്ത്രമാക്കി, മുന്നോട്ടു പോകണമെന്ന് വളരെയേറെ വാശിയോടുകൂടി ആഗ്രഹിച്ച മുഖ്യമന്ത്രി തന്നെ നയം മാറ്റം ഉണ്ടാകണമെന്ന് പറയുന്ന തരത്തിലേയ്ക്ക് ചിന്തിപ്പിക്കുന്ന വിധത്തിൽ കാര്യങ്ങൾ മാറി എന്നു പറഞ്ഞാൽ പോലീസിന് നൽകിയ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്ന തരത്തിൽ കാര്യങ്ങൾ നീങ്ങി എന്നുള്ളതാണ് വ്യക്തമാക്കുന്നത്. സർ, ഇവിടെ പത്ര സമ്മേളനങ്ങൾ ദിവസവും നടത്തുകയാണ്. ഡി.ജി.പി.-യുടെ പത്ര സമ്മേളനം, പോലീസ് ഉദ്യോഗസ്ഥരുടെ പത്രസമ്മേളനം, ഇത് നിയമപരമായാണോ നടക്കുന്നത്? കേരളാ ഗവൺമെന്റ് സർവന്റ്സ് കോൺടക്ട് റൂൾസ് (1960) അതിലെ റൂൾ 56-നെ അടിസ്ഥാനപ്പെടുത്തി പിന്നീടു പല കാലഘട്ടങ്ങളിലായിവന്ന സർക്കുലറിന്റെയൊക്കെ അടിസ്ഥാനത്തിൽ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയല്ലാതെ പ്രസ്സ് ഇന്റർവ്യൂ നടത്താനോ, പത്രസമ്മേളനം നടത്താനോ ഒരു ഉദ്യോഗസ്ഥനേയും അനുവദിക്കുന്നില്ല. പക്ഷേ ഇവിടെ ദിവസവും നയപ്രഖ്യാപനങ്ങൾ നടത്തുകയാണ്. മുഖ്യമന്ത്രി പറയുന്നതിന്റെ തൊട്ടു പിന്നാലെ മറ്റാളുകൾ പോലീസുമായി ബന്ധപ്പെട്ട നയപ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് അനുവദിക്കാൻ കഴിയുമോ?

ശ്രീ. പി. സി. ജോർജ്: കണ്ണടച്ച് ഇരുട്ടാക്കേണ്ട കാര്യമില്ല. യഥാർത്ഥത്തിൽ ഡി.ജി.പി. നടത്തുന്ന പത്ര സമ്മേളനങ്ങൾ വഴി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കാര്യങ്ങൾ നേരിട്ട് പറയാൻ പറ്റാത്തതുകൊണ്ട് ഡി.ജി.പി.-യെക്കൊണ്ട് പറയിപ്പിക്കുന്നതാണെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ആ അഭിപ്രായം എനിക്കില്ല. അത് ശ്രീ. പി. സി. ജോർജിന്റെ വെളിപാടാണ്.

ശ്രീ. മത്തായി ചാക്കോ: വിവിധ വകുപ്പുകളിൽ പത്ര സമ്മേളനം നടത്തുന്നതിന്റെ അർത്ഥം: മന്ത്രിമാരായ ആളുകളുടെ കഴിവില്ലായ്മ കൊണ്ടാണ് ഉദ്യോഗസ്ഥർ ഇതിൽ ഇടപെടുന്നതെന്നാണ്. താങ്കൾ അത് സമ്മതിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇല്ല. ആ അഭിപ്രായം എനിക്കില്ല. ഇപ്പോൾ നടന്നുവരുന്ന ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാൻ വേണ്ടിയാണ് പറയുന്നത്. ഇത് മുകളിൽ മുതൽ താഴെ വരെ നടത്തുന്നു. നിയമവിരുദ്ധമായി, റൂൾസിന് വിരുദ്ധമായി ഇത്തരത്തിൽ പ്രവർത്തിക്കുന്നത് ശരിയല്ല. ഇത് റൂൾസിന് വിധേയമായി മുന്നോട്ടു പോകണം. ഈ കാര്യത്തിൽ കർശനമായ നിലപാട് എടുക്കുകയും നിർദ്ദേശം നൽകുകയും ചെയ്യണം എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പാകെ നിർദ്ദേശം വയ്ക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. 'ആശാനക്ഷരം ഒന്നു പിഴച്ചാൽ 51 പിഴയ്ക്കും ശിഷ്യന്' എന്നാണ് പറയുന്നത്. ഡി.ജി.പി. തുടങ്ങിയാൽ താഴെ വരെയുള്ള ആളുകൾ പത്രസമ്മേളനം നടത്തും. ഇതൊരു മാനിയ ആയി പടർന്നു പിടിച്ചിരിക്കുകയാണ്. ദൃശ്യ മാധ്യമങ്ങളുടെ വരവോടുകൂടി എന്തെങ്കിലും ഒരു സംഭവമുണ്ടായാൽ ഉടൻ ദൃശ്യമാധ്യമങ്ങളും പത്ര മാധ്യമങ്ങളും ചെല്ലുന്നു. എല്ലാവരും നിരന്നു നിരന്ന് നാടു നീളെ പത്രസമ്മേളനം നടത്തുകയാണ്. ഇത് അംഗീകരിക്കാൻ കഴിയുമോ? ഗവൺമെന്റിന്റെ നയ പരിപാടികൾ ഇവരാണോ പറയേണ്ടത്? ഇവിടെ ബഹുമാനപ്പെട്ട ടി. എച്ച്. മുസ്തഫ പറഞ്ഞു, ഭരണഘടനാപരമായ ചില വ്യവസ്ഥകളുണ്ടെന്ന്. ആ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട്, ജനപ്രതിനിധികൾക്ക് അവരുടേതായ അംഗീകാരം നൽകി, ബഹുമാനം നൽകി മുന്നോട്ടു പോകുന്ന സാഹചര്യം ഉണ്ടാകണം. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സാഹചര്യങ്ങൾ ഇല്ല എന്നു ഉറപ്പാക്കാൻ ശ്രമിക്കണം. അതുപോലെ ഇവിടെ പല കാര്യങ്ങളെക്കുറിച്ചും സൂചിപ്പിച്ചു. ഗുണ്ടാവിളയാട്ടത്തെപ്പറ്റി പറഞ്ഞു. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി ഗുണ്ടാ ആക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന്. ഗുണ്ടാ ആക്ട് നടപ്പിലാക്കുന്നില്ലെങ്കിൽ പോലും ഇന്ന് ഉണ്ടായിരിക്കുന്ന ഗുണ്ടാ വിളയാട്ടം അവസാനിപ്പിക്കാൻ ഫലപ്രദമായി പോലീസിന് ഇടപെടാൻ കഴിയുന്ന വിധത്തിലുള്ള നിയമ നിർമ്മാണം അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ പോലീസിൽ ഒരു ശുദ്ധീകരണം വേണം. പോലീസിലുള്ള ക്രിമിനൽസിനെ കൈകാര്യം ചെയ്യേണ്ടേ? എത്രയെത്ര റിപ്പോർട്ടുകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ കാര്യത്തിൽ ഫലപ്രദമായ നടപടി ഉണ്ടാകേണ്ടേ? ഇവിടെ ബഹുമാനപ്പെട്ട തമ്പാൻ വിജിലൻസിന്റെ പ്രവർത്തനങ്ങളൊക്കെ സൂചിപ്പിച്ചു. വളരെ അഭിമാനകരമായ, പ്രശംസനീയമായ തരത്തിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് ഒട്ടേറെ നടപടികൾ സ്വീകരിച്ചു, റെയ്ഡുകൾ നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്. അക്കാര്യങ്ങൾ അഭിമാനപൂർവ്വം അനുസ്മരിച്ചുകൊണ്ടുതന്നെ ഞാൻ സൂചിപ്പിക്കട്ടെ, പോലീസിനെ ശുദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ വേണം. ക്രിമിനൽ സ്വഭാവമുള്ള ആളുകൾ പോലീസിൽ പ്രവർത്തിക്കുന്നുണ്ട്. എത്രയെത്ര റിപ്പോർട്ടുകൾ വന്നിട്ടുണ്ട്! കള്ളക്കടത്തുമായി ബന്ധപ്പെട്ട ആളുകൾ, അഴിമതി നടത്തുന്ന ആളുകൾ ഇവിടെ സൂചിപ്പിച്ചതുപോലെ ഗുണ്ടകളുമായി ബന്ധപ്പെട്ട് ഗുണ്ടകളെ തങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ, സ്പിരിറ്റ് കച്ചവടം നടത്തുന്ന ആളുകൾ സ്പിരിറ്റ് ലോറിക്ക് പൈലറ്റായി പോകുന്ന പോലീസ് ജീപ്പുകൾ. അതുപോലെ എത്രയോ റിപ്പോർട്ടുകൾ വന്നു. നിരപരാധികളെ പീഡിപ്പിക്കുന്ന ആളുകൾ ഇതൊക്കെ നമ്മൾ കാണേണ്ടതല്ലേ? മലയാള

LIBRARY ARCHIVES Kerala Legislative Assembly

മനോരമയുടെ കഴിഞ്ഞ "ഞായറാഴ്ച"-യിൽ വന്ന റിപ്പോർട്ടാണ്. ഈ ചോദ്യത്തിന് മറുപടി പറയാൻ കഴിയുമോ? 'എന്തിനീ ശിക്ഷ' എന്ന ചോദ്യത്തിന് മറുപടി പറയാൻ പോലീസ് ഡിപ്പാർട്ടുമെന്റിന് കഴിയുമോ? യാതൊരു കുറ്റവും ചെയ്യാത്ത ഒരാളെ ഹൈവേ പോലീസ് അറസ്റ്റ് ചെയ്ത് മൂന്നു ദിവസം ജയിലിലിട്ട് ശിക്ഷിക്കുന്ന സമീപനമുണ്ടായി. നമ്മൾ വളരെയേറെ പ്രതീക്ഷയോടുകൂടി വളരെയേറെ കൊട്ടിഘോഷിച്ച് ഉണ്ടാക്കിയ ഹൈവേ പോലീസ് പുതിയ സംവിധാനമാണ്. കോടികൾ മുടക്കി പുതിയ ടയോട്ട ക്വാളിസ് വാഹനം വാങ്ങി. പുതിയ വേഷവിധാനങ്ങളോടുകൂടി കോടിക്കണക്കിന് രൂപ മുടക്കി ഉണ്ടാക്കിയ പുതിയ പരിഷ്ക്കരണത്തിന്റെ ഇരയാണ് ഈ "ഞായറാഴ്ച"-യിൽ കാണുന്നത്. ഇത് തിരുത്തേണ്ടതല്ലേ? നിരപരാധികളെ പീഡിപ്പിക്കുന്ന ഇത്തരക്കാരെ കൈകാര്യം ചെയ്യാൻ നടപടികൾ ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. പോലീസും പാലും ഒരുപോലെയാണ്. കേടായാൽ രണ്ടും ദുർഗന്ധം വമിപ്പിക്കും. രണ്ടും ആരോഗ്യ ദായകമാണ്. പക്ഷേ കേടായാൽ ദുർഗന്ധം വമിപ്പിക്കും. പോലീസിന് ഫലപ്രദമായി, എഫക്ടീവായി പ്രവർത്തിക്കാൻ കഴിഞ്ഞാൽ സമൂഹത്തിന് ആരോഗ്യം ഉണ്ടാകുന്ന സംവിധാനമാണ്. ആ നിലയിൽ പോലീസ് സേനയെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. അതിനുള്ള ശാസ്ത്രീയമായ പരിശീലനം കൊടുക്കണം. ഇന്ന് കുറ്റങ്ങളും ഗുണ്ടാ വിളയാട്ടവും വർദ്ധിക്കുന്നു എന്ന് എല്ലാവരും പറയുന്നു. അത് കൈകാര്യം ചെയ്യുന്ന രീതിയിലുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാൻ നമുക്ക് കഴിയണം. ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കാൻ ആവശ്യമായ പരിശീലന പരിപാടികൾ ഉണ്ടാകണം. ആ പരിശീലന പരിപാടികൾ ഇല്ല, ഇന്ന് റുട്ടീൻ വർക്ക്മാത്രം പോലീസിൽ നടക്കുകയാണ്. പഴയ കാലങ്ങളിലുള്ളതുപോലെയുള്ള റുട്ടീൻ വർക്ക് നടക്കുകയാണ്. പുതിയ കാലഘട്ടത്തിൽ ഉണ്ടായ മാറ്റം കണക്കിലെടുത്തുകൊണ്ട് ശാസ്ത്രീയമായ വശങ്ങൾ, ശാസ്ത്രീയമായ അന്വേഷണ രീതികൾ അവലംബിക്കാനും അതിനുള്ള പരിശീലനം പോലീസ് സേനയ്ക്ക് നൽകണം എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ നീതിന്യായവുമായി ബന്ധപ്പെട്ട്, എന്റെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കേരളത്തിലെ കോടതിയില്ലാത്ത ഏക താലൂക്ക് ഞാൻ പ്രതിനിധാനം ചെയ്യുന്ന മല്ലപ്പള്ളിയാണ്. മല്ലപ്പള്ളി മാത്രമേയുള്ളു കോടതിയില്ലാത്തത്. ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി മല്ലപ്പള്ളിയിൽ സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. ഹൈക്കോടതിയുടെ പ്രയോറിറ്റി ലിസ്റ്റിലുണ്ട്. പ്രയോറിറ്റി ലിസ്റ്റിൽ 24-ാമത് ആണ്. കോടതിയില്ലാത്ത താലൂക്ക് എന്ന പരിഗണനയോടുകൂടി മല്ലപ്പള്ളിയിൽ എത്രയും വേഗം ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. കെ. ഷാജു: സർ, പോലീസ്, ജയിലുകൾ, നീതിന്യായനിർവ്വഹണം എന്നിവയ്ക്കായി 2004-2005 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ജയിലിനെ സംബന്ധിച്ച് പറയുമ്പോൾ ജയിൽ പരിഷ്കരണ നടപടികൾ വളരെ ദൃഢമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നു. ഭക്ഷണക്രമത്തിൽ പോലും കാലോചിതമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ജയിലിലെ പരിഷ്കരണ നടപടികൾ അങ്ങനെ ഫലപ്രദമായി മുന്നോട്ടു പോകുകയാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ജയിലിലെ കുറ്റകൃത്യങ്ങൾ തടയുന്ന കാര്യത്തിൽ നമുക്ക് വേണ്ടത്ര മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ജയിലിൽ രാഷ്ട്രീയ പാർട്ടികൾക്ക് പ്രത്യേകിച്ചും മാർക്സിസ്റ്റ് പാർട്ടിക്കും ബി.ജെ.പി.ക്കും ഒക്കെ പാർട്ടി സെല്ലുകളുണ്ട്. ജയിലിൽ പിരിവും ഉണ്ട്. ഇവിടെ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരികയാണ്. ജയിലിൽ നടന്ന രാഷ്ട്രീയ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. അത് കർശനമായി നിയന്ത്രിക്കാൻ നമുക്ക് കഴിയണം. കോടതികൾ നവീകരിക്കുവാനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും പുതിയ കോടതി സമുച്ചയങ്ങൾ ആരംഭിക്കാനുമുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. അതെല്ലാം കാര്യക്ഷമമായി നടക്കുകയാണ്. എന്നാൽ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനും നീതി നടപ്പാക്കുന്നതിനും കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടിക്രമങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. കേസ്സുകളുടെ എണ്ണത്തിലെ വർദ്ധന കണക്കാക്കി മുൻസിഫ് കോടതികളും മറ്റ് കോടതികളും ആരംഭിക്കുവാനുള്ള നീക്കം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് ഇതു സംബന്ധിച്ച് പറയാനുള്ളത്. പോലീസ് സേന കാലഘട്ടത്തിന്റെ അനിവാര്യമായ വികസനത്തിന്റെ മുൻ ഉപാധിയാണ് എന്നാണ് നമ്മുടെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ആ നിലയിൽ പുനഃസംഘടിപ്പിക്കുവാനുള്ള ചരിത്രപരമായ ദൗത്യം ഈ യു.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. മഹാത്മജിക്കുശേഷം ഇൻഡ്യ കണ്ടതിൽ വച്ച് ഏറ്റവും വലിയ ഗാന്ധിയനായ പ്രിയപ്പെട്ട എ.കെ. ആന്റണി നയിക്കുന്ന ഈ ഗവൺമെന്റാണ് പോലീസ് നയത്തിന് കാതലായ മാറ്റം വരുത്തിയത്. പോലീസ് നയത്തിൽ കാതലായ മാറ്റം വന്നു. അതിന്റെ ഫലമായി നമ്മുടെ നാട്ടിൽ വളരെയധികം മാറ്റമുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ പോലീസ് സേനയെ നവീകരിക്കാൻ ഫലപ്രദമായ നടപടികളുണ്ടായി. കുതിരലായം പോലെയായിരുന്നു ജില്ലാ പോലീസ് ക്യാമ്പുകൾ. അതിനെല്ലാം വളരെ മാറ്റമുണ്ടായി. ആധുനിക സൗകര്യങ്ങളുണ്ടായി. കംപ്യൂട്ടറൈസേഷൻ വന്നു. അതുപോലെതന്നെ തൃശൂരിൽ പുതിയ പോലീസ് അക്കാഡമി വന്നു—രണ്ടായിരം ആളുകൾക്ക് ഒരേ സമയം പരിശീലനം കൊടുക്കാൻ കഴിയുന്ന ആധുനിക സൗകര്യങ്ങളെല്ലാമുള്ള വലിയ പോലീസ് അക്കാഡമി വന്നു. തീരദേശ മേഖല എന്നും പ്രക്ഷുബ്ധമാണ്. അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തീരദേശ പോലീസ് എന്ന സംവിധാനത്തെക്കുറിച്ച് നമ്മൾ ആലോചിച്ച്, കാര്യക്ഷമമായി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. 7 തീരദേശ പോലീസ് സ്റ്റേഷനുകൾ വന്നു കഴിഞ്ഞിട്ടുണ്ട്. ക്രമസമാധാനം കാര്യക്ഷമമാക്കാൻ സേനയുടെ കരുത്തും കാര്യക്ഷമതയും വർദ്ധിപ്പിക്കുവാൻ കഴിയണം. അതിനനുസൃതമായി അംഗബലം വർദ്ധിപ്പിക്കണം. വർദ്ധിപ്പിക്കുമ്പോൾ വനിതാ പോലീസുകാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താനുള്ള സമീപനമുണ്ടാകണം. വനിതാ പോലീസുകാരെ നിയമിക്കുന്ന കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വം അംഗീകരിക്കുന്ന ആളുകൾ അടങ്ങുന്ന പി.എസ്.സി. വനിതാ പോലീസിന്റെ റാങ്ക് ഹോൾഡേഴ്സിനോട് എടുത്തിട്ടുള്ള സമീപനമൊക്കെ എന്താണ്. ആ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണം. സാധാരണ പോലീസുകാർക്ക് ജോലി കഴിഞ്ഞ് അവരുടെ വീടുകളിൽ തിരിച്ചെത്താൻ കഴിയുന്ന രൂപത്തിലുള്ള തൊഴിൽ സൗകര്യം ഉറപ്പുവരുത്തണം. ഈ കേരളത്തിൽ ജനിച്ചുവളർന്ന ഡി.ജി.പി.ക്ക് ഇവിടെ ഡി.ജി.പി.

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കാമെങ്കിൽ ഒരു ജില്ലയിൽ ജനിച്ചു വളർന്ന പോലീസുകാർക്ക് അവിടെ പോലീസുകാരായി തുടരുന്നതുകൊണ്ട് ഒരു അപാകതയുമില്ല. ഇന്നത്തെ സ്ഥിതിക്കു മാറ്റം വന്നില്ലെങ്കിൽ അവർക്ക് കിട്ടുന്ന സൗകര്യമുള്ളവീടുകളിൽ അവർ കയറും. അവിടെ കുടിപാർക്കും. അവിടെ ബന്ധങ്ങളുണ്ടാകും. നമ്മുടെ പഴയ 5 രൂപ പോലീസുകാരുടെ സ്ഥിതിയിലേക്ക് പോകും. എന്തു പരിഷ്ക്കരണത്തിന്റെ പേരിലാണെങ്കിലും സാധാരണ പോലീസുകാർക്ക് അന്നത്തെ ജോലി കഴിഞ്ഞ് അവരുടെ വീട്ടിൽ എത്താനുള്ള സൗകര്യമുണ്ടാകണം. പല സ്ഥലങ്ങളിലും പോലീസ് ക്വാർട്ടേഴ്സില്ല.

ശ്രീ. ഷിബു ബേബി ജോൺ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു, 24 മണിക്കൂറും പ്രവർത്തിക്കുന്ന മനുഷ്യരാണ് പോലീസുകാർ എന്ന്. മുഖ്യമന്ത്രിയുടെ സദുദ്ദേശ്യത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്നാൽ അങ്ങനെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസുകാർ സ്വന്തം വീട്ടിൽ നിന്നും ഭാര്യയുടെ വീട്ടിൽ നിന്നും അകന്നുള്ള പോലീസ് സ്റ്റേഷനിൽ പോയി ജോലി ചെയ്യണമെന്ന് പറയുമ്പോൾ ആ ജോലിക്ക് നിശ്ചിത സമയപരിധിയില്ല. തിരിച്ചുപോകാനുള്ള യാത്രാസൗകര്യം ഇല്ല. മുഖ്യമന്ത്രിയുടെ സദുദ്ദേശ്യപരമായ ഉദ്ദേശ്യങ്ങളെ ആരോ മനപൂർവ്വം അട്ടിമറിക്കാൻ വേണ്ടിയല്ലേ ഈ നയം നടപ്പിലാക്കുന്നത്?

ശ്രീ. കെ. കെ. ഷാജു: അങ്ങനെ സംശയിക്കുന്നുണ്ട്. ചില മേഖലകളിലെങ്കിലും അത്തരം സംശയം കടന്നുവരികയാണ്. മുഖ്യമന്ത്രി അനുവദിച്ചുതന്ന പ്രവർത്തന സ്വാതന്ത്ര്യം എന്തുമാകാമെന്ന അവസ്ഥയിലേയ്ക്ക് ചില ഉദ്യോഗസ്ഥന്മാരെയെങ്കിലും എത്തിച്ചിട്ടുണ്ടോ എന്നുള്ള കാര്യത്തിൽ വളരെ ഗൗരവമായ പരിശോധനയുണ്ടാകണം. എല്ലാ രാഷ്ട്രീയ പാർട്ടികളിലും ഗുണ്ടകളുണ്ട് എന്നുള്ള വലിയ കണ്ടുപിടിത്തം നമ്മുടെ ഡി.ജി.പി. നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന് ഈ വിവരം എവിടെ നിന്ന് ലഭിച്ചു? ചില പാർട്ടികളിലുണ്ടാകും. പാർട്ടി ഓഫീസിൽ അപേക്ഷ ക്ഷണിച്ച് വരുത്തി അവിടെ നിന്ന് കൊടുക്കുന്ന നിർദ്ദേശം വച്ച് അതിരു തിരിക്കുക, ഭൂമി തിരിച്ച് കൊടുക്കുക എന്ന് തുടങ്ങിയുള്ള പ്രവർത്തനങ്ങൾ CPI (M) ചെയ്യാറുണ്ട്. കായിക ബലം കൊണ്ട്തന്നെയാണ് ഇതെല്ലാം ചെയ്യുന്നത്. പക്ഷെ, എല്ലാ പാർട്ടികളിലും ഗുണ്ടകളുണ്ട് എന്നു പറയുന്ന കണ്ടുപിടുത്തത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. ഞങ്ങളുടെ പാർട്ടിയിൽ വെട്ട് നടത്തുന്നവരില്ല. വെട്ടി നിരത്തുന്നവരില്ല, മുണ്ട് ഉരിയുന്നവരുമില്ല, മുണ്ട് പുതപ്പിക്കുന്നവരില്ല. എല്ലാ പാർട്ടികളിലും അങ്ങനെയുണ്ടെന്ന് പറയുന്ന വാദഗതിയോട് എനിക്ക് യോജിപ്പുമില്ല. ഇതുപോലുള്ള ചില കണ്ടുപിടുത്തങ്ങൾ ഞങ്ങൾക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വലിയ വിനയായി വന്നിരിക്കുന്നു. ഞാൻ പറയുന്നത് എന്റെ ജില്ലയായ ആലപ്പുഴയും മാവേലിക്കരയും പരാജയപ്പെടാൻ ഇടയാക്കിയത് ഡി.ജി.പി.യുടെ മ്അദനിയെ സംബന്ധിച്ച സ്റ്റേറ്റ്മെന്റാണെന്നു പറഞ്ഞാൽ എന്നെ കുറ്റപ്പെടുത്തരുത്. 1009 വോട്ടിനാണ് ഞങ്ങൾ ആലപ്പുഴയിൽ തോറ്റത്. ഇന്ത്യ ആകെ അറിയുന്ന, ഇന്ത്യൻ പാർലമെന്റിൽ മന്ത്രിമാരാകാൻ യോഗ്യതയുള്ള രണ്ട് ആളുകൾക്കാണ് അവിടെ സീറ്റ് നഷ്ടപ്പെട്ടത്. ഏതെങ്കിലും പ്രത്യേക വ്യക്തികളെ സംരക്ഷിക്കാനാണോ എന്ന് എനിക്ക് അറിയില്ല. പി.ഡി.പി.യെ സംബന്ധിച്ച് അഭിപ്രായം പറഞ്ഞു. രണ്ട് സീറ്റ് UDF-ന് പോയി. പി.ഡി.പി. LDF-ന് വോട്ടു ചെയ്താൽ സ്വർഗ്ഗീയം, UDF-ന് ചെയ്താൽ അത് വർഗ്ഗീയം.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പറഞ്ഞ് നടക്കുന്ന ആളുകളാണ് അപ്പുറത്തിരിക്കുന്നത്. പക്ഷെ, പി.ഡി.പി.-യുടെ അബ്ദുൾ നാസർ മ്അദനിയെ സംബന്ധിച്ച് ഗവണ്മെന്റെടുത്ത നിലപാടിന് വിരുദ്ധമായി ഡി.ജി.പി.-യുടെ സ്റ്റേറ്റ്മെന്റ് പത്രത്തിൽ വന്നപ്പോൾ ഞങ്ങളോടൊപ്പം പ്രവർത്തിച്ച ആളുകൾ തിരിഞ്ഞുനിന്ന് പിറ്റേദിവസം അപ്പുറത്ത് പ്രവർത്തിക്കുന്ന അനുഭവം ഞങ്ങൾക്കുണ്ടായി. ഇതുപോലുള്ള കാര്യങ്ങളിൽ വേണ്ടത്ര ധാരണയുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. ഡി.ജി.പി. ചെയ്തത് ബോധപൂർവ്വമാണെന്ന് ഞാൻ പറയുന്നില്ല, പക്ഷെ, ഇത്തരം കാര്യങ്ങളിൽ ഞങ്ങൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇതുപോലുള്ള കാര്യങ്ങൾക്ക് നിയന്ത്രണമുണ്ടാകണം. ഞാൻ ആരെയും കുറ്റപ്പെടുത്താൻ പറയുന്നതല്ല. പോലീസ് വളരെ സ്തുത്യർഹമായ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നുണ്ട്. മുഖ്യമന്ത്രി എടുത്തിട്ടുള്ള സമീപനങ്ങളെ ഞാൻ പൂർണ്ണമായും പിൻതാങ്ങുകയാണ്. അങ്ങയുടെ പോലീസ് നയം, അങ്ങ് ഉദ്ദേശിക്കുന്ന രൂപത്തിൽ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്.

ശ്രീ. ഷിബു ബേബി ജോൺ: ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഒരു മുന്നണി സംവിധാനത്തിന്റെ പരിമിതികളും, മര്യാദകളും ഉൾക്കൊണ്ടുകൊണ്ടു പറയട്ടെ, രാഷ്ട്രീയ ഇടപെടലുകളിൽ നിന്ന് സ്വതന്ത്രമായതുകൊണ്ട് അധികാര ദുർവിനിയോഗത്തിൽ നിന്നും അഴിമതിയിൽ നിന്നും മോചിതരായ പോലീസ് കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടേയും ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ നീതിയുക്തമായ പ്രവർത്തനങ്ങൾ നടത്തിയതുവഴി പോക്കറ്റടി, പിടിച്ചുപറി, കവർച്ച, കൊള്ളിവയ്പ്, ഭവനഭേദനം, മോഷണം, പെൺവാണിഭം, സ്ത്രീ പീഡനം, ബലാൽസംഗം, കള്ളക്കടത്ത്, കൊലപാതകം തുടങ്ങി മുണ്ടുരിയൽ, ഒളിച്ചിരുന്നു നോക്കിയതിന് തലയ്ക്കടിച്ചു കൊല്ലൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ കേരളത്തിൽ ഗണ്യമായി കുറഞ്ഞുവെന്ന ഡി.ജി.പി.യുടെ നിരന്തരമായ പത്ര പ്രസ്താവനകൾ വഴി ഞങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കുകയാണ്. ഈ പോലീസ് നയം ശക്തിയുക്തം തുടരട്ടെ എന്ന് സർവ്വദൈവങ്ങളോടും പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. മുഹമ്മദാലി: പോലീസ്, നീതിന്യായ നിർവഹണം, ജയിലുകൾ എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തെ പൊതുവായ സാഹചര്യങ്ങളാണ് പലപ്പോഴും ഈ സഭയിൽ പ്രതിഫലിക്കാറുള്ളത്. ആഭ്യന്തര വകുപ്പിനെക്കുറിച്ചും, പോലീസ് വകുപ്പിനെക്കുറിച്ചുമുള്ള ചർച്ചകൾ നടക്കുമ്പോൾ സഭാന്തരീക്ഷം വളരെ പ്രക്ഷുബ്ധമാകാറുണ്ട്. വളരെ ശാന്തമായിട്ടാണ് ഈ ചർച്ചകൾ ഇപ്പോൾ നടന്നുപോകുന്നത്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. കോടിയേരി കണ്ണൂരിൽ നിന്നാണ് വരുന്നത്. അദ്ദേഹത്തിന് പോലും ആശ്വാസമാകുന്ന നിലയിൽ നിയമസമാധാന രംഗത്ത് മാറ്റമുണ്ടായി എന്നതിന്റെ പ്രതിഫലനമായിട്ടാണ് വളരെ ശാന്തമായി ഈ ചർച്ച നടക്കാൻ കാരണം. നീതിബോധമുള്ള ഒരു മുഖ്യമന്ത്രി പോലീസ് സേനയ്ക്ക് പ്രവർത്തനസ്വാതന്ത്ര്യം നൽകിക്കൊണ്ട്, ധീരമായ നടപടി സ്വീകരിച്ചുകൊണ്ടാണ് ഈ വകുപ്പ് മുന്നോട്ട് കൊണ്ടുപോകുന്നത്. പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചത് ദുരുപയോഗപ്പെടുത്താതെ

LIBRARY ARCHIVES Kerala Legislative Assembly

നന്നായി നടത്തിക്കൊണ്ടുപോവുക എന്നുള്ളതാണ് പോലീസിനെ സംബന്ധിച്ചിടത്തോളം അവർ നിർവ്വഹിക്കേണ്ട ചുമതല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചുമതലാബോധത്തോടുകൂടി പ്രവർത്തിക്കുക എന്നതാണ് പോലീസിന്റെ ചുമതല. വളരെ വർഷങ്ങളായി ഉയർന്നുവന്നിട്ടുള്ള പോലീസുമായി ബന്ധപ്പെട്ട ആവശ്യങ്ങളോട് കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളായി നന്നായി പ്രതികരിച്ച ഗവണ്മെന്റാണിത്. സംസ്ഥാന നിയമസഭയിലെ പരേതനായ പി. എം. അബൂബേക്കർ ചെയർമാനും ഞാൻ അംഗവുമായിരുന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റി അന്ന് പോലീസിനെക്കുറിച്ചുള്ള പരിശോധനകൾ നടത്തുകയുണ്ടായി. കേരളത്തിലെ എല്ലായിടത്തും ഉള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾ അവരുടെ ഭൗതിക സാഹചര്യങ്ങളുടെ കുറവുകൾ ഒക്കെ അന്ന് പരിശോധിച്ചു. റിപ്പോർട്ടും നൽകുകയുണ്ടായി. പോലീസ് ക്യാമ്പുകളിലെ സ്ഥിതിയെക്കുറിച്ചെല്ലാം വളരെ വിശദമായി പ്രസ്താവിച്ചിരുന്നു. ഇന്ന് ആ ആവശ്യത്തോട് നന്നായി ഈ ഗവണ്മെന്റ് പ്രതികരിച്ചു. സാധാരണ പോലീസുകാർ വരെയുള്ളവർക്ക് അവർ അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഒഴിവാക്കുവാൻ താമസ സൗകര്യങ്ങളുണ്ടാക്കി. നല്ല ഓഫീസുകൾ ഉണ്ടാക്കി. വാഹനങ്ങൾ നൽകി. ആവശ്യമായ ഉപകരണങ്ങൾ നൽകി. അങ്ങനെ എല്ലാ നിലയിലും കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലം പോലീസിനെ സംബന്ധിച്ചിടത്തോളം നവീകരണത്തിന്റെ കാര്യത്തിൽ വളരെ മുന്നോട്ട് പോകാൻ കഴിഞ്ഞകാലഘട്ടമായിരുന്നു. പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മാറിമാറി വന്ന ഗവൺമെന്റുകൾ ആ കാര്യങ്ങളിൽ അടിസ്ഥാനപരമായ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുമ്പോൾ എല്ലാവരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട് എന്ന് മനസ്സിലാക്കാം. പോലീസ് കോൺസ്റ്റബിൾമാരുടെ അംഗസംഖ്യ കുറവാണെന്നുള്ളതാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിയമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും കേസ് അന്വേഷണങ്ങൾ നടത്തുന്നതിലും വരുന്ന പാകപ്പിഴകൾക്ക് പ്രധാനകാരണമായി കാണേണ്ടത്. പോലീസ് സേനയിൽ അംഗസംഖ്യ ശരിയായ രീതിയിൽ വർദ്ധിപ്പിക്കാനുള്ള ശ്രമം ഉണ്ടായിട്ടില്ല. അതേസമയം ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ അംഗസംഖ്യ എല്ലാ ഗവണ്മെന്റുകളും വർദ്ധിപ്പിച്ചുകൊടുത്തിട്ടുണ്ട്. ഡി.ജി.പി.-മാരുടെ എണ്ണം വർദ്ധിപ്പിച്ചു, എ.ഡി.ജി.പി.മാരുടെ എണ്ണം വർദ്ധിപ്പിച്ചു, ഡി.ഐ.ജി.മാരുടെ എണ്ണം വർദ്ധിപ്പിച്ചു, ഐ.ജി.മാരുടെ എണ്ണം വർദ്ധിപ്പിച്ചു. കേരളത്തെ സംബന്ധിച്ചിടത്തോളം 'ടോപ് ഹെവി പോലീസ് ഫോഴ്സ്' എന്ന നിലയിലുള്ള ഒരു സമീപനമാണ് എല്ലാ ഗവൺമെന്റുകളും സ്വീകരിച്ചത്. ഇങ്ങനെയുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ തസ്തിക കൂടുതലുണ്ടാകുമ്പോൾ അതോടൊപ്പം ഇന്നുള്ള പോലീസ് സേനകളുടെ പരിമിതികളിൽനിന്നുകൊണ്ട് അവർക്ക് സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻവേണ്ടി സാധാരണ പോലീസുകാരെ ഉപയോഗിക്കേണ്ട സ്ഥിതിയും സംസ്ഥാനത്തുണ്ടായി എന്നുള്ളതാണ് ഇന്ന് കാര്യക്ഷമത പല രംഗങ്ങളിലും കുറയുവാൻ കാരണമായിട്ടുള്ളത്. പല പ്രധാനപ്പെട്ട സംഭവവികാസങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ഇവിടെ നേരത്തെ ശ്രീ. പി.എസ്. സുപാൽ സംസാരിച്ചപ്പോൾ നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് കുറ്റവാളികളുടെയും കുറ്റകൃത്യങ്ങളുടെയും എണ്ണം നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നുവെന്ന് പറഞ്ഞു. എന്താണ് അതിന് കാരണം? കേരളത്തിൽ എന്ത് സംഭവമുണ്ടായാലും ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളായാലും അതിന് കേസ് ചാർജ് ചെയ്യും. കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളുടെ സ്ഥിതി പരിശോധിച്ചാൽ കൊലപാതകങ്ങൾക്കുപോലും കേസ് എടുക്കാത്ത സംസ്ഥാനങ്ങളുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ജനങ്ങൾ ബോധവാന്മാരായതുകൊണ്ട് മറ്റ് പല തരത്തിലും പ്രബുദ്ധതയുള്ളതുകൊണ്ട് ഏത് ചെറിയ സംഭവമുണ്ടായാലും കേസ് എടുക്കുന്ന സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്തുണ്ടാകാറുള്ളത്. അപ്പോൾ സ്വാഭാവികമായും കേസ്സുകളുടെ എണ്ണം വർദ്ധിക്കും. അതൊരു നല്ല കാര്യമായിട്ടാണ് ഞാൻ കാണുന്നത്.

ശ്രീ. പി. എസ്. സുപാൽ: എല്ലാ കേസ്സുകളും ചാർജ് ചെയ്യുന്നതിന്റെ ഫലമായിട്ട് ഇത്രയും കേസ്സുകൾ വന്നുവെന്നാണ് അങ്ങ് വാദിക്കുന്നത്. എന്നാൽ അത് തെറ്റാണ്. സി.ആർ.ബി. തന്നെ പറഞ്ഞത്, ലഭിക്കുന്ന കേസ്സുകളിൽ ഏറ്റവും കുറച്ച് കേസ്സുകൾ മാത്രം രജിസ്റ്റർ ചെയ്യുന്ന സംസ്ഥാനമാണ് കേരളമെന്നാണ്. അത് അങ്ങ് മനസ്സിലാക്കിയില്ല എന്നതാണ്.

ശ്രീ. കെ. മുഹമ്മദാലി: അങ്ങയുടെ അറിവ് ശരിയല്ല. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിനോക്കണം. പ്രമാദമായ പല കേസ്സുകളും വളരെയേറെ പ്രക്ഷോഭങ്ങളും സമരങ്ങളുമുണ്ടായതിനുശേഷമാണ് അവിടെ ചാർജ് ചെയ്തിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ ഒരു സാഹചര്യമുണ്ട്. ബംഗാളിലെ സ്ഥിതിയാകട്ടെ ബലാംൽസംഗ കേസ്സുകൾപോലും അവിടെ ചാർജ് ചെയ്യുന്നില്ല. കേരളത്തിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറാകുന്നു, കേസ്സ് ചാർജ് ചെയ്യുവാൻ തയ്യാറാകുന്നു.

ശ്രീ. പി.സി. ജോർജ്: മൂന്ന് വർഷംകൊണ്ട് 392180 കുറ്റകൃത്യങ്ങൾ ഉണ്ടായെന്നാണ് റിപ്പോർട്ട്. അപ്പോൾ അത് കുറവാണെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. കെ. മുഹമ്മദാലി: കേസ് കുറഞ്ഞുവെന്നല്ല പറഞ്ഞത്. ഇവിടെ എല്ലാം ചാർജ് ചെയ്യാറുണ്ട്. ബംഗാൾ ഉൾപ്പെടെ മറ്റ് പല സംസ്ഥാനങ്ങളിലും പലപ്പോഴും പ്രമാദമായ കേസ്സുകൾപോലും ചാർജ് ചെയ്യാറില്ല. കേസ് എടുക്കാറില്ല. അങ്ങനെയുള്ള സാഹചര്യമല്ല ഇവിടെയുള്ളത്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക് പറഞ്ഞുകൊണ്ട് കേരളത്തിലെ സ്ഥിതി മോശമാണെന്ന് പറയുവാൻ ശ്രമിക്കുന്നത് ശരിയല്ല. കേരളത്തിൽ ഇന്ന് നാം നേരിടുന്ന പല പ്രശ്നങ്ങളുണ്ട്. ക്രമസമാധാന രംഗത്തെ പുതിയ പ്രവണതകൾ, ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് കുറ്റവാളികൾ നടത്തുന്ന കുറ്റകൃത്യങ്ങൾ ഇതിനെയെല്ലാം കണ്ടുപിടിക്കുവാൻ അഭിരുചിയുള്ള ഉദ്യോഗസ്ഥന്മാരെ, വാസനയുള്ള ഉദ്യോഗസ്ഥന്മാരെ, നിയോഗിക്കുന്നതിൽ നമുക്ക് വീഴ്ച വരുന്നുണ്ട്. കുറ്റാന്വേഷണ കാര്യങ്ങളിൽ അഭിരുചിയുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നില്ല. ഞാൻ വരുന്ന എറണാകുളം ജില്ലയിൽ നാലഞ്ച് പ്രധാനപ്പെട്ട സംഭവങ്ങളുണ്ടായി. വളരെ വേദനയുണ്ടാക്കുന്ന സംഭവങ്ങൾ. അടുത്ത ദിവസങ്ങളിൽ രണ്ട് മരണം. പഴയ ജില്ലാ മെഡിക്കൽ ഓഫീസർ വാസുദേവമേനോന്റെ ഭാര്യയുടെ മരണം. അതുപോലെയുള്ള സംഭവങ്ങളെക്കുറിച്ച് ഇന്ന് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താൻ കഴിയാതെ പോകുന്നത്, അഭിരുചിയുള്ള വിദഗ്ദ്ധരായിട്ടുള്ള ആളുകളെ ഈ കാര്യങ്ങളിൽ ചുമതലപ്പെടുത്താൻ തയ്യാറാകാതെ വരുന്നതുകൊണ്ടാണ്. കൂടുതൽ ഡി.ജി.പി.മാർ ഉണ്ടായതുകൊണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

എ.ഡി.ജി.പി.-മാർ ഉണ്ടായതുകൊണ്ടോ, ഐ.ജി.മാർ ഉണ്ടായതുകൊണ്ടോ, ഡി.ഐ.ജി.-മാർ ഉണ്ടായതുകൊണ്ടോ കേസ് ശരിയായി നടക്കണമെന്നില്ല. നമ്മുടെ പഴയ പോലീസ് സ്റ്റേഷനുകളിൽ ഈ കാര്യങ്ങളിൽ അഭിരുചിയുള്ള പ്രത്യേക വിഭാഗത്തിന് ചുമതല കൊടുത്തതുകൊണ്ട് പല കേസ്സുകളും കണ്ടെത്താൻ അവസരം ഉണ്ടായി. ഇന്ന് ആ സ്ഥിതി കാണുന്നില്ല. ആ സ്ഥിതി ഉണ്ടാകുന്നതിന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. ഈ കാര്യങ്ങളെക്കുറിച്ച് വളരെ കഴിവുള്ള സമർത്ഥന്മാരായ ഉദ്യോഗസ്ഥരെ പ്രത്യേക വിഭാഗമായി കണ്ടുകൊണ്ട് നിയമസമാധാനത്തിന്റെ ചുമതല ഏൽപ്പിച്ച് മറ്റ് കാര്യങ്ങളിൽനിന്ന് ഒഴിവാക്കി അവരുടെ തസ്തികയുടെ വലിപ്പം കാണാതെ അവരെ ഏൽപ്പിച്ചുകഴിഞ്ഞാൽ ഇത്തരം കേസ്സുകൾക്ക് തുമ്പുണ്ടാക്കുവാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്നുതന്നെ വളരെയേറെ സംഭവങ്ങൾ നടക്കുന്നു. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിലെ വരാപ്പുഴയിൽ ജുവലറി കുത്തിത്തുറന്ന് പത്തുമുപ്പത് ലക്ഷം രൂപയുടെ മോഷണം നടത്തി. ഇതുവരെ ഒരു തുമ്പും ഉണ്ടാക്കുവാൻ കഴിഞ്ഞില്ല. കാരണം അത് കണ്ടുപിടിക്കുന്നതിന് വാസനയുള്ള ഉദ്യോഗസ്ഥരെ പോലീസ് സ്റ്റേഷനിൽ ലഭിക്കുന്നില്ല. പോലീസ് സ്റ്റേഷനിൽ കോൺസ്റ്റബിൾമാരില്ല. എണ്ണക്കുറവ് വളരെയേറെയാണ്. പുതിയ പുതിയ ജോലികൾക്കുവേണ്ടി പോലീസുകാരെ ഉപയോഗിക്കേണ്ടിവരുന്നു. ഇത്തരം കാര്യങ്ങളിൽനിന്ന് അവരെ ഒഴിവാക്കി പരിചിതരായവർക്ക് അന്വേഷണച്ചുമതല നിശ്ചയിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പോലീസ് നയത്തെക്കുറിച്ച് പറയാറുണ്ട്. പോലീസ് നിയമവാഴ്ച നടപ്പിലാക്കുവാൻ ചുമതലയുള്ളവരാണ്. അല്ലാതെ മാറിമാറിവരുന്ന നയരൂപീകരണത്തിലൂടെ പോലീസിനെക്കൊണ്ടുപോകുവാൻ കഴിയില്ല. സി.ആർ.പി.സി.-യും ഐ.പി.സി.-യും കേരളാ പോലീസ് ആക്ടും പാർലമെന്റും നിയമസഭയും അതാത് സന്ദർഭങ്ങളിൽ പാസ്സാക്കുന്ന നിയമങ്ങളും അനുസരിച്ചാണ് അവർ പ്രവർത്തിക്കുന്നത്. ആ ചട്ടക്കൂട്ടിനകത്തുനിന്നുകൊണ്ട് പ്രവർത്തിക്കുകയെന്നതാണ് പോലീസിന്റെ ചുമതല. അവിടെ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരെ നിയന്ത്രിക്കുവാൻ ഗവൺമെന്റിന് കഴിയണം. ചുമതല ഏറ്റെടുക്കുവാൻ കഴിയണം. ഗുണ്ടാ മാഫിയാ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഇവിടെ ഭരണഘടനാനുസൃതമായി തെരഞ്ഞെടുത്തുവരുന്നവർ ഏതെങ്കിലും കാര്യങ്ങളിൽ ഇടപെടുന്നത് നീതിക്കുവേണ്ടിയാണ്. അങ്ങനെ വരുമ്പോൾ രാഷ്ട്രീയക്കാരുടെ ഇടപെടൽ വരുന്നുവെന്ന് ആക്ഷേപിക്കുന്നത് ശരിയല്ല. തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളെ രാഷ്ട്രീക്കാരാണെന്ന നിലയിൽ പരാമർശിച്ച് അവരെ ചെറുക്കാൻ ശ്രമിക്കുന്ന സമീപനം അത് പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നായാലും മറ്റ് ആരുടെ ഭാഗത്തുനിന്നായാലും അനുകൂലിക്കുവാൻ കഴിയില്ല. ജനപ്രതിനിധികൾക്ക് അവരുടേതായ അക്കൗണ്ടബിലിറ്റിയുണ്ട്. നാളെ ജനങ്ങളോട് മറുപടി പറയേണ്ടിവരും. അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോഴെങ്കിലും മറുപടി പറയേണ്ടിവരും. നീതി ലഭിക്കുന്നതിനുവേണ്ടിയാണ്, അന്യായം നടക്കാതിരിക്കുന്നതിനു വേണ്ടിയാണ് അവർ പ്രവർത്തിക്കുന്നത്. അതിനിടയിൽ അപൂർവ്വമായി ചില കാര്യങ്ങളുണ്ടാകാം. ഗുണ്ടാ മാഫിയാ പ്രവർത്തനത്തെക്കുറിച്ച് പറഞ്ഞു. എന്താണ് കാര്യം? ഇവിടെ രാഷ്ട്രീയക്കാരുടെ സ്വാധീനത്തെക്കുറിച്ച് പറഞ്ഞു. രാഷ്ട്രീയക്കാരുടെ സ്വാധീനം ഈ രംഗത്തുണ്ടെന്ന് എല്ലാപേരും പറയുന്നുണ്ട്. എവിടെയെല്ലാമാണ് സ്വാധീനമുള്ളത്? സാമ്പത്തികമായി സ്വാധീനമുള്ളവരുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വാധീനം വന്നിരിക്കുന്നു. ധനകാര്യ സ്ഥാപനങ്ങളുടെ നടത്തിപ്പുകാർ ഇന്ന് ഗുണ്ടകളെ ഉപയോഗപ്പെടുത്തുന്നു. അതുപോലെ മറ്റ് പുതിയ സാഹചര്യങ്ങൾ, ക്രെഡിറ്റ് കാർഡിന്റെ വിൽപനയ്ക്കും അതിന്റെ പണം കളക്ട് ചെയ്യുന്നതിനും ഇന്ന് ഗുണ്ടകളെ ഉപയോഗിക്കുകയാണ്. ഹയർ പർച്ചേസുകാർ പണം പിരിക്കുവാൻ ഗുണ്ടകളെ ഏൽപ്പിക്കുകയാണ്. ടെലഫോൺ, മൊബൈൽ വരിസംഖ്യ പിരിവ് ഇന്ന് ഗുണ്ടകളെ ഏൽപ്പിക്കുന്നു. അവരെ ഏൽപ്പിക്കുന്ന കമ്പനികളേയും ധനകാര്യ സ്ഥാപനങ്ങളേയും പോലീസ് ഉദ്യോഗസ്ഥർ സഹായിക്കുന്നുവെങ്കിൽ അത് നിയന്ത്രിക്കുവാൻ മുഖ്യമന്ത്രി തയ്യാറാകണം. പോലീസ് ഉദ്യോഗസ്ഥന്മാർ ഗുണ്ടകളെ ഉപയോഗിക്കുന്നുവെങ്കിൽ അതിനെ തടയുന്നതിനുള്ള സാഹചര്യമുണ്ടാകണം. അതൊക്കെ ആലോചിക്കണം.

സർ, ഇവിടെ വിജിലൻസിന്റെ കാര്യം പറഞ്ഞു. ഉദ്യോഗസ്ഥന്മാരെക്കുറിച്ച് ധാരാളം അന്വേഷണം വിജിലൻസ് നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. സമയപരിധി കഴിയുമ്പോൾ ആണ് പല ഉദ്യോഗസ്ഥന്മാരുടെയും പേരിൽ കേസ് ചാർജ്ജ് ചെയ്യുന്നത്. കോടതിയിൽ പോയാൽ തട്ടിപ്പോകും. 15 കൊല്ലം കഴിയുമ്പോൾ അല്ലെങ്കിൽ ഒരു നിശ്ചിത കൊല്ലമാണ് സമയം വച്ചിരിക്കുന്നത്. വിജിലൻസ് എടുക്കുന്ന കേസ് സമയപരിധി കഴിഞ്ഞശേഷം മാത്രമേ പലപ്പോഴും ചാർജ്ജ് കൊടുക്കാറുള്ളു. അതുകൊണ്ട് ഈ ഉദ്യോഗസ്ഥന്മാർ പിരിഞ്ഞുപോയാൽ ഒരു കുഴപ്പവുമില്ലാതെ, വിജിലൻസ് കണ്ടുപിടിച്ച ആളുകൾ പോലും ഒരു രീതിയിലും ശിക്ഷിക്കപ്പെടാതെ, വിചാരണയ്ക്ക് വിധേയരാകാതെ, രക്ഷപ്പെടുന്ന സാഹചര്യം ബോധപൂർവ്വമായി ഈ സംസ്ഥാനത്ത് പോലീസുദ്യോഗസ്ഥന്മാർ ഉണ്ടാക്കുന്നുണ്ട്. അതിനെക്കുറിച്ച് ആലോചിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരം പ്രശ്നങ്ങളിൽ നീതിബോധത്തോടെ സമീപിക്കണം, അങ്ങനെ ചെയ്യുന്ന ഒരു മുഖ്യമന്ത്രി ഈ സംസ്ഥാനത്തുണ്ട്. ആ മുഖ്യമന്ത്രിയുടെ കീഴിൽ പോലീസിലും നീതിന്യായ മേഖലയിലും ജയിൽ മേഖലയിലും ഇന്നുള്ള പുതിയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി, സംസ്ഥാനത്ത് നിയമസമാധാന വാഴ്ച ഉറപ്പു വരുത്തുന്ന കാര്യത്തിൽ മുന്നോട്ടുപോകാൻ കഴിയണം. ഈ ഗവൺമെന്റ് അങ്ങനെ പോകുമെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുറച്ചു മാസം മുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്ലസ് ടു വിദ്യാലയത്തിൽ അനാവശ്യമായി അവിടത്തെ പോലീസുദ്യോഗസ്ഥൻ കുറേ പോലീസുകാരുമായി ഒരുമിച്ചു ചെന്ന് അവിടത്തെ അദ്ധ്യാപകനെ ബലമായി പിടിച്ചുകൊണ്ടുപോയി. ഇതുമായി ബന്ധപ്പെട്ട് അവിടത്തെ പ്രിൻസിപ്പലും മറ്റ് അദ്ധ്യാപകരും എല്ലാ രാഷ്ട്രീയ കക്ഷികളും [കോൺഗ്രസ് (ഐ) അടക്കം] പ്രകടനം നടത്തി പ്രതിഷേധിച്ചു. ഡിസ്ട്രിക്ട് പഞ്ചായത്തു മെമ്പർമാരും പോലീസ് സ്റ്റേഷനിൽ ചെന്നു. ജനങ്ങളുടെ കാര്യം എന്തെങ്കിലും പോലീസ് സ്റ്റേഷനിൽ പറഞ്ഞാൽ അസഭ്യമായ രൂപത്തിൽ സംസാരിക്കുകയാണ് പതിവ്. ഇങ്ങനെ ഒരു സംഭവമുണ്ടായപ്പോൾ ഞാൻ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിലൊക്കെ ഈ വിവരം എത്തിച്ചു. ആ ഉദ്യോഗസ്ഥനെ മാറ്റാൻ കുറേ മാസങ്ങൾ എടുക്കേണ്ടി വന്നു. ഇത് പോലീസിനെ സംബന്ധിച്ച് സാമാന്യ ജനങ്ങളിലുള്ള അഭിപ്രായം മാറാൻ ഇടയാക്കില്ലേ? പോലീസിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യങ്ങളെക്കുറിച്ച് ശ്രീ. മുഹമ്മദാലിയും ശ്രീ. പ്രതാപവർമ്മ തമ്പാനും പറഞ്ഞു. ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാർക്ക് താമസിക്കാൻ നല്ല കെട്ടിടങ്ങൾ വേണം. മാറി മാറി വരുന്ന പോലീസുകാരുടെ മക്കൾക്ക് സ്ക്കൂളിൽ പഠിക്കാൻ, അഡ്മിഷൻ കിട്ടാൻ കഷ്ടപ്പെടുന്ന അവസ്ഥയുണ്ടെങ്കിൽ അവർക്ക് സ്ക്കൂളിൽ സീറ്റുകൾ ലഭിക്കാനുള്ള സൗകര്യങ്ങൾ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഉണ്ടാക്കണം. അതുപോലുള്ള പല പ്രശ്നങ്ങളുണ്ട്. ഗൾഫിൽ പോകുന്ന ആളുകൾ എം.എൽ.എ.-മാരുടെ അടുത്ത് വന്ന് കത്തു വാങ്ങിയാൽ വളരെ പെട്ടെന്ന് പാസ്പോർട്ട് ലഭിക്കും. അങ്ങനെ കത്തുകൊടുക്കുന്ന സംവിധാനമുണ്ട്. അതിനായി പാസ്പോർട്ട് വേണ്ടവർ എം.എൽ.എ.-മാരെ സമീപിക്കും. എം.എൽ.എ.-മാർ നൽകുന്ന കത്ത് പരിഗണിക്കുമെന്നുണ്ടെങ്കിൽ അതു പരിഗണിക്കണം. പരിഗണിക്കുന്നില്ലെങ്കിൽ പരിഗണിക്കേണ്ട. അതിൽ യാതൊരു ആക്ഷേപവുമില്ല. ഉത്തരവാദപ്പെട്ട ഒരു ഓഫീസിൽ എം.എൽ.എ.-മാർ അയയ്ക്കുന്ന ഒരു കത്തും ചില ഘട്ടങ്ങളിൽ മന്ത്രിയുടെ കത്തുപോലും, വായിച്ചു നോക്കാതെ ഉടനെ ചവറ്റുകുട്ടയിൽ ഇടുന്ന അവസ്ഥ വരുന്നു എന്നറിഞ്ഞു. ഞങ്ങൾക്ക് അതിനുള്ള അനുവാദം തരേണ്ട, തരുന്നുണ്ടെങ്കിൽ അത് മാന്യമായി വിലയിരുത്തണം, അംഗീകാരം നൽകണം. നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പോലീസ് അതിക്രമങ്ങളുടെ കണക്ക് പത്രങ്ങളിൽ വന്നിരുന്നു. ഈ കണക്ക് നമ്മുടെ നാട്ടിന് ഗുണകരമാണോ എന്ന് പരിശോധിക്കണം.

ശ്രീ. വി. സി. കബീർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. പി. പി. ജോർജ് മാസ്റ്റർ തോക്കു വാങ്ങണമെന്നു പറഞ്ഞു. മുസ്തഫ എം.എൽ.എ. പറഞ്ഞത് ഗുണ്ടകളെ വളർത്തുന്നത് പോലീസാണെന്നാണ്. ഇപ്പോൾ ശ്രീ. ഷിബു ബേബിജോണും ശ്രീ. മുഹമ്മദാലിയും പ്രസംഗിച്ചപ്പോൾ കാര്യമെല്ലാം പിടികിട്ടി. സത്യം പറഞ്ഞാൽ അമ്മ തല്ലു കൊള്ളും, സത്യം പറഞ്ഞില്ലെങ്കിൽ അച്ഛൻ പട്ടിയിറച്ചി തിന്നും എന്നതാണ് ഇപ്പോൾ ആഭ്യന്തര വകുപ്പിനെക്കുറിച്ച് പറയാനുള്ളത്. പോലീസുകാർ കൊള്ളയടിക്കുകയാണ്. നീതിയും നിയമവും നടപ്പിലാകുന്നില്ല. കിളളിയിൽ ഉണ്ടായത് എന്താണ്? തൃശൂരിൽ കൊലപാതകങ്ങളുടെ പരമ്പരകളാണ്. ആരെയും അറസ്റ്റു ചെയ്യാൻ സാധിക്കുന്നില്ല. എറണാകുളത്തും കൊലപാതക പരമ്പരകൾ നടക്കുകയാണ്. പോലീസിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല. നമ്മുടെ പോലീസിന് എന്തുപറ്റി? ഞാൻ അൽഭുതപ്പെടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തുപറ്റി? ശ്രീ. എ. കെ. ആന്റണിയിൽ നിന്ന് ഇത് പ്രതീക്ഷിച്ചില്ല. ബാലേട്ടൻ മരിച്ച സന്ദർഭത്തിൽ ശ്രീ. വി. എം. സുധീരനും ശ്രീ. കെ.സി. വേണുഗോപാലും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പാലക്കാട് വന്നു. അവർ അനുശോചനം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ തൃശൂർ ജില്ലയുടേയും പാലക്കാട് ജില്ലയുടേയും അതിർത്തിയായ വാണിയമ്പാറയിൽ വച്ച് ഹൈവേ പോലീസ് അവരെ തടഞ്ഞു. കൊള്ളസംഘമാണ് ഹൈവേ പോലീസ്. കാറിൽ നിന്ന് ഡ്രൈവറെ വിളിച്ച് നിങ്ങൾ മഞ്ഞവര ലംഘിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതുകൊണ്ട് 500 രൂപ തരണം അല്ലെങ്കിൽ ആയിരം രൂപ കോടതിയിൽ കെട്ടിവയ്ക്കേണ്ടി വരും എന്ന് പറഞ്ഞു. കാറിൽ ഇന്നയിന്ന ആളുകളൊക്കെയാണ് ഇരിക്കുന്നതെന്നു പറഞ്ഞ് ഡ്രൈവർ സങ്കടപ്പെട്ടു. ആരിരുന്നാലും കുഴപ്പമില്ല, 500 രൂപ തന്നാൽ വെറുതേ വിടും അല്ലെങ്കിൽ ആയിരം രൂപ കോടതിയിൽ കെട്ടിവയ്ക്കണമെന്നാണ് പറഞ്ഞത്. ഇങ്ങനെയൊക്കെ എം.എൽ.എ.-മാരോട് പറയാൻ നാണമില്ലേ? ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

അപമാനകരമാണ്. പോലീസിന് എന്തെല്ലാമോ പറ്റിയിട്ടുണ്ട്. അതു തിരുത്തണം. അല്ലെങ്കിൽ യു.പി. പോലീസിനെക്കുറിച്ചും ഗുജറാത്ത് പാലീസിനെക്കുറിച്ചും പറയുന്നതൊക്കെ നമുക്കും പറയേണ്ടിവരും. ഇതിനെല്ലാം പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ഈ ഗവൺമെന്റിന് അതിനെല്ലാം കണക്കു പറയേണ്ടി വരും. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. കൂടുതൽ കുറ്റങ്ങൾക്ക് വിധേയമായ ഒരു വകുപ്പിന്റെ ധനാഭ്യർത്ഥനയാണ് ഇത്. പ്രശ്നബാധിത പ്രദേശത്ത് പോലീസ് എത്തി തല്ലിയാൽ കുഴപ്പം, തല്ലിയില്ലെങ്കിൽ കുഴപ്പം. പ്രതികരിച്ചാൽ അപകടം, പ്രതികരിച്ചില്ലെങ്കിൽ നിർവീര്യം. ഇതാണ് നമ്മുടെ നാട്ടിൽ പോലീസുകാരെക്കുറിച്ച് നടക്കുന്ന കാര്യങ്ങൾ. മുത്തങ്ങയും കിളളിയും മാറാടുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ആഭ്യന്തരവകുപ്പിൽ എൽ.ഡി.എഫ്. ഭരണകാലത്ത് രാഷ്ട്രീയവൽക്കരണം നടന്നു. ഇപ്പോൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഉദ്യോഗസ്ഥവൽക്കരണം നടന്നു എന്ന ഒരു മാറ്റമാണ് ഇവിടെ കാണാൻ കഴിയുന്നത്. ഇത് വലിയ അപകടകരമായ സ്ഥിതിവിശേഷത്തിലേയ്ക്കാണ് പോകുന്നത്. ചില പോലീസ് ഉദ്യോഗസ്ഥന്മാർ ഗുണ്ടാ മാഫിയാ സംഘങ്ങളുടെ പിടിയിൽ അകപ്പെട്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലം ഇപ്പോൾ ഗുണ്ടാ മാഫിയാ സംഘത്തിന്റെ കേന്ദ്രമായി മാറിയിരിക്കുകയാണ്. ഒരു നിവൃത്തിയുമില്ല. തിരുവനന്തപുരം നഗരത്തിലുള്ള ഗുണ്ടകളും മാഫിയാ സംഘങ്ങളും മുഴുവൻ കഴക്കൂട്ടം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലീസിന്റെ സഹായത്തോടുകൂടി ക്യാമ്പുകൾ നടത്തുന്ന സ്ഥിതിവിശേഷമാണുളളത്. ഇതിന് അറുതി വരുത്താനാവശ്യമായ നടപടി പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഇത് തടയുന്നതിന് പ്രത്യേക നിയമമുണ്ടാക്കാൻ പറ്റില്ലെങ്കിൽ ഇതിനുവേണ്ടി പ്രത്യേകം സ്ക്വാഡ് രൂപീകരിക്കണം. പോലീസ് സബ് ഡിവിഷൻ ലെവലിൽ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും കുറ്റവാളികളെ അമർച്ച ചെയ്യാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട ഒരാവശ്യകത നമ്മുടെ നാട്ടിൽ വന്നിരിക്കുകയാണ്. ജില്ലയിലെ മുഴുവൻ കുററവാളികളും കൊലപാതകികളും അറസ്റ്റു ചെയ്യപ്പെടുന്നത് കഴക്കൂട്ടത്തു വച്ചാണ്. കഴക്കൂട്ടത്ത് വച്ച് അറസ്റ്റു ചെയ്താൽ പിറ്റേ ദിവസം രാവിലെ കോടതിയിൽ ഹാജരാക്കുന്ന സ്ഥിതിയാണുളളത്. ഏത് കൊലയാളിയാണെന്നോ കുറ്റവാളി ആരാണെന്നോ ഇതുമായി ബന്ധപ്പെട്ടവർ അറിയുന്നതിനു മുമ്പുതന്നെ കോടതിയിൽ എത്തുന്നു, കോടതിയിൽ നിന്ന് ദിവസങ്ങൾക്കകം ജാമ്യമെടുത്ത് ഇറങ്ങുന്നു. അവർ വീണ്ടും കൊലപാതകം നടത്തുന്ന സ്ഥിതിവിശേഷമാണുളളത്. പോലീസുദ്യോഗസ്ഥരും മാഫിയാ സംഘങ്ങളുമായിട്ടുളള ബന്ധത്തിന് അറുതി വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, നീതിപൂർവ്വമായി നമ്മുടെ നാട്ടിൽ പോലീസിന്റെ പ്രവർത്തനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി നൽകിയിരിക്കുന്ന സ്വാതന്ത്ര്യം ഒരു ദുഃസ്വാതന്ത്ര്യമായി മാറുകയാണ്. ഇതിന്റെ പരിണിതഫലം ഈ തെരഞ്ഞെടുപ്പിൽ അല്ല, ഇനി വരുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും നമ്മൾ അനുഭവിക്കേണ്ടിവരുമെന്നുളളതുകൊണ്ട് ഇതിന് അറുതി വരുത്താൻ ആവശ്യമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ വീണ്ടും പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭരണ പ്രതിപക്ഷ കക്ഷി അംഗങ്ങളുടെ സംസാരത്തിൽ നിന്നും എനിക്കു മനസ്സിലായത് മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ കക്ഷിയും ചേർന്നുകൊണ്ട് കേരളത്തെ ഒരു ഗുണ്ടാ സംസ്ഥാനമായി മാറ്റിയിരിക്കുന്നുവെന്നാണ്. ആ സത്യം നമ്മൾ

12.00 Noon] അംഗീകരിച്ചേ മതിയാകൂ. സമയക്കുറവു കാരണം ഞാൻ ദീർഘമായി പറയുന്നില്ല, ഒരുദാഹരണം പറയുകയാണ്. കെ.പി.സി.സി. ഓഫീസിൽ കെ.പി.സി.സി. നിർവ്വഹണ സമിതി യോഗത്തിലുണ്ടായ ആക്രമണം മാത്രം പറയുകയാണ്. ഓപ്പൺ ഹാർട്ട് സർജറി കഴിഞ്ഞ ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. പി. പി. തങ്കച്ചൻ ഗുണ്ടകളെ തടയാൻവേണ്ടി ഇറങ്ങിച്ചെന്നപ്പോൾ പോലീസ് വകുപ്പിന്റെ മന്ത്രിയായ ബഹുമാനപ്പെട്ട എ. കെ. ആന്റണി ആ സ്ഥലത്തുണ്ടായിട്ടും വഴിമാറി ഒളിച്ചുപോകുകയാണുണ്ടായത്. അദ്ദേഹം അവിടെ ഇറങ്ങിച്ചെന്ന് വഴക്കുണ്ടാക്കരുതെന്നു പറഞ്ഞാൽ അവിടെ പോലീസുണ്ടാകുമായിരുന്നോ, ഈ സംഘട്ടനമുണ്ടാകുമായിരുന്നോ? ആ ഗുണ്ടകൾക്ക് പിന്തുണ കൊടുക്കുന്ന നയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ടെന്ന് പറയാതിരിക്കാൻ പറ്റാത്ത സാഹചര്യമുണ്ട്. ഈ സംസ്ഥാനത്ത് താഴെത്തട്ടിലുള്ള ഇന്റലിജൻസ് റിപ്പോർട്ട് ബഹുമാനപ്പെട്ട പോലീസ് മന്ത്രിക്ക് ലഭിക്കുമായിരുന്നു, ആ സംവിധാനമേ കളഞ്ഞല്ലോ. ഇപ്പോൾ റിപ്പോർട്ട് പോലീസ് ഡി.ജി.പി.-ക്കു കിട്ടും. അദ്ദേഹത്തിന് തോന്നുന്ന റിപ്പോർട്ടാണ് ഇപ്പോൾ മുഖ്യമന്ത്രിക്ക് കൊടുക്കുന്നത്. ഈ കേരള സംസ്ഥാനത്തിന്റെ കാര്യങ്ങൾ അറിയാനുള്ള അവകാശംപോലും പോലീസ് ഡിപ്പാർട്ടുമെന്റിലെ ഉന്നതോദ്യോഗസ്ഥന്മാർ തടഞ്ഞുവച്ചിട്ട് അതൊന്നും റിപ്പോർട്ടിലില്ല എന്നുള്ള മട്ടിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രവർത്തിച്ചാൽ എങ്ങനെ മുമ്പോട്ടുപോകാൻ കഴിയും? ഞാൻ കെ.പി.സി.സി.-യുടെ കാര്യം മാത്രമായി പറയുകയല്ല, ഇതൊരു ഗുണ്ടാ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്ന സാഹചര്യം നിഷേധിക്കാൻ കഴിയുമോ? ഞാൻ ചോദിക്കട്ടെ, ഈ അടുത്ത കാലത്തെ തെരഞ്ഞെടുപ്പിനുശേഷം എത്രയോ കൊലപാതകങ്ങൾ നടന്നു, ഏതൊക്കെ ജില്ലകളിൽ നടന്നു എന്നുള്ളത് ആലോചിക്കണം. ഞാൻ ഒരു ഉദാഹരണം മാത്രമേ പറയുന്നുള്ളൂ, ഇരിട്ടിയിൽ തൃശ്ശൂർ സി.പി.എം. ബ്രാഞ്ച് സെക്രട്ടറി ഷാജിയെ പെട്രോളൊഴിച്ചു കത്തിച്ചുകൊന്നു. ചുമട്ടു തൊഴിലാളിയായ സി.ഐ.ടി.യു.-ക്കാരൻ മോഹൻദാസിനെ കൊന്നു, തിരുവനന്തപുരത്ത് അജി എന്ന സി.ഐ.ടി.യു. പ്രവർത്തകനെ കൊന്നു, കണ്ണൂർ സെൻട്രൽ ജയിലിൽ രവീന്ദ്രൻ എന്ന കമ്മ്യൂണിസ്റ്റുകാരനെ കൊന്നു, മാരാരിക്കുളത്തെ സി.പി.എം. നേതാവ് ബെന്നിയെ ആർ.എസ്.എസ്.കാർ കൊന്നു, കൊല്ലം കിളികൊല്ലൂർ ഡി.വൈ.എഫ്.ഐ. നേതാവ് അമീറിനെ കൊന്നു. ഇതൊക്കെ വർഗ്ഗീയ സംഘട്ടനങ്ങളാണെന്നു പറയുന്നില്ല, കഴിഞ്ഞ മൂന്നു വർഷംകൊണ്ട് രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകർക്കുപോലും ജീവിക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാക്കിവച്ചില്ലേ? എങ്ങോട്ട് ഭരിച്ചുപോകുന്നു? എനിക്ക് എറ്റവും ബഹുമാനമുള്ള ഒരു എം.എൽ.എ. ആണ് ശ്രീ. മുഹമ്മദ് അലി, അദ്ദേഹം എൻ.സി.ആർ.ബി.-യെ സംബന്ധിച്ച് തെറ്റിദ്ധരിപ്പിക്കുന്ന ഒരു കാര്യം പറഞ്ഞു. രജിസ്റ്റർ ചെയ്യാതെ കേസ് ഒതുക്കുന്ന കാര്യത്തിൽ കേരളമാണ് മുന്നിൽ. കുറ്റവാളികൾക്ക് പുകൾപെറ്റ ബീഹാറിൽപോലും 100% രജിസ്ട്രേഷനാണ് കേസുകളുടെ കാര്യത്തിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തൊട്ടടുത്ത തമിഴ്നാട്ടിൽ 98.5%, കേരളം പിന്നോട്ടു പോയിരിക്കുന്നു. ഇതറിഞ്ഞില്ല എന്ന നിലയിലുള്ള പോലീസ് ഭരണം ഈ കേരളത്തെ നശിപ്പിക്കും, ഇതിന് പരിഹാരമുണ്ടാകണം, ഇനിയെങ്കിലും നയം മാറ്റാൻ അങ്ങ് തയ്യാറാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഡിമാൻഡുകളെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഈ സഭയിൽ എല്ലാ കാലത്തേയും ചർച്ചകളിൽ ഏറ്റവും വിമർശനവിധേയമാകുന്നത് പോലീസ് വകുപ്പാണ്. പക്ഷേ ഇന്ന് എന്തെല്ലാം പുറമേ പറഞ്ഞാലും ഈ സഭയിലുണ്ടായ ചർച്ചകളിൽ ഏറ്റവും കുറച്ച് വിമർശനങ്ങൾ മാത്രമാണ് ഉണ്ടായത്. പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങളിലുണ്ടായ ഗുണപരമായ മാറ്റങ്ങളാണ് ഈ സഭയിൽ പ്രതിഫലിച്ചു കണ്ടത്. കഴിഞ്ഞ മൂന്നു കൊല്ലക്കാലമായി കേരളത്തിന്റെ സാമ്പത്തിക രംഗത്തുണ്ടായ ശ്രദ്ധേയമായ മാറ്റം ഇവിടെ പലരും പറഞ്ഞു. എൽ.ഡി.എഫ്. ഭരണകാലത്ത് തകർന്ന കേരളത്തിന്റെ സമ്പദ്ഘടനയിൽനിന്ന് മോചനമുണ്ടാക്കാൻ കഴിഞ്ഞ മൂന്നു കൊല്ലംകൊണ്ട് യു.ഡി.എഫ്.-നു കഴിഞ്ഞു. അതുപോലെ കഴിഞ്ഞ മൂന്നു കൊല്ലക്കാലം കൊണ്ട് നിയമവാഴ്ച പുനഃസ്ഥാപിക്കാൻ കഴിഞ്ഞ അഭിമാനകരമായ ചിത്രമാണ് കേരളത്തിലെ യു.ഡി.എഫ്.ന് മുന്നോട്ടുവയ്ക്കാനുള്ളത്. മൂന്നു കൊല്ലത്തിനപ്പുറം കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി നിയമവാഴ്ച തകർത്തകാര്യം മറക്കരുത് മറവി ഒരനുഗ്രഹമായതുകൊണ്ട് എല്ലാം മറന്നുപോകരുത്, ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ നിയമവാഴ്ച ഏറ്റവും തകർന്ന ഒരു ദയനീയമായ ചിത്രമായിരുന്നു. പോലീസിൽ രാഷ്ട്രീയമായ ഇടപെടൽ ഏറ്റവും കൂടുതലുണ്ടായ കാലഘട്ടമായിരുന്നു. പോലീസിന്റെ നിയന്ത്രണം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന മുഖ്യമന്ത്രിക്കായിരുന്നില്ല, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിക്കായിരുന്നു. ഭരണത്തിന്റെ നിയന്ത്രണം സെക്രട്ടേറിയറ്റിലായിരുന്നില്ല, എ.കെ.ജി. സെന്ററിലായിരുന്നു. കേരളത്തിന്റെ നിയമവാഴ്ചയെ രാഷ്ട്രീയവൽക്കരിച്ച മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ താല്പര്യം മാത്രം പോലീസ് സംരക്ഷിച്ച ആ കാലഘട്ടത്തിൽ നിന്നും കേരളത്തെ മോചിപ്പിക്കാൻ കഴിഞ്ഞ ചിത്രമാണ് ഞങ്ങൾക്കിവിടെ വരച്ചുകാണിക്കാനുള്ളത്. 1957-ൽ കേരളമുണ്ടായതിനു ശേഷം എന്നെല്ലാം കേരളത്തിൽ മാർക്സിസ്റ്റു പാർട്ടി പോലീസ് വകുപ്പ് ഭരിച്ചോ അന്നെല്ലാം കേരളത്തിൽ നിയമവാഴ്ച തകർന്നിട്ടുണ്ട്. 1957-ലെ സെൽ ഭരണം മുതൽ ഇങ്ങോട്ട് 2001 വരെ, ആദരണീയനായ മുൻ മുഖ്യമന്ത്രി സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞ വാക്കുകൾ കടമെടുത്ത് ഞാൻ പറയുകയാണ്, നിങ്ങളുടെ ഭരണകാലത്ത് മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കുപോലും കേരളത്തിൽ രക്ഷയില്ലായിരുന്നു. ഇതെല്ലാം അസുഖകരമായ പഴയ കാര്യങ്ങളാണ്. കണ്ണൂർ ജില്ലയിലെ 7 എം.എൽ.എ.മാർ ഇവിടെയുണ്ടല്ലോ നിങ്ങളെങ്കിലും വിസ്മരിക്കരുത്, നിങ്ങൾ ഭരിച്ച 5 കൊല്ലക്കാലം കേരളത്തിൽ നിയമവാഴ്ച തകർന്ന ഒരു ജില്ലയാണ് കണ്ണൂർ ജില്ല. കണ്ണൂരിന്റെ വേദനിപ്പിക്കുന്ന ഓർമ്മകൾ നിങ്ങളുടെയെല്ലാം മനസ്സിലുണ്ടാകും, ആ കാലഘട്ടത്തിൽ കണ്ണൂരിലുണ്ടായ അക്രമങ്ങളുടെ നീണ്ട പരമ്പര അവസാനിച്ചില്ലേ? കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് 5 കൊല്ലക്കാലം എല്ലാ മാസവും ഡി.ഡി.സി. യോഗം ചേരുന്നതുപോലെ, കളക്ടറേറ്റിൽ സമാധാന ചർച്ചകളാണ് നടന്നുവന്നത്. മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കുന്നു, കളക്ടർ വിളിച്ചുകൂട്ടുന്നു, എസ്.പി. വിളിച്ചുകൂട്ടുന്നു, ആർ.ഡി.ഒ. വിളിച്ചുകൂട്ടുന്നു, ഇങ്ങനെ നിരന്തരമായ ചർച്ചകളെല്ലാമുണ്ടായിട്ടും കണ്ണൂർ ജില്ല എന്നും രാഷ്ട്രീയ സംഘട്ടനങ്ങളുടെ വേദിയായിരുന്നു. ഒരു ആർ.എസ്.എസ്.കാരനെ കൊന്നാൽ രണ്ട് മാർക്സിസ്റ്റുകാരെ കൊല്ലും. ഒരു മാർക്സിസ്റ്റുകാരനെ കൊന്നാൽ 24 മണിക്കൂറിനുള്ളിൽ രണ്ട് ആർ.എസ്.എസ്.കാരെ കൊല്ലും. അങ്ങനെ കണ്ണൂർ എന്നുകേട്ടാൽ ജനങ്ങൾ ഭയപ്പെടുന്ന, രക്തപ്പുഴ ഒഴുകിയ, ഭയാനകമായ സാഹചര്യത്തിൽ നിന്നും മോചനമുണ്ടാക്കിയത് ശ്രീ. എ. കെ. ആന്റണിയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടക്കമുള്ള കണ്ണൂരിലെ സി.പി.ഐ.(എം.) എം.എൽ.എ.മാർ ദയവായി രഹസ്യമായിട്ടെങ്കിലും ഒരു പൂച്ചെണ്ട് ശ്രീ. എ. കെ. ആന്റണിക്ക് കൊടുക്കണം. എൽ.ഡി.എഫ്. ഭരിച്ച ആ കാലഘട്ടത്തിൽ സി.പി.എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. പിണറായി വിജയനുപോലും കണ്ണൂരിൽ രക്ഷയുണ്ടായിരുന്നില്ല. ഞങ്ങൾ എല്ലാ ആഴ്ചയിലും കണ്ണൂരിലേയ്ക്ക് പോകുമ്പോൾ ട്രെയിനിൽ മന്ത്രിമാരുണ്ടെങ്കിൽ, ശ്രീ. പിണറായി വിജയനുണ്ടെങ്കിൽ, ആ തീവണ്ടിയിൽ മുഴുവൻ പോലീസായിരിക്കും. കണ്ണൂർ ജില്ലക്കാരനായ ബഹുമാന്യനായ പിണറായി വിജയന് കണ്ണൂരിൽ കാലുകുത്തണമെങ്കിൽ പോലീസ് സന്നാഹത്തിന്റെ വലിയ വ്യൂഹം മുന്നിലും പിന്നിലും വേണമായിരുന്നു. ഇന്ന് ശ്രീ. പിണറായി വിജയന് സ്വൈരമായി കണ്ണൂരിൽ യാത്ര ചെയ്യാം, പോലീസ് സന്നാഹം വേണ്ട, ആരേയും ഭയപ്പെടേണ്ട, ആ സാഹചര്യമുണ്ടാക്കിയത് ശ്രീ. എ. കെ. ആന്റണിയും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റുമാണ്.

ശ്രീ. ടി. കെ. ബാലൻ: കണ്ണൂരിലെ അരക്ഷിതാവസ്ഥയിൽ ഞങ്ങളുടെ ഭരണകാലത്തെ കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞു. ഞാൻ അതിനെപ്പറ്റിയൊന്നും ചോദിക്കുന്നില്ല, പക്ഷേ ഇപ്പോൾ ബഹുമാനപ്പെട്ട കെ. സി. ജോസഫിന്റെ സഹപ്രവർത്തകനും ഡി.സി.സി. മെമ്പറുമായ പുഷ്പരാജിനെ ആരാണ് മർദ്ദിച്ചത്, ഇപ്പോഴും അദ്ദേഹം മംഗലാപുരം യു.ടി. ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. മുഖ്യമന്ത്രിക്ക് പരാതികൊടുത്തതിന്റെ പേരിലാണ് പുഷ്പരാജിനെ മർദ്ദിച്ചത്, അതിനെപ്പറ്റി എന്താണ് പറയാനുള്ളത്?

ശ്രീ. കെ. സി. ജോസഫ്: ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തരുത്. കണ്ണൂരോ കേരളമോ സ്വർഗ്ഗമാക്കാൻ ആർക്കും സാധിക്കില്ല, ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകും. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ കണ്ണൂരിൽ വ്യാപകമായ ബോംബ് നിർമ്മാണം നടന്നിരുന്നു ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മണ്ഡലമായ തലശ്ശേരിയും പെരിങ്ങളവും പാനൂരുമൊക്കെ എന്നും സംഘർഷമേഖലയായിരുന്നു, കണ്ണൂരിൽ പലയിടത്തും പാർട്ടിക്കാർക്ക് പോലും ഊരുവിലക്ക് കൽപ്പിച്ചകാലം. നിങ്ങൾ ദയവായി സ്വന്തം മനസ്സാക്ഷിയോട് ചോദിക്കണം കണ്ണൂരിൽ ഇന്ന് സമാധാനവും ശാന്തിയും ഉണ്ടായില്ലേ? അവിടെ സമാധാനം പുനഃസ്ഥാപിച്ചത് യു.ഡി.എഫ് ഗവൺമെന്റാണ്. 1980 മുതൽ ഞാൻ കണ്ണൂരിലെ എം.എൽ.എ. ആയിരുന്നു, ഇരിക്കൂർ എം.എൽ.എ.-യാണ്. കണ്ണൂരിന്റെ ചരിത്രത്തിൽ ഞാൻ മൽസരിച്ച അഞ്ച് അസംബ്ലി തെരഞ്ഞെടുപ്പുകൾ, അതിനിടയ്ക്കുണ്ടായ പാർലമെന്റ് തെരഞ്ഞെടുപ്പുകൾ ഇതിലെല്ലാം ബൂത്തുപിടിത്തമില്ലാതെ ബൂത്തിൽ സംഘർഷമില്ലാതെ, കലാപങ്ങളില്ലാതെ ഒരു തെരഞ്ഞെടുപ്പുണ്ടായത് എന്റെ ഓർമ്മയിൽ, എന്റെ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവത്തിൽ ആദ്യമാണ്. 2004-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് അതിന്റെ ക്രെഡിറ്റ് ശ്രീ. എ.കെ. ആന്റണിക്കാണ്. ഞങ്ങൾ തോൽക്കട്ടെ. എല്ലാ തെരഞ്ഞെടുപ്പിലും ജയിക്കാൻ പോകുന്നില്ലല്ലോ. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചു വർഷത്തെ ഭരണത്തിൽ ഭരണ നിയന്ത്രണം പൊളിറ്റിക്കൽ സെക്രട്ടറിക്ക് ആയിരുന്നില്ലേ? പോലീസ് അസോസിയേഷനുകളിൽ പാർട്ടി fraction-ന് പോലീസിന്റെ നിയന്ത്രണം. ഡി.ജി.പി.-യും ഐ.ജി.-യും അല്ല, പോലീസിനെ നിയന്ത്രിച്ചത് പോലീസ് അസോസിയേഷനായിരുന്നു. ആ കാലഘട്ടത്തിലുണ്ടായ രാഷ്ട്രീയ ഇടപാടുകൊണ്ടാകാം ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായപ്പോൾ കേരളത്തിലെ പോലീസിന്റെ ഭരണത്തിൽ രാഷ്ട്രീയക്കാർ ഇടപെടേണ്ടയെന്ന് തീരുമാനിച്ചത്. അഞ്ചു കൊല്ലക്കാലം കേരളത്തിൽ അഴിഞ്ഞാടിയ പോലീസിന്റെ അവിഹിതമായ ഇടപെടൽ, പൊളിറ്റിക്കൽ ഇന്റർഫിയറൻസ്, രാഷ്ട്രീയ നേതൃത്വം നിയമം കൈയാളുന്ന ആ സാഹചര്യമാണ് കേരളത്തിൽ ഇങ്ങനെയൊരു രാഷ്ട്രീയ ഇടപെടൽ പോലീസിനുവേണ്ടെന്ന് തീരുമാനിക്കാൻ മുഖ്യമന്ത്രിയെ പ്രേരിപ്പിച്ചത്. അതൊരു സൗകര്യമായി കരുതി ചില പോലീസ് ഉദ്യോഗസ്ഥർ അതിനെ ദുരുപയോഗപ്പെടുത്തിയ സംഭവങ്ങൾ നമ്മൾ കേരളത്തിൽ കാണുന്നുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ട്. അത് പോലീസ് നയത്തിന്റെ കുറ്റമല്ല. നയം നടപ്പിലാക്കുന്ന ചില ഉദ്യോഗസ്ഥൻമാർ വഴിവിട്ട് പോകുന്നതുകൊണ്ടാണ്. അമ്പലപ്പുഴ പാൽപായസ്സമാണെങ്കിലും കോളാമ്പിയിൽ വിളമ്പിയാൽ അത് കുടിക്കാൻ പറ്റുമോ? നയം നടപ്പിലാക്കുന്ന ആളുകൾക്ക് പാളിച്ച പറ്റിപ്പോയാൽ ആ പാളിച്ചകൾ തിരുത്തണം. മുഖ്യമന്ത്രി ഇന്നലെയും ഇവിടെ പറഞ്ഞതല്ലോ ഗവൺമെന്റിന്റെ നയത്തിൽ, ഗവൺമെന്റിന്റെ ശൈലിയിൽ, ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ മാറ്റമുണ്ടെങ്കിൽ, തെറ്റുണ്ടെങ്കിൽ തിരുത്താനുള്ള തുറന്ന സമീപനം ഈ ഗവൺമെന്റിനുണ്ടെന്ന്. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് കേരളത്തിൽ നിയമവാഴ്ച പുനഃസ്ഥാപിച്ചതിനുള്ള ക്രെഡിറ്റ് യു.ഡി.എഫ്. ഗവൺമെന്റിനാണ്. ഇവിടെ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവെന്ന് പറഞ്ഞു. ശരിയാണ്. കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് സാമൂഹ്യ മനസ്സാക്ഷിയുടെ പ്രതിഫലനമാണ്. കുറ്റകൃത്യങ്ങൾ വർദ്ധിച്ചാൽ അത് തടയാൻ ശ്രമിക്കണം, തടയാനുള്ള നടപടിയുണ്ടാകണം. ലോകവ്യാപകമായി അക്രമം വർദ്ധിച്ചുകൊണ്ടിരിക്കുകയല്ലേ? ആ പ്രതിഫലനം എല്ലായിടത്തുമുണ്ടാകും. പക്ഷെ ആ അക്രമങ്ങളെ നിയന്ത്രിക്കാനും ജനങ്ങളുടെ ജീവന് സംരക്ഷണം കൊടുക്കാനും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് വിജയിച്ചിരിക്കുകയാണ്. ഇവിടെ രാഷ്ട്രീയ ഇടപെടലുകളെക്കുറിച്ച് പറഞ്ഞു. പോലീസിന് ഇന്ന് സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം ജനങ്ങളുടെ നൻമയ്ക്കു വേണ്ടി, ഈ നാടിന്റെ നിയമവാഴ്ച പുനഃസ്ഥാപിക്കാൻ വേണ്ടിയുള്ളതാകണം. അമൃതാണെങ്കിലും വിഷം കലർന്നാൽ കുടിക്കാൻ പാടില്ല. അതുകൊണ്ട് ഈ നയങ്ങളിലെ പാളിച്ചകൾ മനസ്സിലാക്കി മുന്നോട്ടുപോകാൻ കഴിയണം. കേരളത്തിന്റെ ചരിത്രത്തിൽ നിയമവാഴ്ച പുനഃസ്ഥാപിക്കാൻ കഴിഞ്ഞ ഒരു കാലഘട്ടം ദയവായി നിങ്ങൾ കാണാതെ പോകരുത്.

ശ്രീ. സി. പി. മുഹമ്മദ്: കുറ്റകൃത്യങ്ങൾ പെരുകുന്നതിന് പോലീസിനെ മാത്രം പഴിപറഞ്ഞതുകൊണ്ട് കാര്യമില്ല. കുറ്റകൃത്യങ്ങളുണ്ടാകുന്ന സാമ്പത്തിക-സാമൂഹികമായ സാഹചര്യങ്ങൾ ഇല്ലാതാകണം. അതിന് ഇവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും നിർണ്ണായകമായ പങ്കുണ്ട്. എന്തിനും പോലീസിനെ കുറ്റം പറയുന്ന നയം അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. സി. ജോസഫ്:</u> ശരിയാണ്. കുറ്റകൃത്യങ്ങളുണ്ടാകുമ്പോൾ കുറ്റവാളികളെ സംരക്ഷിക്കാതിരിക്കാൻ രാഷ്ട്രീയക്കാരും പൊതുപ്രവർത്തകരുമെല്ലാം ശ്രമിക്കണം. പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ 18 സീറ്റിൽ ജയിച്ചു. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതുപോലെ ആ വിജയത്തിന്റെ അഹങ്കാരം നിങ്ങളുടെ വാക്കുകളിൽ മാത്രമല്ല പ്രവൃത്തിയിലുമുണ്ടായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായ മദ്ധ്യതിരുവിതാംകൂറിലെ വെട്ടിനിരത്തൽ സമരം വീണ്ടും ആരംഭിച്ചിരിക്കുന്നു. മലയാള മനോരമ പത്രം റിപ്പോർട്ട് ചെയ്തില്ലേ പാർട്ടി ഓഫീസിന്റെ പേരിൽ വീണ്ടും വെട്ടിനിരത്തൽ എന്ന്? നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾ നടത്തിയ വെട്ടിനിരത്തൽ സമരം വീണ്ടും ആരംഭിച്ചിരിക്കുന്നു. വിജയത്തിന്റെ അഹന്തയിൽ, വിജയത്തിന്റെ ലഹരിയിൽ എല്ലാം മറന്നുകൊണ്ട് എല്ലാപേരേയും അടിച്ചമർത്താൻ ദയവായി നിങ്ങൾ ശ്രമിക്കരുത്. അക്രമം അവസാനിപ്പിക്കാനുള്ള തന്റേടം കേരളത്തിലെ ഗവൺമെന്റിനുണ്ട്. അതുകൊണ്ട് വിട്ടുവീഴ്ചകളും പാളിച്ചകളും തിരുത്തി കേരളത്തിലെ നിയമവാഴ്ച പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളിൽ നിങ്ങളുടെ സഹകരണമുണ്ടാകണം. ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുന്നു.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പോലീസിന്റെ കാര്യത്തിലേയ്ക്ക് കടക്കുന്നതിനുമുൻപ് നീതിന്യായ നിർവ്വഹണവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് എനിക്ക് പറയുവാനുള്ളത്. ജുഡീഷ്യൽ സർവ്വീസിൽ സംവരണം തകിടം മറിക്കുന്നു എന്നതാണ് എന്റെ പരാതി. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷന്റെ 234-ാം വകുപ്പു പ്രകാരം ജഡ്ജിക്ക് മുകളിലുള്ളവരുടെ പോസ്റ്റിൽ അപ്പോയിന്റ്മെന്റ് നടത്തേണ്ടത് ഹൈക്കോടതിയാണ്. താഴെയുള്ളവരുടെ പോസ്റ്റിലാണെങ്കിൽ അത് ചെയ്യേണ്ടത് ഗവർണ്ണറാണ്. 1991-ൽ കേരള ജുഡീഷ്യൽ സർവ്വീസ് സ്പെഷ്യൽ റൂൾ വന്നു. ആ റൂൾ പ്രകാരം കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് റൂൾസ് (കെ.എസ്.എസ്.ആർ.) അവർക്ക് ബാധകമാണ്. റൂൾ (7)-ൽ വ്യക്തമായി പറഞ്ഞ ഒരു കാര്യമുണ്ട്. The list shall be prepared after following such procedure as the High Court deems fit and by following the rules relating to reservation of appointment contained in Rule 14 to 17 of para II of Kerala State Subordinate Service Rules, 1958. ഇതിൽ സംവരണ തത്വം പാലിച്ചു ചെയ്യണമെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ഇതുപ്രകാരം ഹൈക്കോടതി ഒരു പ്രൊസീഡ്യൂർ ഉണ്ടാക്കി. ആ പ്രൊസീഡ്യൂർ ഉണ്ടാക്കിയ നടപടി ക്രമത്തിലെ കുഴപ്പമെന്നു പറയുന്നത് 100 മാർക്ക് റിട്ടൺ ടെസ്റ്റിന് വേണം; 50 മാർക്ക് ഓറലിന്. രണ്ടിനും പ്രത്യേകമായിട്ട് 45 ശതമാനം മാർക്ക് കിട്ടണമെന്നാണ്. ഒരാൾക്ക് 75 ശതമാനം മാർക്ക് റിട്ടൺ ടെസ്റ്റിന് കിട്ടിയെന്നിരിക്കട്ടെ അദ്ദേഹത്തിന് നേരിട്ടുള്ള ഇന്റർവ്യൂവിൽ 15 മാർക്ക് കിട്ടിയാൽ സെലക്ഷൻ കിട്ടുകയില്ല. ഇതിൽ സംഭവിച്ചത് 28-3-2000-ന് 70 മുൻസിഫുമാരുടെ നോട്ടിഫിക്കേഷൻ ഹൈക്കോടതി പുറപ്പെടുവിച്ചു. ഈ നോട്ടിഫിക്കേഷൻ പ്രകാരം മുസ്ലീം കമ്മ്യൂണിറ്റിക്ക് എട്ട് മുൻസിഫുമാരെ കിട്ടേണ്ടതായിരുന്നു. പക്ഷെ കിട്ടിയത് അഞ്ചെണ്ണമാണ്. പ്രൊസീഡ്യുവറിൽ മായം വന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മാത്രമല്ല ഹൈക്കോടതി ചെയ്യേണ്ടിയിരുന്ന ഒരു കാര്യം ഈ 70 പേരുടെ പോസ്റ്റിന് ഡബിൾ സ്ട്രെങ്ത് (140 പേരുടെ ലിസ്റ്റ്) കൊടുക്കണമായിരുന്നു. അത് കൊടുത്തില്ല.

LIBRARY ARCHIVES Kerala Legislative Assembly

70 പേരുടെ ലിസ്റ്റേ കൊടുത്തുള്ളൂ. ലിസ്റ്റ് ലഭിച്ചപ്രകാരം ഗവൺമെന്റ് സമ്മതിക്കരുതായിരുന്നു. ഗവൺമെന്റ് അത് പോയിന്റ് ഔട്ട് ചെയ്യേണ്ടിയിരുന്നു. അത് ചെയ്തില്ല. ഇതിന്റെ ഫലമായി ജുഡീഷ്യൽ സർവ്വീസിൽ സംവരണ തത്വപ്രകാരം കിട്ടേണ്ട സംവരണം കിട്ടുന്നില്ല. ഇത് ഗൗരവതരമായ ഒരു പ്രശ്നമാണ്. ഗവൺമെന്റ് ഇത് ഗൗരവതരമായി കാണണം. സംവരണ നിയമ പ്രകാരം എല്ലാ വിഭാഗത്തിനും കിട്ടേണ്ടതായ പ്രതിനിധ്യം കിട്ടണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്ന സമയത്ത് എന്തുകൊണ്ടാണ് ജുഡീഷ്യൽ സർവ്വീസിൽ സംവരണം തകിടംമറിക്കപ്പെട്ടത് എന്നുള്ളതിന് മറുപടി പറയണം. അദ്ദേഹം മറുപടി പറയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അടുത്തത് പോലീസിന്റെ കാര്യമാണ്. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അവർ പോലീസിനെ രാഷ്ട്രീയമായ കയറിട്ട് കെട്ടിവച്ചു. യു.ഡി.എഫ്. ഗവൺമെന്റ് വന്ന സമയത്ത് കയർ അഴിച്ചു വിടുകയും ചെയ്തു. അതാണ് സത്യത്തിൽ കേരളത്തിൽ സംഭവിച്ചിട്ടുള്ളത്. എന്റെ എൽ.ഡി.എഫ്. സ്നേഹിതൻമാർ പോലീസിന്റെ കാര്യത്തെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. അവരോട് ഞാൻ വിനീതമായി ചോദിക്കുകയാണ് ജയകൃഷ്ണൻ വധക്കേസിൽ—കുട്ടികളുടെ മുന്നിൽ വച്ച് അദ്ധ്യാപകനെ വെട്ടിക്കൊന്ന സംഭവമാണ്—തലശ്ശേരി കോടതി പറഞ്ഞ 139 പേജുള്ള ജഡ്ജ്മെന്റ് ഉണ്ട്. ആ ജഡ്ജ്മെന്റിൽ കോടതി ഉപയോഗിച്ച വാചകം എന്താണെന്നോ "നിയമവിരുദ്ധം", "പക്ഷപാതപരം", "ഹീനം" "പ്രാകൃതം" ഈ വാക്കുകൾ ഉപയോഗിച്ചത് പോലീസിനെക്കുറിച്ചാണ്. അന്വേഷണം തകിടം മറിക്കാൻ പോലീസ് നിന്നുവെന്നാണ് പരാതി. യു.ഡി.എഫ്.-നെ നിങ്ങൾ കുറ്റം പറയുന്ന സമയത്ത് നിങ്ങൾ എന്താണ് ചെയ്തതെന്നതുകൂടി നിങ്ങൾ പരിശോധിക്കണം. ജയകൃഷ്ണൻ വധകേസിന്റെ കാര്യത്തിലുള്ള തലശ്ശേരി കോടതിയുടെ ജഡ്ജ്മെന്റു പോലൊരു ജഡ്ജ്മെന്റ് മറ്റൊരു സംഭവത്തിലും ഉണ്ടായിട്ടില്ല. നമ്മുടെ കാര്യം പറയുന്ന സമയത്ത് ഞാൻ ഒന്നാമതായി പറയുന്നത് കിള്ളിയിലെ സംഭവത്തെക്കുറിച്ചാണ്. 2003 ഒക്ടോബർ മാസം അഞ്ചിന് നടന്ന അതിക്രമത്തിൽ അവിടെ പത്ത് സംഭവങ്ങൾ മനുഷ്യാവകാശ കമ്മീഷൻ പോയി അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രി അറിയുന്ന ഒരു കാര്യമാണ്. അന്ന് രാത്രി 1.45-ന് നാദിറ എന്ന ഒരു സ്ത്രീയുടെ വീട്ടിൽ ചെന്നിട്ട് വാതിൽ തുറക്കുന്നതിനു മുൻപ് വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തു കയറിയിട്ട് ആ സ്ത്രീയുടെ മുടിയിൽ തൂക്കി പിടിച്ചിട്ട് ഭർത്താവ് എവിടെയെന്ന് ചോദിക്കുന്നു. അതിന്റെയപ്പുറത്ത് നിന്ന മകളെ മുടിക്ക് തൂക്കിപ്പിടിച്ചിട്ട് അച്ഛനെവിടെ എന്ന് ചോദിക്കുന്നു. അച്ഛനെ കിട്ടിയില്ലെങ്കിൽ നിന്നെയും അമ്മയേയും കൊണ്ടുപോകുമെന്ന് പറഞ്ഞിട്ട് പോലീസ് ചവിട്ടുന്നു. പോലീസ് നാഭിയിൽ ലാത്തികൊണ്ട് അടിക്കുന്നു. ലാത്തിയടി കൊണ്ട് ആ കുട്ടി കരയുന്നു. മകളെ ഉപദ്രവിക്കല്ലേയെന്ന് ആ അമ്മ പറഞ്ഞിട്ട് പോലീസ് കേട്ടില്ല. അതിനുശേഷം അതിന്റെ ഇപ്പുറത്തെ 71 വയസ്സുള്ള ഷാഹുൽ ഹമീദിന്റെ വീട്ടിൽചെന്ന് അൽ അമീൻ എന്ന നിന്റെ മകൻ എവിടെയെന്ന് ചോദിച്ചു. ഭാര്യയുടെ റൂമിൽ ഉറങ്ങുന്നുയെന്നു പറഞ്ഞ് വിളിച്ചുകൊണ്ടു വന്നു. അവനെ ബാരൽകൊണ്ട് അടിച്ചു എന്നുമാത്രമല്ല അച്ഛന്റെയും അമ്മയുടെയും മുന്നിൽ വച്ച് ആ ചെറുപ്പക്കാരനെ വസ്ത്രാക്ഷേപം ചെയ്തു. തുണി അഴിച്ചു. അപ്പോൾ ആ കുട്ടി പറഞ്ഞു എനിക്ക് നാണമാകുന്നു എന്തെങ്കിലുമെടുത്ത് മറച്ചോട്ടെയെന്ന്. എന്നിട്ട് അയാളെ നഗ്നനായി ലോക്കപ്പിൽ ഇട്ടു. മർദ്ദിച്ചു. ഇത് എന്താണ്? ഇത്

LIBRARY ARCHIVES Kerala Legislative Assembly

ഏത് രാജ്യമാണെന്ന് ഞാൻ ചോദിക്കുകയാണ്. എന്തുകൊണ്ടാണ് ഇതിനുത്തരവാദികളായ ആളുകളുടെ പേരിൽ നടപടി എടുക്കാതിരുന്നത്? ബാഗ്ദാദിലെ ജയിലിൽ ഇറാഖി തടവുകാരോട് അമേരിക്കൻ ബ്രിട്ടീഷ് പട്ടാളക്കാർ കാണിച്ചതിനേക്കാൾ വലിയ ക്രൂരതയാണ് ഈ പാവപ്പെട്ട മനുഷ്യരോട് ചെയ്തിട്ടുള്ളത്. എന്നിട്ട് എന്താ ചെയ്തത്? പോലീസുകാരുടെ പേരിൽ മനുഷ്യാവകാശ കമ്മിഷൻ പറഞ്ഞതുകൊണ്ട് നടപടി എടുത്തു. പോലീസുകാർക്കെതിരെ എടുത്ത നടപടി പോലീസ് മുറയിൽ പോയില്ലേ? അവരെ തിരിച്ചെടുത്തില്ലേ? എന്ത് അടിസ്ഥാനത്തിലാണ് ഗവൺമെന്റ് അവരെ തിരിച്ചെടുത്തതെന്ന് ഞാൻ ചോദിക്കുകയാണ്. ഗവൺമെന്റ് ചെയ്യാൻ പാടില്ലാത്ത കാര്യമാണ് ചെയ്തിട്ടുള്ളത്. ആന്റണി ഗവൺമെന്റിന് എന്തൊക്കെ നൻമയുണ്ടെങ്കിലും ശരി ഈ ഗവൺമെന്റിന്റെ ശരീരത്തിൽ നിന്നും ഒരിക്കലും മായ്ച്ചുകളയാൻ കഴിയാത്ത ഒരു കറുത്ത പുള്ളിയായി കിള്ളി സംഭവം അവശേഷിക്കുമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത്തരത്തിലൊരു സംഭവം ഈ രാജ്യത്ത് സംഭവിച്ചുകൂടാ. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായിട്ട് എടുക്കണം. പോലീസുകാരെ തിരിച്ചെടുത്തതുവഴി ഗവൺമെന്റ് ചെയ്തിരിക്കുന്നത് ഒരു മനുഷ്യാവകാശ ലംഘനമാണ്. ഈ പ്രശ്നം ഗൗരവമായി എടുക്കണം അതുപോലെ മാറാട് പ്രശ്നം. മാറാട് പ്രശ്നത്തെ സംബന്ധിച്ച് ഞാൻ ഈ രാജ്യത്ത് പ്രസംഗിച്ചു നടന്നിട്ടുള്ളതാണ്. അത് പൊട്ടിപ്പടരാതെ നമ്മൾ നോക്കി. ഇൻഡ്യയിൽ പലയിടത്തും വർഗ്ഗീയ കലാപം പിന്നേയും പിന്നേയും ഉണ്ടായി. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവമായി എടുക്കേണ്ട ഒരു കാര്യം, 139 പേർ ജയിലിലാണ്. എന്താ കുറ്റം? എന്താണ് അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാത്തത്? എന്തുകൊണ്ടാണ് അവർക്ക് ജാമ്യം കൊടുക്കാത്തത്? 139 പേരുണ്ട്. അതിൽ 66 പേരുടെ പേരിൽ 302-ാം വകുപ്പുണ്ട്. ബാക്കിയുള്ളവർക്ക് ചെറിയ വകുപ്പാണ്. പോലീസ് എതിർക്കുകയാണ്. Vehemently objecting bail applications. ഓരോ കേസ്സിലും പറയുകയാണ്. നിരപരാധികളാണോ അപരാധികളാണോ എന്നതിനെ സംബന്ധിച്ച് എന്തുകൊണ്ട് പരിശോധിക്കാൻ ഇവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നില്ല? അതിന് പോലീസ് പറയുന്ന ന്യായം ഇവരെ ജയിലിൽനിന്ന് വിട്ടുകഴിഞ്ഞാൽ ഇവരുടെ ജീവന് രക്ഷ കൊടുക്കാൻ പറ്റുമോയെന്ന് ഉറപ്പില്ല എന്നാണ്. അങ്ങനെയാണെങ്കിൽ പോലീസ് എന്തിനാണ് യൂണിഫോമും ഇട്ടുകൊണ്ട് നടക്കുന്നത്? ഇവരെ ജയിലിൽനിന്ന് വിട്ടാൽ രക്ഷയില്ലായെന്ന് പറയുന്നത് തെറ്റാണ്. നിരപരാധികളായ ആളുകൾ, വയസ്സൻമാർ, ഹാർട്ട് രോഗികൾ, അടിയന്തിരമായി ഓപ്പറേഷൻ ചെയ്യേണ്ടവർ, നടക്കാൻ വയ്യാത്തവർ തുടങ്ങിയവർ അതിലുണ്ട്. ഇവരാണോ കൊലപാതകത്തിന് പോകുന്നത്?

മി. സ്പീക്കർ: ശ്രീ. ബഷീർ, കോടതിയല്ലേ തീരുമാനിക്കേണ്ടത്? പോലീസ് പറഞ്ഞുവെന്നുവച്ച് ബെയിൽ കൊടുക്കാതിരിക്കുമോ? It is for the court to decide.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ബെയിൽ കൊടുക്കാത്തത് പോലീസ് ഒബ്ജക്ട് ചെയ്തതുകൊണ്ടാണ്. പോലീസ് മെറിറ്റ് നോക്കി ഒബ്ജക്ട് ചെയ്തുകൊള്ളട്ടെ. കോടതിയാണ് ബെയിൽ കൊടുക്കേണ്ടത്. എന്തുകൊണ്ടാണ് ഒബ്ജക്ട് ചെയ്യുന്നതെന്ന് ഓപ്പൺ കോർട്ടിൽ ചോദിച്ചു. ഞാൻ പറയുന്നത് തെറ്റ് ചെയ്തവർ ശിക്ഷിക്കപ്പെടണം എന്നാണ്. എന്നാൽ തെറ്റ് ചെയ്യാത്ത

LIBRARY ARCHIVES Kerala Legislative Assembly

നിരപരാധികളായ ആളുകൾ ജയിലിൽ കിടക്കുന്ന സാഹചര്യവുമുണ്ട്. അതുപോലെ നഷ്ടപരിഹാരം! നഷ്ടപരിഹാരത്തിന്റെ കണക്ക് നോക്കുമ്പോൾ അവരുടെ കഞ്ഞിക്കലം മുതൽ ടി.വി. വരെയുള്ള സാധനങ്ങൾ കൊണ്ടുപോയി. ഒരു കൊല്ലവും രണ്ടു മാസവും ആയിട്ടും ഇതുവരെ നഷ്ടപരിഹാരം കണക്കാക്കിയിട്ടില്ല. കോടതിയിൽ പോയി. കോടതി കണക്കാക്കാൻ പറഞ്ഞു. കണക്കാക്കിയില്ല. കണ്ടെംപ്റ്റ് ഓഫ് കോർട്ടിന് പോയപ്പോൾ ഇപ്പോൾ സമയം ചോദിച്ചിരിക്കുകയാണ്. ഈ കാര്യങ്ങളിൽ ഗൗരവമായ സമീപനം കൈക്കൊള്ളണം. ഞാൻ ചോദിക്കുന്നത്, പോലീസ് റിപ്പോർട്ടുകളെ മാത്രം അവലംബിച്ചുകൊണ്ട് കാര്യങ്ങൾ നീക്കാൻ പറ്റുമോ? പോലീസ് റിപ്പോർട്ടുകളെ മാത്രം അവലംബിക്കാൻ പറ്റുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സത്യസന്ധമായ ചില സമീപനങ്ങളുണ്ട്. അദ്ദേഹം പറയുന്ന തിയറി വളരെ ശരിയാണ്. പക്ഷേ തിയറിയിൽ മാത്രം കാര്യമില്ല. തിയറി പ്രാക്ടിക്കൽ സൈഡിൽ വരുന്ന സമയത്ത് അത് എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് സത്യസന്ധമായി പരിശോധിക്കാനുള്ള അവസരം ഉണ്ടാകണം. പോലീസിനെ രാഷ്ട്രീയ ബന്ധനങ്ങളിൽനിന്ന് മോചിപ്പിച്ച് സത്യസന്ധമായി ഉപയോഗിക്കണം. പക്ഷേ പോലീസിന് കൊടുക്കുന്ന സ്വാതന്ത്ര്യം തെറ്റായി പ്രയോഗിക്കുന്നുവെങ്കിൽ, അവർക്ക് അക്രമം അമർച്ച ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഈ ഗവൺമെന്റിനു മാത്രമല്ല ജനാധിപത്യ സംവിധാനത്തിനാകെ ദോഷമുണ്ടാകും. രാഷ്ട്രീയക്കാരെല്ലാം ദോഷമുള്ള ആളുകളല്ല. രാഷ്ട്രീയത്തിന്റെ ഒരു ചെക്ക് ബ്യൂറോക്രസിയുടെ നേരെ ഉണ്ടാകണം. അതില്ലാതെ വരുന്ന സംവിധാനം കൂടുതൽ അപകടമുണ്ടാക്കുമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. എങ്കിൽപ്പോലും കുറച്ചുകൂടി നല്ല വീക്ഷണത്തോടുകൂടി കഴിഞ്ഞ ഗവൺമെന്റിനെ അപേക്ഷിച്ച് നന്നായിട്ട് പ്രവർത്തിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ആഭ്യന്തര വകുപ്പിനെക്കുറിച്ചുള്ള ചർച്ചകളിൽ എല്ലാ കാലഘട്ടത്തിലും ഉണ്ടായിട്ടുള്ളതിനേക്കാൾ വളരെ മൃദുവായ ആക്രമണമാണ് ഇപ്രാവശ്യം ഉണ്ടായത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ അപ്പുറത്തിരുന്ന ആളാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അന്ന് നിയമസഭയിൽ ഇല്ലായിരുന്നു, പാർട്ടി പ്രവർത്തനവുമായി ബന്ധപ്പെട്ട് നിൽക്കുകയായിരുന്നു. ആ ഗവൺമെന്റിന്റെ കാലത്തെ ഒരുപാട് പ്രസംഗങ്ങൾ കേട്ട് സംഭവങ്ങൾ മനസ്സിലാക്കി കേരളത്തിന്റെ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയ ആളാണ് ഞാൻ. പക്ഷേ അന്നത്തെ ചർച്ചയും ഇപ്പോഴത്തെ ചർച്ചയും തമ്മിലുള്ള വ്യത്യാസം, ഇന്ന് ആകെ പറയുന്നത് പോലീസുകാർക്ക് സ്വാതന്ത്ര്യം കൊടുത്തു എന്നുള്ളതാണ്. അവർ ജനപ്രതിനിധികളോട് മോശമായി പെരുമാറി അല്ലെങ്കിൽ പോലീസിനുവേണ്ടി രാഷ്ട്രീയ പക്ഷപാതിത്വം കാണിച്ചുവെന്ന് ആരും ആക്ഷേപിച്ചിട്ടില്ല. കൊലയാളികളെ സംരക്ഷിച്ചുകൊണ്ട്,, നിരപരാധികളെ പ്രതിയാക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. മുമ്പ് ഉണ്ടായ സംഭവങ്ങളെ നമ്മൾ പരിശോധിച്ചുനോക്കണം. ബഹുമാനപ്പെട്ട കോടിയേരിക്ക് ഇപ്പോൾ കണ്ണൂരിൽ പോകാൻ പറ്റുന്നത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായ ശേഷമുള്ള ആഭ്യന്തര നയത്തിന്റെ ഭാഗമായിട്ടാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുമ്പോൾ ജയിലിൽവച്ചു നടന്ന കൊലപാതകത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. വളരെ ദാരുണമായ കൊലപാതകമാണ്. നടക്കാൻ പാടില്ലാത്തതാണ്. പക്ഷേ എന്തുകൊണ്ടാണ് നടക്കുന്നത്? കണ്ണൂരിലാണ് ഞാൻ ജനിച്ചത്. കണ്ണൂർ സെൻട്രൽ ജയിലിനെ കേന്ദ്രീകരിച്ചുകൊണ്ട് നിങ്ങൾക്ക് പാർട്ടി കമ്മിറ്റികളില്ലേ? സെൻട്രൽ ജയിലിൽ തടവുകാർക്കുവേണ്ടി നിങ്ങൾക്ക് പ്രത്യേക ബ്രാഞ്ച് കമ്മിറ്റിയില്ലേ? നിങ്ങൾക്കുമുണ്ട്, ആർ.എസ്.എസ്സുകാർക്കുമുണ്ട്. നിങ്ങൾക്ക് ജയിലിൽപോലും പാർട്ടി കമ്മിറ്റിയുണ്ട്. കുറ്റവാളികളെ തടവിൽ പാർപ്പിക്കാനാണ് ജയിൽ. ആ ജയിലിനെപ്പോലും രാഷ്ട്രീയവത്കരിച്ചു. അങ്ങേയ്ക്ക് അറിയാമോ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ജയിൽ സൂപ്രണ്ടിനുപോലും അങ്ങോട്ട് പോകാൻ കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. അവിടെ തീരുമാനമെടുക്കുന്നത് സി.പി.ഐ. (എം)-ഉം ബി.ജെ.പി.-യും ആർ.എസ്.എസ്സുമാണ്. അവർ വേറെ വേറെ തീരുമാനമെടുക്കും. അല്ലാതെ ഒരു നിയമവും അവിടെ നടക്കുകയില്ല. ഇത് നടത്തിയ നിങ്ങളാണ് ഇപ്പോൾ നിയമസമാധാന വാഴ്ചയെക്കുറിച്ച് പറയുന്നത്. നിങ്ങൾക്ക് ആകെയുള്ള പരാതി പോലീസ് പക്ഷപാതിത്വം കാണിക്കുന്നില്ല, പോലീസിന് സ്വാതന്ത്ര്യം കൊടുത്തു എന്നാണ്. സ്വാതന്ത്ര്യം കൊടുത്തത് കൂടുതലാണെങ്കിൽ ഒരു കാര്യത്തിൽ സംശയമില്ല, ആ പോലീസിനെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. രാജ്യത്തുണ്ടായ മുഴുവൻ കുഴപ്പങ്ങൾക്കും കാരണം പോലീസാണെന്ന് ആരെങ്കിലും പറഞ്ഞാൽ അത് ശരിയല്ലായെന്ന് ജനങ്ങൾക്ക് അറിയാം, കാലം തെളിയിക്കും. അതിൽ സംശയമില്ല. പോലീസിനെക്കൊണ്ടാണ് കുഴപ്പം, ബാക്കിയെല്ലാം ശരിയാക്കിയേനെയെന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ ഞാൻ അതിനോട് യോജിക്കുന്നില്ല. അങ്ങനെ ചർച്ച നടത്താൻ പോയാൽ പലതിനെക്കുറിച്ചും പറയേണ്ടിവരുമെന്നാണ് എനിക്ക് പറയാനുള്ളത്. പക്ഷേ ഏതായാലും പോലീസിനെ ശാസ്ത്രീയമായി മാറ്റേണ്ടത് ആവശ്യമാണ്. നമ്മുടെ നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലും ഇന്ന് മാഫിയാ സംഘങ്ങളുണ്ട്. അത് ശ്രീ. എ. കെ. ആന്റണി കൊണ്ടുവന്ന് വച്ചതല്ല. കഞ്ചാവ് കച്ചവടം, മയക്കുമരുന്ന് കച്ചവടം, സിറിഞ്ച് കുത്തിവയ്പ് എന്നിവയിൽ ചെറുപ്പക്കാർ വളരെ വ്യാപകമായി ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. പോലീസുകാർക്ക് തടയാനാകാത്തവിധം ഈ വിപത്ത് വളർന്നുകൊണ്ടിരിക്കുകയാണ്. ഇത് നിയന്ത്രിക്കാൻ വേണ്ടിയുള്ള ശക്തമായ നിയമവും ഉരുക്കുമുഷ്ടിയുമുള്ള പോലീസ് ഉണ്ടാകണം. ചില പോലീസ് ഉദ്യോഗസ്ഥൻമാർ ഇത്തരം കാര്യങ്ങൾ വളരെ ലാഘവത്തോടുകൂടി കാണുന്നുണ്ട്. അവർക്കുള്ള പരിശീലനം ശാസ്ത്രീയമായി മാറ്റേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തു. നിരവധി പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം ഉണ്ടാക്കിക്കൊടുത്തു. വാഹനങ്ങൾ കൊടുത്തു. അവർക്ക് പരിശീലനത്തിനുള്ള അക്കാഡമി തുടങ്ങും. ആ പരിശീലനം ശാസ്ത്രീയമാക്കേണ്ട സംവിധാനമാണ് ഉണ്ടാകേണ്ടത്. ഞാൻ നേരത്തേ കണ്ണൂരിലെ കാര്യം സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ഇ. കെ. നായനാർ ഭരിച്ചിരുന്ന കാലഘട്ടത്തിൽ മുഴുവൻ രാഷ്ട്രീയമാണ്. നിങ്ങൾ രാഷ്ട്രീയമായിട്ടാണ് നേരിട്ടത്. ജയിലുകളിൽ ക്രിമിനലൈസേഷനാണ്. മാത്രമല്ല പട്ടാപ്പകൽ കൊലപാതകം നടത്തിയാൽ സാക്ഷി പറയുന്ന ആളിനെ കൊല്ലുന്ന പാർട്ടിയല്ലേ മാർക്സിസ്റ്റു പാർട്ടി! സാക്ഷി പറയാൻ സമ്മതിച്ചിട്ടുണ്ടോ? എനിക്ക് ഓർമ്മയുണ്ട്. എന്റെ കൊച്ചനുജൻ 19 വയസ്സുള്ള കെ.എസ്.യു. പ്രവർത്തകൻ

LIBRARY ARCHIVES Kerala Legislative Assembly

സജിത്‌ലാലിനെ വെട്ടിക്കൊന്നിട്ട് സാക്ഷി പറയാൻ പോയ ആളിനെ വീട്ടിൽക്കയറി നിങ്ങൾ ആക്രമിച്ചില്ലേ? നമ്മുടെ പോലീസ് ഒന്നും ചെയ്തില്ല. പോലീസ് കേസ് എടുത്തില്ല. മാർക്സിസ്റ്റുകാരാണ് പോലീസിന് ഏറ്റവും വലിയ സംരക്ഷണം, മറ്റ് പാർട്ടികളോട് നീതികേട് കാണിക്കുകയും ചെയ്യും. ഇത്തരത്തിൽ പക്ഷപാതപരമായിട്ടാണ് അന്ന് പെരുമാറിയതെങ്കിൽ ഇന്ന് പോലീസിന് പക്ഷപാതമില്ല. എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവമുണ്ടായാൽ അത് ഗൗരവമായിട്ട് എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, പോലീസിന്റെ കാര്യത്തിൽ കുറേക്കൂടി ശാസ്ത്രീയമായ പരിഷ്ക്കരണം ഉണ്ടാകണം എന്നതാണ്. അവരുടെ പെരുമാറ്റം നന്നാക്കണം. അത് ഈ കാലത്ത് ഉണ്ടായ പെരുമാറ്റമൊന്നുമല്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം എം.എൽ.എ. ആയിരുന്നപ്പോൾ എന്നെ തല്ലിയ ഒരു എസ്.പി.-യെ ന്യായീകരിക്കുന്നവരാണ് ഇവിടെയിരിക്കുന്നവർ. അത്തരം പെരുമാറ്റങ്ങൾ നന്നാക്കിയെടുക്കാൻവേണ്ടി ശാസ്ത്രീയമായി അവരെ മാറ്റിയെടുക്കണം എന്നാണ് എന്റെ അഭിപ്രായം. പൊതുപ്രവർത്തകരൊന്നും മോശക്കാരല്ല അവർ നല്ലവർ തന്നെയാണ്. പക്ഷേ മാർക്സിസ്റ്റു പാർട്ടിക്ക് അത് പറയാൻ യാതൊരു അധികാരവുമില്ല. അവർ പൊതു പ്രവർത്തനത്തിൽ ഏറ്റവും മോശമായിട്ട് പെരുമാറിയവരാണ്. പിന്നെ ഇന്നലെയും ഇന്നുമായി ഇവിടെ തെരഞ്ഞെടുപ്പിലെ കാര്യങ്ങൾ പറഞ്ഞു. യു.ഡി.എഫ്. തോറ്റു. എൽ.ഡി.എഫ്. ജയിച്ചു. തോൽവിയെ ന്യായീകരിച്ചിട്ട് കാര്യമില്ല. കാരണം തോൽവി തോൽവി തന്നെയാണ്. പക്ഷേ ഞങ്ങൾ തോറ്റത് വോട്ട് കുറഞ്ഞതുകൊണ്ടാണ്. നടക്കാൻ പാടില്ലാത്ത പലതും ഞങ്ങളുടെ പാർട്ടിയിൽ നടന്നതുകൊണ്ട് തന്നെയാണ് തോറ്റത്. അത് സത്യം തന്നെയാണ്. ജനങ്ങളുടെ മേൽ പ്രതിബദ്ധതയുള്ള ഒരു പ്രസ്ഥാനം എന്നുള്ള നിലയിൽ പാളിച്ച പറ്റി. പാർട്ടിക്കകത്തും മുന്നണിക്കകത്തും ഉണ്ടായ പ്രശ്നങ്ങൾകൊണ്ടാണ് ഞങ്ങൾ തോറ്റു പോയത്. കുറേ ആളുകൾ ഇരിക്കുന്ന കൊമ്പ് മുറിക്കാൻ ശ്രമിച്ചു. കൊമ്പ് മുറിച്ചു. കൊമ്പോടുകൂടി താഴെ വീണു. അത് സത്യമാണ് അങ്ങനെ സംഭവിച്ചു. പക്ഷേ നിങ്ങൾ മനസ്സിലാക്കേണ്ടത് ഏഴ് സ്ഥലത്ത് നിങ്ങൾക്ക് വോട്ട് കുറഞ്ഞില്ലേ? ഇവിടെ ബഹുമാനപ്പെട്ട തമ്പാൻ ആലപ്പുഴയിലെ കാര്യം സൂചിപ്പിച്ചു. 22,000 വോട്ടാണ് മാർക്സിസ്റ്റു പാർട്ടിക്ക് കുറഞ്ഞത്. ഞങ്ങളുടെ പ്രവർത്തനദോഷം കൊണ്ട് ഞങ്ങൾക്ക് വോട്ട് കുറഞ്ഞു. നിങ്ങൾക്ക് ആലപ്പുഴയിൽ 22,000 വോട്ട് കുറയാൻ കാരണമെന്താണ്? നിങ്ങൾക്ക് എന്തുകൊണ്ട് ഏഴ് മണ്ഡലങ്ങളിൽ വോട്ട് കുറഞ്ഞു? മൂവാറ്റുപുഴയിലെ തെരഞ്ഞെടുപ്പുഫലം നിങ്ങൾ എടുത്തു പരിശോധിച്ചു നോക്കൂ. ഞങ്ങൾക്ക് 1,50,000 വോട്ട് കുറഞ്ഞു. നിങ്ങൾക്ക് കുറഞ്ഞത് 38,000 വോട്ടാണ്. അവിടെ നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം, യു.ഡി.എഫിന് 1,50,000 വോട്ട് കുറഞ്ഞപ്പോൾ ആ വോട്ട് നിങ്ങൾക്ക് കിട്ടിയില്ല. അത് മാത്രമല്ല, യു.ഡി.എഫി.-നെ തോൽപ്പിക്കുന്ന ജനങ്ങൾ നിങ്ങളെയല്ല നോക്കിയത്. നിങ്ങൾക്ക് ബദലായി വേറെ ഏതെങ്കിലും ശക്തിയുണ്ടെങ്കിൽ അവരെകൂടി ഞങ്ങൾ ജയിപ്പിക്കും എന്നാണ്. ഇത് നിങ്ങൾക്ക് അഭിമാനകരമാണോ? ഞങ്ങൾക്ക് ഇഷ്ടമുള്ള കാര്യമല്ല അത്. പക്ഷേ നിങ്ങൾ മനസ്സിലാക്കേണ്ടത്, നിങ്ങൾക്ക് ജനങ്ങളുടെ ഭാഗത്തുനിന്നും അപ്രീസിയേഷൻ ഉണ്ടായിട്ടില്ല. ഞങ്ങളുടെ പ്രവർത്തനദോഷം കൊണ്ട് ഞങ്ങളുടെ വോട്ടിംഗിൽ മരവിപ്പ് ഉണ്ടായിട്ടുണ്ട്. അത് മാറ്റേണ്ടതാണ്. ഞങ്ങൾ അത് വിലയിരുത്തും. ഇത് മുഴുവനും നിങ്ങളുടെ കേമത്തം കൊണ്ടാണെന്ന് പറയാൻ നിങ്ങൾക്ക് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

അധികാരവുമില്ല. നിങ്ങളുടെ നേട്ടം കൊണ്ടല്ല. അത് മാത്രമല്ല, നിങ്ങൾക്ക് ഇതിനകത്ത് ഞങ്ങളേക്കാൾ തിരിച്ചടി ഉണ്ട് എന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ നോക്കിയാൽ നിങ്ങൾക്ക് മനസ്സിലാകും. ഇവിടെ മ് അദനിയുടെ കാര്യം ബഹുമാനപ്പെട്ട ഷാജു പറഞ്ഞു. നിങ്ങൾ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടേയും. എൽ.ഡി.എഫിന്റേയും ആർ.എസ്.എസിന്റേയും എല്ലാപേരുടേയും വോട്ട് വാങ്ങിച്ചില്ലേ? ഈ നിയമസഭയിൽ 1999 ജൂൺ 22-ാം തീയതിയിലെ നായനാരുടെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത് യു.ഡി.എഫിന്റെ കാലത്ത് അറസ്റ്റ് ചെയ്യാൻ സാധിക്കാത്ത മ് അദനിയെ എൽ.ഡി.എഫിന്റെ കാലത്താണ് അറസ്റ്റു ചെയ്തത്; അത് നേട്ടമാണ് എന്നാണ്. മുൻ യു.ഡി.എഫ്. സർക്കാരിന്റേയും എൽ.ഡി.എഫ്. സർക്കാരിന്റേയും കാലത്ത് കോയമ്പത്തൂരിൽ മ് അദനി രഹസ്യമായി ഗൂഢാലോചന നടത്തിയിരുന്നു. അന്ന് മ് അദനിയെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ല. വാറണ്ട് പുറപ്പെടുവിച്ചിട്ടും അന്നത്തെ ഗവൺമെന്റ് അറസ്റ്റ് ചെയ്യാൻ തയ്യാറായില്ല. ഒളിവിൽ കഴിഞ്ഞ മ് അദനിയെ കോയമ്പത്തൂരിൽ ബോംബ് സ്ഫോടനവുമായി ബന്ധമുണ്ടെന്ന കാരണത്താൽ എറണാകുളത്തുനിന്നും കേരളാ പോലീസ് അറസ്റ്റ് ചെയ്യുകയും തമിഴ്നാട് പോലീസിന് കൈമാറുകയുമാണ് ചെയ്തത്. ഇത് ഞങ്ങളുടെ ഏറ്റവും വലിയ നേട്ടമാണ് എന്ന് പ്രസംഗിച്ചു. ഈ പ്രാവശ്യവും ജാമ്യം കൊടുക്കാൻ കേരള ഗവൺമെന്റ് തയ്യാറായില്ല എന്നുള്ളത് നിങ്ങൾ കേരളം മുഴുവനും പ്രചരണം നടത്തിയില്ലേ? സത്യത്തിൽ എന്താണ് സംഭവിച്ചത്? വിചാരണ കൂടാതെ തടവിൽ കഴിയുന്ന മ് അദനിയുടെ കാര്യത്തിൽ, ജാമ്യം കിട്ടുന്ന കാര്യത്തിൽ കേരളാ ഗവൺമെന്റ് മനുഷ്യത്വപൂർണ്ണമായ ഒരു നിലപാട് സ്വീകരിച്ചു. ഓരോ സന്ദർഭങ്ങളിലും ഇനിയും സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. നിങ്ങൾക്ക് ഓരോ കോൺസ്റ്റിറ്റ്യുവൻസിയിലും ഓരോ സ്ട്രാറ്റജിയാണ്. തീരപ്രദേശത്ത് ഒരു സ്ട്രാറ്റജി, കിഴക്കൻ ഭാഗത്ത് മറ്റൊരു സ്ട്രാറ്റജി. നിങ്ങൾ സ്ഥാനാർത്ഥിയുടെ പേര് പോലും മാറ്റിയിട്ടാണ് പറഞ്ഞത്. എനിക്ക് അതിൽ അഭിമാനമുണ്ട്. സന്തോഷമുണ്ട്. പാർലമെന്റിൽ ഈ പ്രാവശ്യം സത്യപ്രതിജ്ഞ നടന്നപ്പോൾ അരിവാൾ ചുറ്റിക നക്ഷത്രത്തിൽ ജയിച്ച രണ്ട് സി.പി.ഐ.(എം.) എം.പി.-മാർ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു. ജാതിയും മതവും ഈശ്വരവിശ്വാസവും ഒന്നും വേണ്ട, മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്, കമ്മ്യൂണിസ്റ്റുകാർ നിരീശ്വരവാദികൾ—എന്ന് പറഞ്ഞ ആളുകൾ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു. ഈ മാറ്റം സ്വാഗതാർഹമാണ്. ചോരതുടിക്കും ചെറു കൈകളിൽ...................എന്ന് ഡി.വൈ.എഫ്.ഐ.-ക്കാരെക്കൊണ്ടും എസ്.എഫ്.ഐ.-ക്കാരെക്കൊണ്ടും വിളിപ്പിച്ച നിങ്ങൾ ഇന്ന് ഈശ്വരനുവേണ്ടി പറയാൻ തയ്യാറാകുന്നു. ഈശ്വരനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് നല്ല മാറ്റമാണ്. ഞാൻ അതിനെ അംഗീകരിക്കുന്നു. പക്ഷേ അത് നിങ്ങൾ മനസ്സിലാക്കാൻ തയ്യാറാകണമെന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളു. ഏതായാലും ഒരു കാര്യമുണ്ട്. കേന്ദ്രത്തിൽ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ ഇവിടെ ഡോ. നീലലോഹിതദാസൻ നാടാർ പറയുന്നതു കേട്ടു, കേന്ദ്ര കോൺഗ്രസിന് അനുകൂലമായ വിധിയെഴുത്തൊന്നുമില്ല, ഞങ്ങൾക്കാണ് കിട്ടിയിരിക്കുന്നതെന്ന്. മൂന്ന് എം.പി.-മാരാണ് അദ്ദേഹത്തിന്റെ പാർട്ടിയിൽ ഉള്ളത്. സി.പി.എമ്മിന്റെ പിന്തുണ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. വളരെ സന്തോഷമുള്ള കാര്യം തന്നെയാണ്. പക്ഷേ മുന്നണി ഗവൺമെന്റ് സി.പി.എമ്മിന്റെ നയപരിപാടികൾ നടപ്പിലാക്കാൻ മാത്രമുള്ള ഗവൺമെന്റല്ല. ജനഹിതം

LIBRARY ARCHIVES Kerala Legislative Assembly

അട്ടിമറിക്കാൻവേണ്ടിയുള്ള ദുഃസൂചനകളുമായി ഇപ്പോഴേ രംഗത്ത് വരുന്നത് ഗവൺമെന്റിന്റെ നല്ല പോക്കിന് സഹായകരമായിരിക്കില്ല. അത് അവർ മനസ്സിലാക്കുകയും കേരളത്തിലെ പൊതുവായ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ ഈ നല്ല കാര്യം ഉപയോഗിക്കുകയും ചെയ്യുകയാണ് വേണ്ടത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നീതിന്യായനിർവ്വഹണം, പോലീസ്, ജയിലുകൾ എന്നീ വകുപ്പുകളിലേയ്ക്ക് അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. എന്റെ വാദമുഖങ്ങളെ പിൻതാങ്ങുന്നതിന് 41 എം.എൽ.എ.-മാരുടെ പിന്തുണ മാത്രമേ ഉള്ളൂ എങ്കിലും എന്റെ വാദഗതിക്ക് കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളുടേയും പിന്തുണയുണ്ട്. ഈ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തു വന്നതിനുശേഷം നടക്കുന്ന ചർച്ചയിൽ ആഭ്യന്തരവകുപ്പ് ഒരു പ്രധാനപ്പെട്ട കേന്ദ്രമായി മാറിയിരിക്കുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലങ്ങളെ സംബന്ധിച്ച് അപ്പുറത്തുള്ള പല ആളുകളും വിശകലനം ചെയ്തത് കുരുടൻ ആനയെ കണ്ടതുപോലെയാണ്. ചിലർ പറഞ്ഞു ആഭ്യന്തര വകുപ്പിന്റെ പരാജയമാണെന്ന്. അപ്പോൾ ആഭ്യന്തര വകുപ്പിനെ ന്യായീകരിക്കുന്നവർ പറയുന്നു മറ്റ് വകുപ്പുകളുടെ പരാജയമാണെന്ന്. യഥാർത്ഥത്തിൽ കേരളത്തിലെ മൂന്ന് വർഷക്കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിനെതിരായുള്ള ഒരു ജനവിധിയാണ് ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉണ്ടായത്. ഇവിടെ ചിലർ പറഞ്ഞു, ആളുകൾ വോട്ടു ചെയ്യാൻ പോകാത്തതുകൊണ്ടാണ് തോറ്റു പോയതെന്ന്, 15 ലക്ഷം ആളുകൾ വീട്ടിലിരുന്നതുകൊണ്ടാണ് തോറ്റു പോയതെന്ന് പറഞ്ഞ ആളുകൾ ഉണ്ട്. 1999-ലെ പോളിംഗ് ശതമാനം 70.15 ആയിരുന്നു. ഇവിടെ 2004-ൽ പോളിംഗ് ശതമാനം 71.40 ആയി. 1.25% ആളുകൾ അധികം വോട്ട് ചെയ്ത തെരഞ്ഞെടുപ്പ് ആയിട്ട് പോലും യു.ഡി.എഫിന് എന്തുകൊണ്ട് 15 ലക്ഷത്തോളം വോട്ട് കുറഞ്ഞു എന്നതിനെ സംബന്ധിച്ച് ഒരു ആത്മപരിശോധനപോലും നടത്താൻ അപ്പുറത്തിരിക്കുന്നവർ സന്നദ്ധരായില്ല. കഴിഞ്ഞ തവണ യു.ഡി.എഫിന് കിട്ടിയ വോട്ട് 47%. ഇപ്പോൾ 38% മാത്രമേ ഉള്ളൂ. ഞങ്ങൾക്ക് 3% മാത്രമേ വോട്ട് വന്നിട്ടുള്ളൂ. അത് ഞങ്ങൾ അംഗീകരിക്കുന്നു. ഈ ജനവിധിയിൽ ഞങ്ങൾ അഹങ്കരിക്കുന്നില്ല. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന് എതിരായിട്ടുള്ള ജനങ്ങളുടെ പ്രതികരണമായിട്ടാണ് ഞങ്ങൾ ഇത് കണക്കാക്കുന്നത്. ഈ ജനവിധി കണക്കിലെടുത്തുകൊണ്ട് ഞങ്ങൾ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ ശക്തമായി നടത്തി, കൂടുതൽ പിന്തുണ ആർജിച്ചുകൊണ്ട് രാഷ്ട്രീയം മുന്നോട്ടു കൊണ്ടുപോകാൻ ഞങ്ങൾ പരിശ്രമിക്കുന്നു. ഈ ഗവൺമെന്റിന്റെ ആഭ്യന്തര നയം ലോകസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെയിടയിൽ പ്രധാനപ്പെട്ട ചർച്ചാ വിഷയമായിരുന്നു. ഈ തെരഞ്ഞെടുപ്പിലുള്ള പാരജയത്തിൽ യു.ഡി.എഫ്. പാഠം പഠിച്ചിട്ടില്ല. സർ, യു.ഡി.എഫ്.-ന് 24 മണ്ഡലങ്ങളിലേ ഭൂരിപക്ഷം ഉള്ളൂ. അത് വലിയ കാര്യമായിട്ടൊന്നും ഞങ്ങൾ പറയുന്നില്ല. അപ്പുറത്തിരിക്കുന്ന മന്ത്രിമാരിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള പതിനാല് മന്ത്രിമാർ പ്രതിനിധീകരിക്കുന്ന മണ്ഡലങ്ങളിൽ യു.ഡി.എഫ്.-ന് ഭൂരിപക്ഷം നഷ്ടപ്പെട്ടു. ഇവിടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടർച്ചയായി ജനപിൻതുണ കുറയുകയാണെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നു. എറണാകുളത്തു നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിലെ ജനവിധിയിൽ നിന്ന് നിങ്ങൾ പാഠം പഠിച്ചില്ല. തിരുവല്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉപതെരഞ്ഞെടുപ്പ് നടന്നപ്പോഴും ഭൂരിപക്ഷം കുറഞ്ഞു, എന്നിട്ടും പാഠം പഠിച്ചില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കേരളത്തിൽ മൂന്നു വർഷത്തിനുള്ളിൽ 299 മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. അതിൽ 181 മണ്ഡലങ്ങളിലും ജയിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ഏറ്റവും ഒടുവിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ 38 സീറ്റിൽ 19 സീറ്റ് ഇടതുപക്ഷത്തിനും 18 സീറ്റ് യു.ഡി.എഫ്.-നും കിട്ടി. 25 സിറ്റിംങ് സീറ്റിൽ നിന്നാണ് 18 സീറ്റ് കിട്ടിയത്. യു.ഡി.എഫിന്റെ ജനപിൻതുണ തുടർച്ചയായി കുറഞ്ഞുവരികയാണെന്ന കാര്യം ഓർക്കാൻ അവർ സന്നദ്ധമാകുന്നില്ല. ഇത്ര ദയനീയമായി കോൺഗ്രസ്സിന്റെ പരാജയം ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടുണ്ടോ? ഒറ്റ സീറ്റിലും ജയിച്ചില്ല. 1967-ൽ കോൺഗ്രസിന് മുകുന്ദപുരത്ത് ഒരു സീറ്റ് കിട്ടിയിട്ടുണ്ട്, അതും പോയി. സർ, ലീഗിന്റെ പരാജയം ചരിത്രത്തിൽ ആദ്യമല്ലേ? മഞ്ചേരി സീറ്റിൽ ലീഗിന്റെ ആരെ നിറുത്തിയാലും രണ്ടു ലക്ഷം വോട്ട് ഭൂരിപക്ഷത്തിന് ജയിക്കുന്ന മണ്ഡലമാണ്. അവിടെയാണ് അൻപതിനായിരത്തോളം വോട്ടിന് അരിവാൾ ചുറ്റിക നക്ഷത്രത്തിൽ മൽസരിച്ച ടി.കെ. ഹംസ വിജയം വരിച്ചത്. ഇതൊരു ചരിത്ര വിജയമാണ്. ഞങ്ങൾ ഇവിടെ ജയിച്ചപ്പോൾ അപ്പുറത്തിരിക്കുന്ന ചില സ്നേഹിതൻമാർ പറഞ്ഞു, മഞ്ചേരിയിൽ തോറ്റാലെന്താ, ലീഗിന് കേന്ദ്രത്തിൽ മന്ത്രിസ്ഥാനം കിട്ടിയില്ലേയെന്ന്, മുൻപ് ഒരു അനാഥ ബാലൻ പറഞ്ഞതാണ് എനിക്ക് ഓർമ്മ വരുന്നത് "ബാപ്പ മരിച്ചതുകൊണ്ടെന്താ, ഉമ്മയ്ക്ക് പുതിയൊരു മാപ്പളേനെയും, എനിയ്ക്ക് ഒരു എളാപ്പനേയും കിട്ടിയില്ലേയെന്ന്". ഇത്തരത്തിലുള്ള വാദഗതികൾ പറഞ്ഞ് ആശ്വാസം കൊള്ളുകയെന്നുള്ളതല്ലാതെ തോൽവി തോൽവി തന്നെയല്ലേ സർ? ഈ മുന്നണിയിലെ മൂന്നാമത്തെ കക്ഷിയാണ് കേരളാ കോൺഗ്രസ്, ശ്രീ. മാണി എപ്പോഴും അഭിമാനിക്കാറുണ്ട്, "പാലാ എന്റെ സ്വന്തം പാലയാണ്" എന്ന്, പാലാ പോലും പോയി, ഈ മുന്നണിക്ക് എന്താണ് രാഷ്ട്രീയമായ അടിത്തറ? ഐക്യ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയമായ അടിത്തറ തകർന്നു എന്നതാണ് ഈ ലോക്സഭാ തെരഞ്ഞെടുപ്പിലെ പ്രത്യേകത. സംഘടനാപരമായ അടിത്തറ തകർന്നു. കോൺഗ്രസ്-ഐ-ലെ എല്ലാ കുഴപ്പവും പരിഹരിച്ചു എന്നുപറഞ്ഞുകൊണ്ടല്ലേ ഇലക്ഷനെ നേരിട്ടത്. ഐക്യം, ഐക്യം എന്ന് പ്രസംഗിച്ചു; എന്തെല്ലാം നമ്മൾ കണ്ടു, എങ്ങനെയാണ് ഐക്യം ഉണ്ടായത്? അച്ഛന് രാജ്യസഭ, മോന് നിയമസഭ, മോൾക്ക് ലോക്സഭ, എല്ലാ സഭയും പോയില്ലേ? ഇവിടെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ പത്മജയെ സ്ഥാനാർത്ഥിയാക്കാൻ പറഞ്ഞപ്പോൾ ശ്രീ. എ.കെ. ആന്റണി പറഞ്ഞു, "ഞാൻ അതിനെ അംഗീകരിച്ചില്ല, എനിക്ക് ഒരിക്കൽ അബദ്ധം പറ്റി, അന്ന് മുരളി ലോക്സഭയിൽ എത്തി, ഇനി ഞാൻ അബദ്ധം ചെയ്യില്ല" എന്ന്. ആന്റണി ഇപ്പോൾ പറഞ്ഞു, "പത്മജയെ സ്ഥാനാർത്ഥി യാക്കാൻ ഞാൻ തന്നെ സമ്മതിച്ചു", അങ്ങനെ ഐക്യം പ്രഖ്യാപിച്ചപ്പോൾ കരുണാകരൻ പറഞ്ഞു, വിളിക്കു "ആന്റണി സിന്ദാബാദ്" എന്ന്. അതിൽ ഞാൻ സന്തോഷിക്കുകയാണ് കരുണാകരനെക്കൊണ്ട് ആന്റണിക്ക് സിന്ദാബാദ് വിളിപ്പിക്കാൻ ഈ തെരഞ്ഞെടുപ്പിൽ സാധിച്ചു. 17 സീറ്റിൽ തോറ്റാലും ആ ഗുണം കിട്ടിയില്ലേ, പത്മജയ്ക്ക് വേണ്ടി വോട്ട് പിടിക്കാൻ സർവ ഗ്രൂപ്പും അവിടെ എത്തിയില്ലേ? എന്തൊക്കെയാണ് പാട്ടും പാടി നടന്നത്! ഇത്രകാലം എതിർത്ത ആന്റണി പറഞ്ഞില്ലേ, "എൻകരളിൽ താമസിച്ചാൽ മാപ്പുതരാം രാക്ഷസി, രാക്ഷസീ..." പാട്ടു പാടി നടന്നിട്ടും എന്തു സംഭവിച്ചു ജനങ്ങൾ കൊടുത്തില്ല. ഇത്തവണയാണ്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസിന്റെ ചരിത്രത്തിൽ ആദ്യമായിട്ട് മാനേജുമെന്റ് സീറ്റ്, പേമെന്റ് സീറ്റ്, എന്തൊക്കെയാണ്, രാഷ്ട്രീയത്തിലെ അപമാനകരമായ സ്ഥിതിക്ക് കേരളത്തിലെ ജനങ്ങൾ, ജനാധിപത്യ സമൂഹം തിരിച്ചടിച്ചു എന്നതാണ് സർ ഈ തെരഞ്ഞെടുപ്പിന്റെ ജയം. ഇതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഈ രാജ്യത്ത് കേരളീയർക്ക് ഒന്നിച്ചുനിൽക്കാൻ സാധിക്കുന്ന ഒരു ജനവിധി ഈ സംസ്ഥാനത്ത് ഉണ്ടായി. ഇവിടെ ഇന്ന് ചർച്ച ചെയ്യപ്പെടുന്നത് ക്രമസമാധാനത്തിന്റെ പ്രശ്നമാണ്. എന്റെ പണി വളരെ ലഘുവായിരിക്കുകയാണ്. അപ്പുറത്തു നിന്ന് സംസാരിച്ച ടി.എച്ച്. മുസ്തഫ മുതൽ അവസാനം പ്രസംഗിച്ച കെ. സി. വേണുഗോപാൽ വരെ—ആന്റണിയുടെ ഏറ്റവും അടുത്ത വിശ്വസ്തർ മാത്രമേ ഇന്ന് സംസാരിച്ചിട്ടുള്ളൂ. കോൺഗ്രസിൽ എതിർപ്പുള്ള ഒരു ശബ്ദത്തെപ്പോലും ഇന്ന് പ്രസംഗിക്കാൻ അനുവദിച്ചിട്ടില്ല. ഇപ്പുറത്ത് ഘടക കക്ഷിയിലെ അംഗങ്ങൾ പ്രസംഗിച്ചത് പ്രത്യേകം ശ്രദ്ധിക്കണം. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ പ്രസംഗം, എന്നാലും ചർച്ച പോരായെന്ന്, അവസാനം മുഖ്യമന്ത്രി പറയും. അതിൽ കൂടുതൽ അദ്ദേഹം എന്തു പറയാനാണ്! ഷിബു ബേബിജോണിന്റെ പ്രസംഗം അങ്ങ് ശ്രദ്ധിച്ചുകാണും, ഈ ഗവൺമെന്റിന് കിട്ടിയ ഏറ്റവും ശക്തമായ അടിയാണ്. ഷിബു ബേബി ജോണിന്റെ ഇന്നത്തെ പ്രസംഗം. ഐക്യ ജനാധിപത്യ മുന്നണിക്ക് നിലനിൽക്കാൻ എന്താണ് അർഹത? ഇത് ഒരു മുന്നണി യല്ലാതായിക്കഴിഞ്ഞു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഇവിടെ വിവരിക്കുന്ന മുഖ്യമായ കുഴപ്പത്തിന്റെ കാരണം. ഇവിടെ ഒരു മന്ത്രിസഭയില്ല. മന്ത്രിസഭയെന്നു പറഞ്ഞാൽ കൂട്ടുത്തരവാദിത്വമുള്ളതായിരിക്കണം. അതിന്റെ നേതാവ് മുഖ്യമന്ത്രിയാണ്. ഇവിടെ ഒരു മുഖ്യമന്ത്രിയല്ല ഉള്ളത്. 20 മുഖ്യമന്ത്രിമാർ ഉണ്ട്. ഓരോ മന്ത്രിയും ഓരോ മുഖ്യമന്ത്രിമാരായി പ്രവർത്തിക്കുന്ന സംസ്ഥാനം ഇൻഡ്യാ രാജ്യത്ത് എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് ഈ സംസ്ഥാനത്ത് മാത്രമാണുള്ളത്. ആർക്കും ആരുടെ മേലും നിയന്ത്രണമില്ല. ഇതിന്റെ ഫലമായി സംസ്ഥാനത്ത് വന്ന അരാജകത്വമാണ് കേരളത്തിലെ പോലീസിനെ ബാധിച്ചിരിക്കുന്നത്. ഇവിടെ നടക്കുന്ന ക്രമസമാധാന തകർച്ചയ്ക്ക് കാരണം പോലീസ് സ്പോൺസേർഡ് ആക്രമണങ്ങളാണ് ഇവിടെ നടക്കുന്നത് എന്നതാണ്. അതാണ് ഇവിടത്തെ ആക്രമണത്തിന്റെ പ്രത്യേകത. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് ഇൻഡ്യയിൽ ക്രമസമാധാന പരിപാലനത്തിൽ മുന്നിട്ടു നിന്നിരുന്ന ഒരു സംസ്ഥാനമായിരുന്നു കേരളം. ഇന്ന് സ്ഥിതി മാറിയില്ലേ, ഇവിടെ ശ്രീ. പി.എസ്. സുപാലും, ശ്രീ. പി.സി. ജോർജും ഇതിന്റെ കണക്കുകൾ പറഞ്ഞു. കേരളം ജനസംഖ്യയിൽ 3 ശതമാനമാണെങ്കിൽ, ഇന്ന് കുറ്റകൃത്യങ്ങളിൽ കേരളത്തിന്റെ സ്ഥാനം 10.23 ശതമാനമാണ്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള യു.പി.-യിൽ 9.4-ഉം, മഹാരാഷ്ട്രയിൽ 9.1-ഉം, തമിഴ്നാട്ടിൽ 7.2-ഉം ആണ്. ആന്റണിയുടെ ഭരണത്തിൻ കീഴിൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം വളരുകയാണ്. ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞു, ഇതെല്ലാം പരിഹരിക്കാനുള്ള ഒറ്റമൂലി കണ്ടുപിടിച്ചു എന്ന്, പോലീസിന് രാഷ്ട്രീയ നിയന്ത്രണം വേണം, എന്താണ് മുഖ്യമന്ത്രി ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കണം. രാഷ്ട്രീയ നിയന്ത്രണം പോലീസിന് കൊടുക്കുകയെന്നു പറഞ്ഞാൽ........ ഈ മൂന്നു വർഷക്കാലം രാഷ്ട്രീയ നിയന്ത്രണം പോലീസിന് ഉണ്ടായിട്ടില്ലേ? ഇത്രയും കാലം ഈ പോലീസിനെ നയിച്ചത് മുഖ്യമന്ത്രിയല്ലേ, മുഖ്യമന്ത്രി രാഷ്ട്രീയക്കാരനല്ലേ, ഡി.ജി.പി. പറഞ്ഞു, മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ തന്നെയാണ് പോലീസ് പ്രവർത്തിക്കുന്നത്. മുഖ്യമന്ത്രിക്ക് കീഴിലാണെന്നു പറഞ്ഞു. ഈ ഇലക്ഷൻ പരാജയത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ''മുൻഗണന മാറ്റും, വകുപ്പു വിടും, പരമ്പരാഗത വ്യവസായത്തിനും, കൃഷിക്കും ഊന്നൽ കൊടുക്കും'' എന്ന്. പോലീസിന്റെ മേൽ കുറേക്കൂടി രാഷ്ട്രീയ നിയന്ത്രണമുണ്ടാകുമെന്നും പോലീസിനെ ആഭ്യന്തര മന്ത്രി നിയന്ത്രിക്കുമെന്നും അറിയിച്ചു. തെരഞ്ഞെടുപ്പിൽ ഷോക്ക് ട്രീറ്റ്മെന്റ് ലഭിച്ചതോടെയാണ് പോലീസിന്റെ പ്രവർത്തനത്തിൽ കുഴപ്പമുണ്ടെന്ന് ബോദ്ധ്യപ്പെട്ടത്. ഇനിമുതൽ ആഭ്യന്തരമന്ത്രി നിയന്ത്രിക്കുമെന്നു പറഞ്ഞാൽ ഈ മൂന്നു വർഷക്കാലം കേരളത്തിലെ പോലീസിനെ നയിച്ചത് ആഭ്യന്തരമന്ത്രിയല്ലേ? ഈ ചോദ്യത്തിന് മുഖ്യമന്ത്രി ഈ സഭയിൽ ഉത്തരം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. മലയാള മനോരമ പത്രമാണ് എന്റെ കയ്യിലുള്ളത്. (മെമ്പർ സഭയിൽ പത്രം ഉയർത്തിക്കാണിച്ചു) ഈ പത്രത്തിലാണ്, ''കെ.പി.സി.സി. യോഗം മാറ്റി'', ''ഉണ്ണിത്താനും, ശരത്തിനും മർദ്ദനം, ഗുണ്ടകൾ അഴിഞ്ഞാടി'', ആ വാർത്ത വായിച്ചപ്പോൾ ഞാൻ വീണ്ടും കണ്ടു സർ, സംഘർഷം ഒരു മണിക്കൂറിൽ ഏറെ നീണ്ടു. ഗുണ്ടാ ആക്രമണം അഴിഞ്ഞാടി, അത് കഴിഞ്ഞിട്ടാണ് പോലീസ് എത്തിയത്. അതിനാൽ ആരെയും അറസ്റ്റ് ചെയ്തില്ല. തകർക്കപ്പെട്ട വാഹനം സ്ഥലത്തുനിന്ന് അപ്രത്യക്ഷമായി. അര മണിക്കൂറിനുശേഷം വാഹനം തിരികെ എത്തിച്ചു. മുഖ്യമന്ത്രിയുൾപ്പെടെയുള്ള 9 മന്ത്രിമാർ ഇരിക്കുന്ന സ്ഥലത്താണ് ഇത് നടക്കുന്നത് എന്ന് ഓർക്കണം. മുഖ്യമന്ത്രി രാഷ്ട്രീയമായി പോലീസിനെ നിയന്ത്രിക്കുമെന്ന് പറഞ്ഞ പിറ്റേ ദിവസം നടന്ന ഈ മർദ്ദനം, അതുപോലും ഒഴിവാക്കാൻ എന്തുകൊണ്ട് പോലീസിന് കഴിഞ്ഞില്ല. സർ, ഇവിടെ ഗവൺമെന്റിന് അതു സംബന്ധിച്ച റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഞാൻ സമയം ഇല്ലാത്തതുകൊണ്ട് അതിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതുസംബന്ധിച്ച് പുറത്തുവന്ന വാർത്തകൾ വായിച്ചാൽ ആ സംഭവം ആസൂത്രിതമായ സംഭവമായിരുന്നു എന്ന് എല്ലാ പത്രങ്ങളും പറയുന്നു. അടി തുടങ്ങിയത് നാടകീയമായിട്ടാണ്, ഇരുപതോളം പേർ അടങ്ങിയ ഗുണ്ടാസംഘം രണ്ടു മണി മുതൽ മ്യൂസിയം വളപ്പിന് പുറത്ത് പല സ്ഥലത്തായി നിലയുറപ്പിച്ചു. പോലീസ് എന്തു ചെയ്യുകയായിരുന്നു? ഇങ്ങനെ നമ്മുടെ തലസ്ഥാന നഗരിയിൽ ഗുണ്ടാ വിളയാട്ടം കെ. പി. സി. സി. എക്സിക്യൂട്ടീവ് യോഗത്തിൽ നടന്നിട്ട്, നമ്മുടെ സംസ്ഥാന ചരിത്രത്തിൽ ആദ്യമായി ഭരണകക്ഷിക്ക് സ്വന്തം പാർട്ടിയോഗം നടത്താൻ കഴിയാത്ത ഒരു സംസ്ഥാനം ഇൻഡ്യാ രാജ്യത്ത് എവിടെയെങ്കിലും ഉണ്ടോ? സ്വന്തം പാർട്ടിയുടെ നേതൃഘടകത്തിന്റെ യോഗം ചേരാൻ സാധിക്കാത്ത അരാജകത്വം നടമാടുന്ന ഒരു സംസ്ഥാനം, അതാണ് ഈ കേരളത്തിലെ ആന്റണി ഭരണത്തിൽ നമ്മൾ കണ്ട സംഭവം. സർ, ഇവിടെ സംഭവത്തിന്റെ വിശദാംശങ്ങൾ ഓരോന്നായി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ ഓരോ ദിവസവും പത്രങ്ങൾ അതു സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ എന്തായി? ഇപ്പോൾ ആരെയെങ്കിലും അറസ്റ്റു ചെയ്തോ? ആർക്കും ഒന്നും പറയാൻ കഴിയാത്ത സ്ഥിതി, ഇവിടെ ആക്രമണം നടന്നപ്പോൾ 20 പേരടങ്ങിയ ഗുണ്ടാസംഘമാണ് ആക്രമണം നടത്തിയതെന്ന് പറയുന്നു. ആരെ അറസ്റ്റു ചെയ്തു, ഒന്നും പറയാൻ കഴിയുന്നില്ല. വാനിലിട്ട് കത്തിക്കാൻ മുരളി നിർദ്ദേശിച്ചു എന്നാണ് ഉണ്ണിത്താൻ പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഒന്ന് ആലോചിച്ചു നോക്കൂ, എന്താണ് സ്ഥിതി, ആക്രമണത്തിനു പിന്നിൽ മുരളിയും കൂട്ടരും—സുധാകരൻ. ഗൂഢാലോചന

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയത് മന്ത്രി സുധാകരനും, വ്യവസായിയും—കുഞ്ഞിക്കണ്ണൻ. ഇവരെല്ലാം കോൺഗ്രസ് നേതാക്കൻമാരാണ്. മുണ്ടുരിയാൻ നിർദ്ദേശം കിട്ടിയെന്ന് മൊഴി! നിർദ്ദേശിച്ചിട്ടാണ് ആളുടെ മുണ്ടുരിയുന്നത്! ഇങ്ങനെ ഒരു സംസ്ഥാനം എവിടെയുണ്ട് സർ, പ്രതി മൊഴി കൊടുത്തിരിക്കുകയാണ്, മുണ്ട് ഉരിയാൻ രണ്ടായിരം രൂപ. സർ, നമ്മുടെ സംസ്ഥാനത്ത് ഒരാളുടെ മുണ്ടുരിയാൻ രണ്ടായിരം രൂപ വില നിശ്ചയിച്ച ഒരു മന്ത്രിസഭയാണ് ഈ മന്ത്രിസഭ. അടി പോലീസ് നോക്കിനിന്നു എന്ന് കേരള കൗമുദി ദിനപ്പത്രം. എന്നിട്ട് പറയുകയാണ് 'ശരത്തും ഉണ്ണിത്താനും പോലീസ് സംരക്ഷണം തേടി '. കേരള കൗമുദി ദിനപ്പത്രത്തിലെ വാർത്ത. ഇപ്പോൾ പറയുന്നു ഇടതുപക്ഷ ഭരണകാലത്ത് ഞങ്ങളൊക്കെ പോലീസിന്റെ സംരക്ഷണം തേടി നടന്നു എന്ന്. ഇവിടെ കെ.പി.സി.സി.-യിലെ അംഗങ്ങളായ രണ്ടുപേരാണ് പറയുന്നത്. പോലീസ് സംരക്ഷണം തരൂ. നിങ്ങൾക്ക് പഴയ കാലത്തെക്കുറിച്ച് പറയാൻ എന്താണ് അർഹത? വധശ്രമം, മുരളി ഒന്നാംപ്രതി. മുണ്ട് ഉരിയുന്ന കേസിൽ ഇവിടെ മന്ത്രിയായിരുന്ന ഒരാൾ ഒന്നാംപ്രതി! ഏതായാലും വടക്കാഞ്ചേരിയിൽ നിന്നും മൊയ്തീൻ ജയിച്ചതുകൊണ്ട് നമ്മുടെ മുണ്ട് പോകാതെ രക്ഷപ്പെട്ടു. ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് മുരളി പറഞ്ഞത്. അതിലേയ്ക്കൊന്നും ഞാൻ കൂടുതലായി പോകുന്നില്ല. ഇതിനുവേണ്ടി എന്റെ സമയം പോക്കാൻ ഉദ്ദേശിക്കുന്നില്ല. ഇത്രയും സംഭവങ്ങൾ നടന്നിട്ടും ഈ സംഭവത്തെക്കുറിച്ച വല്ല തുമ്പും വാലുമുണ്ടാക്കാൻ സാധിച്ചോ? ആരേയും വെറുതേ വിടില്ല എന്ന് പറഞ്ഞിട്ട് ഇവിടെ എന്തുണ്ടായി? ഇതാണിവിടത്തെ പോലീസ് ഭരണം. ഈ ഗവൺമെന്റിനെ ഏറ്റവും കൂടുതൽ പിന്താങ്ങുന്ന പത്രമാണ് മലയാള മനോരമ. മലയാള മനോരമ ദിനപത്രം പറഞ്ഞത്, നയം ഏതുമാകട്ടെ, പോലീസ് നന്നാകണം. എന്നിട്ട് അവർ പറയുന്നു, "ഭരണത്തിൽനിന്ന് അന്തിമമായി പോലീസിന് ലഭിക്കേണ്ടത് ക്രമസമാധാന വാഴ്ചയാണ്", മലയാള മനോരമ ദിനപത്രം. "സമാധാനപരമായി ജനങ്ങൾക്ക് സഞ്ചരിക്കാൻ എന്താ ഉറപ്പ്?" മലയാള മനോരമ ദിനപത്രം. "പട്ടാപ്പകൽ ജനങ്ങൾക്ക് ധൈര്യമായി പുറത്തിറങ്ങി നടക്കണം. ജനങ്ങൾ പറയുന്നത് കേൾക്കാനുള്ള സന്നദ്ധത പോലീസിനുണ്ടാകണം. പുലർച്ചെ സ്ത്രീകൾ റോഡിലൂടെ സഞ്ചരിച്ച് അമ്പലത്തിൽ നിർമ്മാല്യം തൊഴുതിരുന്ന അവരുടെ നല്ല നാടായിരുന്നു. കേരളത്തിൽ ഇന്ന് വീടുകളിൽ സമാധാനപരമായി ഉറങ്ങാൻപോലും പറ്റാത്ത അവസ്ഥയാണ്". മലയാള മനോരമ ദിനപത്രത്തിലെ മുഖപ്രസംഗമാണ്. ഇതെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് വായിക്കുമോ? മാതൃഭൂമി ദിനപത്രം മുഖപ്രസംഗം എഴുതി. മാധ്യമം ദിനപത്രം പറഞ്ഞു, "മാഫിയ വാഴുന്ന കേരളം". "കെ.പി.സി.സി. നിർവ്വാഹക സമിതി യോഗത്തോടനുബന്ധിച്ച് തിരുവനന്തപുരത്തു നടന്ന ഗുണ്ടായിസം, രാഷ്ട്രീയ അധോലോക കൂട്ടുകെട്ടിന്റെ ഏറ്റവും ബീഭത്സ മുഖമാണ് അനാവരണം ചെയ്തിരിക്കുന്നത്". മാധ്യമം ദിനപത്രം പറഞ്ഞു. "മുഖ്യമന്ത്രി എ. കെ. ആന്റണി അധികാരത്തിൽ തുടരാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ താൻ നേരിട്ട് കൈയാളുന്ന ആഭ്യന്തര വകുപ്പിന്റെ നിലവിലുള്ള സ്ഥിതിയോർത്ത് ലജ്ജിക്കുകയെങ്കിലും വേണം". എന്ന് മാധ്യമം ദിനപത്രം. എന്നിട്ടും അവർ പറയുന്നു, "പോലീസിന്റെ തലപ്പത്ത് അഴിച്ചുപണി. നിലവിൽ ഒരു ഗുണവും ഉളവാക്കിയില്ലെങ്കിലും, പോലീസിനെ ശുദ്ധീകരിക്കാനും രാഷ്ട്രീയക്കാരും മാഫിയാ സംഘങ്ങളുമായിട്ടുള്ള അവിശുദ്ധബന്ധം അവസാനിപ്പിക്കാനും മുഖം നോക്കാത്ത നടപടികൾ ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പം അദ്ദേഹത്തിന് സാദ്ധ്യമല്ലെങ്കിൽ നെഞ്ചൂക്കുള്ള മറ്റൊരാൾക്ക് വകുപ്പിന്റെ ചുമതല ഏൽപ്പിക്കുവാനുള്ള ആർജ്ജവമെങ്കിലും കാട്ടാൻ ആന്റണി ഇനിയെങ്കിലും അമാന്തിക്കരുത്''. ഇതാണ് മാധ്യമം ദിനപത്രം എഴുതിയ മുഖപ്രസംഗത്തിൽ പറഞ്ഞത്. കേരള കൗമുദി ദിനപത്രം പറഞ്ഞത്, "പോലീസിന്റെ തൊപ്പി അങ്ങ് ദൂരെ കണ്ടാൽ ഏത് വലിയ അക്രമി ആയാലും ഓടിയൊളിക്കുകയായിരുന്നു പണ്ടത്തെ പതിവ്. കാലം മാറിയപ്പോൾ അക്രമികളെ കണ്ടാൽ പോലീസ് വഴിമാറി നടക്കുന്ന സംസ്ഥാനമായി കേരളം''. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആന്റണിക്ക് ഈ ഖദർ വസ്ത്രം അല്ലാതെ കാക്കി ചേരുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ പോലീസ് ഭരണം അങ്ങേയറ്റം പരാജയമായി എന്നുള്ളത് ഇതിനകം വന്ന ഓരോ വാർത്തകളും വ്യക്തമാക്കിയിരിക്കുകയാണ്. ഇവിടെ ഈ സ്ഥിതിവിശേഷം ഉണ്ടാക്കിയതിന് കാരണക്കാർ ഞങ്ങളാണോ? മാർക്സിസ്റ്റ് അക്രമികളാണോ? മാർക്സിസ്റ്റ് അക്രമികളെന്ന് പറയാൻ ഇന്ന് ഈ ഗവൺമെന്റിന് സാധിക്കാതെ വന്നിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് അഞ്ചുമാസത്തിനിടയ്ക്ക് നടന്ന സംഭവങ്ങൾ മാത്രം ഞാൻ പറയാം. ഇലക്ഷൻ പ്രചരണഘട്ടത്തിൽ ഇരിങ്ങാലക്കുടയിൽ സി.പി.എം. പ്രവർത്തകനായ ഷാജിയെ പിടിച്ചുകെട്ടി പെട്രോൾ ഒഴിച്ച് തീ കൊളുത്തി. മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന ആ സംഭവം നടത്തിയത് ഞങ്ങളാണോ? കോൺഗ്രസുകാർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്വന്തം പാർട്ടിക്കാരാണ്. ചേലക്കരയിലെ പഴയന്നൂരിൽ ചുമട്ടുതൊഴിലാളിയായ കെ.പി. മോഹനനെ കൊന്നതാര്? ഐ.എൻ.ടി.യു.സി.-ക്കാർ. ഭരണകക്ഷിക്കാർ. തിരുവനന്തപുരത്ത് അജി എന്ന സി.ഐ.ടി.യു. പ്രവർത്തകനെ കുത്തിക്കൊന്നതാരാണ്? കോൺഗ്രസ് പ്രവർത്തകർ. മാരാരിക്കുളത്ത് സി.പി.എം. ഏരിയാ കമ്മിറ്റിയംഗമായ ബെന്നിയെ പട്ടാപ്പകൽ സമയത്താണ് വെട്ടിക്കൊലപ്പെടുത്തിയത്. ആർ.എസ്.എസ്. റൗഡി സംഘമാണ് ഇത് ചെയ്തത്. കിളികൊല്ലൂരിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ അമീനെ വെട്ടിക്കൊന്നു. സെൻട്രൽ ജയിലിൽ കൊലപാതകം. ഇന്ത്യയുടെ ചരിത്രത്തിൽ എവിടെയെങ്കിലും നടന്നിട്ടുണ്ടോ? സെൻട്രൽ ജയിലിനകത്ത്, തടവറയിൽ, ഏറ്റവും സുരക്ഷിതമായി കരുതുന്ന സ്ഥലത്താണ് ഇത് നടന്നത്. തടവുകാരൻ കൊല ചെയ്യപ്പെട്ടു. കൊല ചെയ്യാൻ എല്ലാ ഒത്താശകളും ഭരണകൂടം ചെയ്തുകൊടുത്തു. അതാണ് ഇവിടെ നടക്കുന്ന അക്രമങ്ങൾ. ഗവൺമെന്റ് സ്പോൺസേർഡ് അക്രമങ്ങളാണ് ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. അവിടെ മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന സംഭവമാണ് ഉണ്ടായത്. എന്നിട്ടുപോലും എന്താ ചെയ്തത്, ഒരു ജയിലിൽ കിടക്കുന്ന മാർക്സിസ്റ്റുകാരെ മാറ്റി—ജീവപര്യന്തക്കാരെ ഒരിക്കലും വയ്ക്കാൻ പാടില്ലാത്ത വിയ്യൂർ ജയിലിലേയ്ക്ക് മാറ്റി. സ്ഥിരം ക്രിമിനലുകൾക്കുമാത്രം പാർക്കാൻ ജയിൽ മാനുവൽപ്രകാരം നിശ്ചയിക്കപ്പെട്ട ജയിൽ! അവിടെ ആ തടവുകാരെ മാറ്റി. അവിടെ ഇപ്പോൾ എന്താണ് നടക്കുന്നത്? ഭ്രാന്തന്മാരായ ആളുകൾ കഴിയുന്ന ജയിൽ. തടവുകാർ ഭക്ഷണം കഴിക്കുമ്പോൾ അവരുടെ ദേഹത്ത് മൂത്രം ഒഴിക്കുന്നു. മനുഷ്യത്വപരമായി തടവുകാരോട് പെരുമാറണ്ടേ? എന്നാൽ അക്രമം കാണിച്ച, കൊലപാതകം ചെയ്ത ആർ.എസ്.എസ്. തടവുകാരെ തിരുവനന്തപുരത്തേയ്ക്ക് മാറ്റി. തിരുവനന്തപുരത്ത് ജയിലിൽ എത്തിയപ്പോൾ അവർക്ക് ബിരിയാണി വച്ചുകൊടുത്തു. കൊലപാതകം നടത്തിയ കൊലപാതകിക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബിരിയാണി വച്ചുകൊടുത്ത മന്ത്രിസഭ. ആന്റണി മന്ത്രിസഭ തിരുവനന്തപുരം ജയിലിൽ എല്ലാപേർക്കും ടെലിവിഷൻ കൊടുത്തു. ആർ.എസ്.എസ്.-കാരെ തിരുവനന്തപുരത്തേയ്ക്ക് മാറ്റിയപ്പോൾ എല്ലാപേരും ടെലിവിഷൻ കാണട്ടേ എന്ന് തീരുമാനം എടുത്ത മന്ത്രിസഭ! ഇവിടെ ആർ.എസ്.എസ്.-കാർക്ക് അഴിഞ്ഞാടാൻവേണ്ടി സൗകര്യം ചെയ്തു കൊടുത്തത് ആഭ്യന്തര വകുപ്പാണ്. കഴിഞ്ഞ ദിവസം ഇരിട്ടിയിൽ ഒരു എൻ.ഡി.എഫ്. പ്രവർത്തകൻ കൊലചെയ്യപ്പെട്ടു. എൻ.ഡി.എഫ്. പ്രവർത്തകൻ കൊല ചെയ്യപ്പെട്ട കേസ് കോടതിയിൽ എത്തി. ഇപ്പോൾ കോടതിയിൽ എഫ്.ഐ.ആർ. മാറ്റിയിരിക്കുകയാണ്. ആർ.എസ്.എസ്.-ന്റെ കണ്ണൂർ ജില്ലാ ബൗദ്ധിക് ഉൾപ്പെടെയുള്ള ആളുകളെ പ്രതികളാക്കി കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചു. ആ കേസ് ഇപ്പോൾ മാറ്റി മറിച്ചു. ഇങ്ങനെയാണോ ഇവിടെ നീതി നടപ്പിലാക്കാൻ പോകുന്നത്? ആർ.എസ്.എസ്.-ന് വിധേയമായിട്ടാണ് കാര്യങ്ങൾ കൈകാര്യം ചെയ്തത്. കണ്ണൂരിൽ എ.കെ.ജി. ആശുപത്രിക്ക് മുമ്പിൽവച്ച് പട്ടാപ്പകൽ കൊലപാതകം നടന്നു. പ്രദീപൻ കൊലചെയ്യപ്പെട്ടു. കേസിലെ പ്രതികൾ ആർ.എസ്.എസ്.-കാരാണ്. ആ പ്രതികളെ മാറ്റി വേറെ പ്രതികളെ ചേർക്കാൻ ഡി.വൈ.എസ്.പി. ശ്രമിച്ചു. ആ ഡി.വൈ.എസ്.പി.-യുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്.പി. ഗവൺമെന്റിൽ റിപ്പോർട്ട് സമർപ്പിച്ചു. നടപടി എടുത്തില്ല. ആർ.എസ്.എസ്.-കാരെ സഹായിക്കുന്ന ഈ സമീപനം മാറ്റാൻ ഗവൺമെന്റ് തയ്യാറുണ്ടോ? ബഹുമാനപ്പെട്ട മുഹമ്മദ് ബഷീർ പറഞ്ഞല്ലോ, മാറാട് കേസിലെ പ്രതികൾക്കുവേണ്ടി ഒന്നും ഞാൻ വാദിക്കുന്നില്ല എന്ന്. മാറാട് കേസിലെ പ്രതികളെ കോടതിയിൽ ഹാജരാക്കിയപ്പോൾ, അഭിഭാഷകൻ കോടതിയിൽ പറഞ്ഞു, പ്രതികളെ വിലങ്ങുവച്ച് കൊണ്ടുവരണമെന്ന്. അപ്പോൾ ജഡ്ജി പറഞ്ഞു, ഹേ, മിസ്റ്റർ, നിങ്ങൾ മനുഷ്യാവകാശലംഘനം പറയുകയാണോ എന്ന്. അപ്പോൾ വക്കീൽ പറഞ്ഞത്, പ്രതികളെല്ലാം മുസ്ലീങ്ങളാണെന്നാണ്. മുസ്ലീം ലീഗിന്റെ 4 മന്ത്രിമാരുള്ള മന്ത്രിസഭയുടെ ഗവൺമെന്റ് പ്ലീഡർ ഇങ്ങനെ കോടതിയിൽ പറഞ്ഞ കാര്യം ഇവിടത്തെ പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തപ്പോൾ അതെന്തിനാണെന്ന് ചോദിക്കാനുള്ള നാക്കെങ്കിലും പൊന്തിയോ? ഇവിടെ തോറ്റപ്പോൾ ഞാൻ പത്രങ്ങളിൽ വായിച്ചു, ശ്രീ. ആന്റണിയും ശ്രീ. കുഞ്ഞാലിക്കുട്ടിയും ഏറ്റുമുട്ടി. ആകെ തോറ്റ് തൊപ്പിയിടുന്നതുവരെ ഇവർക്ക് ഒരു വർത്തമാനംപോലും അന്യോന്യം ശക്തമായിട്ട് പറയാൻ കഴിയാത്ത സ്ഥിതിയായിരുന്നു എന്നല്ലേ ഇത് കാണിക്കുന്നത്? ആർ.എസ്.എസി-നു വിഹരിക്കാൻ സൗകര്യമായി. വർഗ്ഗീയ ലഹളകൾ നടക്കുന്ന സംസ്ഥാനമായി മാറി കേരളം. ഇടതുപക്ഷം ഭരിക്കുന്ന കാലത്ത് ഈ ലഹളകളൊന്നും ഇവിടെ ഉണ്ടായിട്ടില്ല. ഇവിടെ ഇപ്പോൾ 79 വർഗ്ഗീയ സംഘട്ടനങ്ങളിലായി 18 ആളുകൾ മരിച്ചു. സ്വത്തുക്കൾ നഷ്ടപ്പെട്ടു. ഇവിടെ ആർ.എസ്.എസ്.-നു വിഹരിക്കാൻ സൗകര്യം കൊടുത്തു. ഇവർക്ക് 12 ശതമാനം വോട്ട് ഈ കേരളത്തിൽ കിട്ടാത്തതിനു കാരണം ശ്രീ. ആന്റണി അവരോട് കാണിച്ച സമീപനമാണ്. ശ്രീ. തൊഗാഡിയ കേരളത്തിൽ വന്നപ്പോൾ പ്രസംഗിക്കാൻ സൗകര്യം കിട്ടി, മാറാട്ട്. അയാൾ പ്രസംഗിച്ചു പോയപ്പോൾ കസബ പോലീസ് കേസ് ചാർജ് ചെയ്തത് ആരുടെ പേരിൽ? മൈക്ക് ഓപ്പറേറ്ററുടെ പേരിൽ. ഒന്നാം പ്രതി മൈക്ക് ഓപ്പറേറ്റർ. എന്തൊരു നാണക്കേടാണ്. അതേ തൊഗാഡിയയ്ക്ക് തെരഞ്ഞെടുപ്പ് സമയത്ത് കേരളത്തിൽ വന്ന് പ്രസംഗിക്കണമെന്ന് തോന്നി. അദ്ദേഹം തിരുവനന്തപുരത്ത് പുത്തരിക്കണ്ടം

മൈതാനത്ത് പ്രസംഗിക്കുമെന്ന് പറഞ്ഞു. ഗവൺമെന്റ് നിരോധിച്ചു. എന്നാൽ അഡ്ജസ്റ്റുമെന്റ് നടന്നു. തൊഗാഡിയയുടെ പ്രസംഗം ജനങ്ങൾക്ക് കേൾപ്പിച്ചുകൊടുത്തു. തൊഗാഡിയയുടെ പ്രസംഗം നടക്കുമ്പോൾ അവിടെ നൂറു കണക്കിന് പോലീസുകാർ നോക്കിനിന്നു. എന്നാൽ പ്രസംഗം കേൾക്കാതിരിക്കത്തക്കവിധത്തിൽ എന്തുകൊണ്ട് പോലീസുകാർക്ക് പ്രസംഗം ജാം ചെയ്യാൻ സാധിച്ചില്ല? പോലീസുകാരുടെ കൈയിൽ അതിനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ടാണോ? ഇതാണ് ഇവിടത്തെ നയം. ഒരു കാര്യം കൂടി പറയട്ടേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നവോത്ഥാനയാത്ര നടത്തി മങ്കട എത്തിയപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൈക്കുവച്ചു പ്രസംഗിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗം കഴിഞ്ഞു പോയപ്പോൾ മൈക്ക് ഓപ്പറേറ്ററുടെ പേരിൽ കേസെടുത്തു. അങ്ങനെയാണെങ്കിൽ മുഖ്യമന്ത്രിയല്ലേ പറയേണ്ടത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അതിന് കൂട്ടുനിൽക്കാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചതിന്റെ പേരിൽ മൈക്ക് ഓപ്പറേറ്ററുടെ പേരിലാണ് കേസ് ചാർജ് ചെയ്തത്. എന്തൊരു പോലീസ് ഭരണമാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്? തൊഗാഡിയ പ്രസംഗിച്ചതിന്റെ പേരിൽ മൈക്ക് ഓപ്പറേറ്ററുടെ പേരിൽ കേസ്, മുഖ്യമന്ത്രി പ്രസംഗിച്ചതിന്റെ പേരിലും മൈക്ക് ഓപ്പറേറ്ററുടെ പേരിലാണ് കേസ് ചാർജ് ചെയ്തത്. പ്രസംഗിച്ച ആളിന് കുറ്റമില്ല. ഇത് എന്തൊരു നാടാണ്? ഞങ്ങളാരെങ്കിലും ആയിരുന്നു പ്രസംഗിച്ചതെങ്കിൽ ആദ്യം അറസ്റ്റ് ചെയ്യപ്പെടുന്നത് ഞങ്ങളെ ആയിരുന്നേനെ. കേരളത്തിൽ ഏറ്റവും കൂടുതൽ കേസുകളിൽ പ്രതിയായ ഒരാൾ ആരാണെന്നറിയാമോ? പാലൊളി മുഹമ്മദുകുട്ടി. കേരളത്തിലെ വീരപ്പൻ. ഇടതുപക്ഷ ജനാധിപത്യ മുന്നണി, എന്ത് ആഹ്വാനം ചെയ്താലും, ഹർത്താലോ, ബന്ദോ, ഇവിടെ നടക്കുന്ന എല്ലാ പ്രസംഗത്തിനും ഒന്നാം പ്രതി പാലൊളി മുഹമ്മദുകുട്ടിയാണ്. അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ വാറണ്ട്. ഞങ്ങളുടെയൊക്കെ പേരിൽ കേസ്. തൊഗാഡിയയുടെ പേരിൽ കേസെടുക്കാൻ ധൈര്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മതന്യൂനപക്ഷങ്ങൾക്കെതിരായ പ്രസ്താവന ചെയ്തു. തെരഞ്ഞെടുപ്പിന്റെ വിധി കഴിഞ്ഞിട്ട് ഇത് തിരുത്താൻ തയ്യാറുണ്ടോ? ആർ.എസ്.എസി-ന്റെ കൈയടി വാങ്ങിയിരുന്നു. പാണക്കാട് തങ്ങൾ ഗൾഫിൽ പോയപ്പോൾ അവിടെയുള്ള സഹോദരൻമാർ പറഞ്ഞു, ഇതെങ്കിലും ഒന്നു തിരുത്താൻ പറയണം. തങ്ങൾ അവിടെനിന്നും പറഞ്ഞു, ഇത് തിരുത്തണം. പിറ്റേ ദിവസം ശ്രീ. ആന്റണിയോട് പത്രക്കാർ ചോദിച്ചു, തങ്ങൾ പറഞ്ഞത് കേട്ടോ?

1.00 p.m.] ശ്രീ. ആന്റണി പറഞ്ഞു, തങ്ങൾ പറഞ്ഞിട്ടില്ല. തങ്ങൾ പറഞ്ഞാൽ ഇപ്പോൾ കേൾക്കില്ല, തൊഗാഡിയ പറഞ്ഞാലേ ഇപ്പോൾ കേൾക്കൂ. കേരളത്തിൽ കുറ്റകൃത്യങ്ങൾ പെരുകുന്നത് സംബന്ധിച്ച് പത്രങ്ങൾ നടത്തിയ സർവേ റിപ്പോർട്ടുകളിലെ കണക്ക് എന്റെ കൈവശമുണ്ട്. ഞാൻ അതൊന്നും വായിക്കുന്നില്ല. അഞ്ചു മാസത്തിനിടയിൽ നടന്ന സംഭവങ്ങൾ. ഭീതജനകമായ അവസ്ഥയിലേയ്ക്ക് കേരളം എത്തിക്കഴിഞ്ഞു. ഇവിടെ ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരം കിട്ടുന്നില്ല. 72 അൺസ്റ്റാർഡ് ചോദ്യങ്ങൾ ക്രമസമാധാനം സംബന്ധിച്ച് ചോദിച്ചിരുന്നു. എട്ടെണ്ണത്തിന് മാത്രമാണ് മറുപടി നൽകിയത്. ഇന്നത്തെ ചർച്ചയിൽ ഈ കണക്കുവച്ച് സംസാരിക്കാൻ അവസരം ലഭിക്കാതിരിക്കാൻ ബോധപൂർവ്വമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങിനെ ചെയ്തത്. കഴിഞ്ഞ രണ്ടര വർഷക്കാലത്തെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകൾതന്നെ നോക്കിയാൽ വളരെ ഭീതിജനകമായ ഒരു സ്ഥിതിയാണെന്ന് ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുന്ന കാര്യമാണ്. കേരളത്തിൽ നടക്കുന്ന ഇത്തരം സംഭവങ്ങൾ അവസാനിപ്പിക്കാൻ ഇവിടെ രാഷ്ട്രീയമായി പോലീസിനെ മാറ്റുമെന്ന് പറയുന്നതിന്റെ ഉദ്ദേശം ഇവിടെ രാഷ്ട്രീയ ആവശ്യത്തിന് വേണ്ടി പോലീസിനെ ഉപയോഗിക്കാൻ പോകുന്നുവെന്നാണ് അതാണ് ഇതിൽ നിന്ന് വ്യക്തമായിരിക്കുന്നത്. വിജിലൻസിനെ ഉപയോഗിക്കുന്നത് ഇവിടുത്തെ ഗ്രൂപ്പ് പ്രവർത്തനത്തിന് വേണ്ടിയാണ്. ഇവിടുത്തെ പല മന്ത്രിമാരുടെയും പേരിലുണ്ടായിരുന്ന കേസ് വിജിലൻസിനെ ഉപയോഗിച്ചുകൊണ്ട് ഒതുക്കി. വിജിലൻസിനെ ഉപയോഗിച്ചു ഭയപ്പെടുത്തിക്കൊണ്ട് ആന്റണിയുടെ ഗ്രൂപ്പ് ശക്തിപ്പെടുത്തുന്നു. ഇവിടെ വിജിലൻസിനെ ഇത്തരത്തിൽ അഴിമതി തടയുന്നതിന് ഉപയോഗിക്കുന്നതിന് പകരം സ്വന്തം ഗ്രൂപ്പ് പ്രവർത്തനത്തിന് വേണ്ടി വിജിലൻസിനെ ഉപയോഗിക്കുന്ന സംസ്ഥാനമായിട്ട് നമ്മുടെ കേരളം ഇന്ന് മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇവിടെ ആർക്കും രക്ഷയില്ലാത്ത വിധം കുറ്റകൃത്യങ്ങൾ പെരുകുന്ന നിലയിലേയ്ക്ക് ഇന്ന് കേരളം ചെന്നെത്തിക്കഴിഞ്ഞിരിക്കുന്നു. ജയിലിൽപ്പോലും ഇത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം വന്നാൽ സാധാരണക്കാർക്ക് എങ്ങനെയാണ് ഈ സംസ്ഥാനത്ത് ജീവിക്കാൻ സാധിക്കുക? ഇവിടെ ജയിലിലുള്ള തടവുകാരുടെ കാര്യത്തിൽ ഈ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തിൽ മാറ്റം വരുത്തണം. അവരുടെ പരോൾ വ്യവസ്ഥ ഉദാരമാക്കണം. ജയിലിൽ ഒരു ഭീകരമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് നമുക്ക് കാര്യങ്ങൾ നടത്താൻ സാധിക്കില്ല. പക്ഷപാതപരമായി ഒരു വിഭാഗത്തോട് മാത്രം പെരുമാറുന്ന സമീപനത്തിൽ മാറ്റം വരുത്തണം. ഇവിടുത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനം ഓരോന്നോരോന്നായി പരിശോധിച്ച് കഴിഞ്ഞാൽ ഇവർക്ക് അധികാരത്തിൽ തുടരാനുള്ള അർഹതതന്നെ നഷ്ടപ്പെട്ടിരിക്കുകയാണ് എന്ന് കാണാം. ഈ ഗവൺമെന്റിന്റെ കാര്യത്തിൽ ജനങ്ങൾക്ക് യാതൊരു വിശ്വാസവും ഇല്ലാതായിരിക്കുന്നു. ഭരണകക്ഷികൾക്ക് പോലും ഗവൺമെന്റിൽ വിശ്വാസം ഇല്ലാതായി തീർന്നു. അവർക്ക്പോലും ആക്ഷേപങ്ങൾ ഉന്നയിക്കേണ്ടി വന്നു. അപ്പുറത്തിരിക്കുന്ന ആളുകൾ പ്രസംഗിച്ചപ്പോൾപ്പോലും ഞങ്ങൾ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു അല്ലെങ്കിൽ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു എന്നത് ഒഴിച്ച് ബാക്കി പറയുന്ന എല്ലാ വാചകങ്ങളും വാക്കുകളും ഗവൺമെന്റിനെതിരായിട്ടുള്ള മുനയാണ്. ശ്രീ. ആന്റണിയുടെ സ്വന്തക്കാർ പ്രസംഗിച്ചിട്ട് പോലും ഗവൺമെന്റിനെ ശക്തമായി ന്യായീകരിക്കാൻ കഴിയാത്ത വിധം അങ്ങേയറ്റം തകർന്ന ക്രമസമാധാന സ്ഥിതിയിലേയ്ക്ക് കേരളത്തെ കൊണ്ടെത്തിച്ചു. ഇതിന് പൂർണ്ണമായ ഉത്തരവാദി ഈ ഗവൺമെന്റിന്റെ സമീപനമാണ്. ഇതിനെതിരായ ജനവിധിയാണ് കേരളത്തിലെ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലുണ്ടായത്. അതിൽ നിന്ന് പാഠം പഠിക്കാൻ സന്നദ്ധമാകുന്നില്ലെങ്കിൽ അതിശക്തിമത്തായി, ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ട്, ഞങ്ങൾക്ക് പോരാടേണ്ടി വരും. ലക്ഷക്കണക്കിന് പാർട്ടി പ്രവർത്തകരുടെ പേരിൽ കേസെടുത്തിരിക്കുകയാണ്. കേസ് എത്ര വേണമെങ്കിലും എടുത്തോട്ടെ. പക്ഷേ ഇവിടെ നീതി നിഷേധിക്കത്തക്ക വിധത്തിൽ ഇടതുപക്ഷക്കാരെ വേട്ടയാടുകയും ഇടതുപക്ഷക്കാർ കൊലചെയ്യപ്പെട്ട കേസുകൾ രാഷ്ട്രീയ പക്ഷപാതപരമായി കൈകാര്യം ചെയ്യുകയും ചെയ്ത ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം വരുത്താൻ തയ്യാറാകുന്നില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഇത്തരം നിലപാടുകൾക്കെതിരായി രംഗത്തിറങ്ങേണ്ടി വരുമെന്ന് മുന്നറയിപ്പ് നൽകിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിപൂർവ്വം എതിർക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പോലീസ്, നീതിന്യായ നിർവ്വഹണം, ജയിലുകൾ എന്നീ വകുപ്പുകളെ കുറിച്ചുള്ള ചർച്ച സാധാരണയിൽ നിന്നും വ്യത്യസ്തമായ നിലയിൽ ഊശിർ കുറഞ്ഞതായിരുന്നു. ഞാൻ എന്റെ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗം മാത്രമല്ല ശ്രദ്ധിച്ചത്, അദ്ദേഹത്തിന്റെ സുന്ദരമായ മുഖവും കണ്ടുകൊണ്ടിരിക്കുകയായിരുന്നു, വളരെയധികം ശ്രദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു. എത്രയോ റിലാക്സ്ഡായിട്ടാണ് കോടിയേരി ഇന്ന് പ്രസംഗിച്ചത്! വളരെ റിലാക്സ്ഡായിട്ടാണ്. ഈ ഗവൺമെന്റിന്റെ പോലീസ് നയം 101% വിജയിച്ചു എന്നതിന്റെ ലക്ഷണമാണ് അദ്ദേഹം ഇത്രയും റിലാക്സ്ഡായി കാണപ്പെട്ടു എന്നത്. സഖാവ് നായനാർ ഭരിക്കുന്ന അവസരത്തിൽ ശ്രീ. കോടിയേരിയെ കാണുമ്പോഴൊക്കെ അദ്ദേഹം tensed ആയിരുന്നു, എന്നും സംഘർഷമുള്ള മുഖമായിരുന്നു അദ്ദേഹത്തിന്റേത്. വല്ലപ്പോഴും അദ്ദേഹത്തെ കാണും. കാണുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് പിരിമുറുക്കമായിരുന്നു. കാരണം തലശ്ശേരിയിലുള്ള കൊലപാതകത്തെക്കുറിച്ചുള്ള വാർത്തകൾ, പാനൂരിലെ കൊലപാതകത്തെക്കുറിച്ചുള്ള വാർത്തകൾ, കൂത്തുപറമ്പ് കൊലപാതകത്തെക്കുറിച്ചുള്ള വാർത്തകൾ, കോടിയേരിയിലെ സംഘർഷത്തെക്കുറിച്ചുള്ള വാർത്തകൾ, പടന്ന സംഘർഷം, തളിപറമ്പ് സംഘർഷം, നാദാപുരം കൂട്ടക്കൊലപാതകം, ഇങ്ങനെ ഓരോ ദിവസവും കൊലപാതകത്തിന്റെ വാർത്തകൾ കേട്ടുകേട്ട് പിരിമുറുക്കം വന്നിരുന്ന അദ്ദേഹത്തിന്റെ മുഖത്ത് ഇന്ന് പുഞ്ചിരി, പൂർണ്ണമായ ഒരു റിലാക്സ്ഡ് മൂഡ് ഉണ്ടാക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ ഭരണ കാലത്ത് ക്രമസമാധാന രംഗത്ത് സംസ്ഥാനത്തുടനീളം വന്ന മാറ്റം, കണ്ണൂർ ജില്ലയിൽ വന്ന മാറ്റം, തലശ്ശേരിയിൽ വന്ന മാറ്റം എന്നിവ ശ്രീ. കോടിയേരിയിൽ വന്ന മാറ്റത്തിന്റെ പ്രതിഫലനമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാലഘട്ടത്തിൽ കേരളം മുഴുവൻ മലബാറിലെ പടന്ന മുതൽ നാദാപുരം വരെ 'ചോരക്കളം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇടതുപക്ഷ മുന്നണി ഭരിച്ച 5 വർഷക്കാലവും പ്രദേശത്ത് കൊലപാതകങ്ങളോ രാഷ്ട്രീയ സംഘർഷങ്ങളോ തീവയ്പുകളോ കൊള്ളിവയ്പുകളോ ഇല്ലാത്ത ദിവസങ്ങളില്ല. മറവി നല്ലതാണ്. ആ കാലഘട്ടങ്ങളിലെ വാർത്താമാധ്യമങ്ങളുടെ പേജുകൾ, മാധ്യമങ്ങളുടെ അന്നത്തെ കാസ്സറ്റുകൾ ഒന്നുകൂടി റീപ്ലേ ചെയ്താൽ, പേജുകൾ ഒന്നുകൂടി എടുത്ത് വായിച്ചാൽ അറിയാം അന്നത്തെ കേരളം എന്തായിരുന്നുവെന്ന്. കേരളത്തിലുടനീളം രാഷ്ട്രീയ സംഘർഷങ്ങൾ, കൊലപാതകങ്ങൾ, അക്രമങ്ങൾ ഒരുഭാഗത്ത്, മറുഭാഗത്ത് തിരുവനന്തപുരം ജില്ല മുതൽ മലബാർ വരെ ഡി.വൈ.എഫ്.ഐ.ക്കാർ മാർക്സിസ്റ്റ് പ്രവർത്തകർ പോലീസ് സ്റ്റേഷനിൽ കടന്നുചെന്ന് പോലീസ് സ്റ്റേഷൻ കയ്യേറി പ്രതികളെ മോചിപ്പിച്ചുകൊണ്ടു പോകുന്ന വാർത്തകൾ എന്നിവ നിരന്തരം ഉണ്ടായിക്കൊണ്ടിരുന്ന സംഭവങ്ങളായിരുന്നു. ആ കേരളത്തിലാണ് കഴിഞ്ഞ മൂന്ന് വർഷക്കാലംകൊണ്ട് നിയമസമാധാനം പുനഃസ്ഥാപിച്ചുകൊണ്ട് രാഷ്ട്രീയ പരിഗണനയില്ലാതെ, സമുദായ പരിഗണ നയില്ലാതെ, വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാവർക്കും നീതി കൊടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. പൂർണ്ണമായി വിജയിച്ചുവെന്ന് ഞാൻ പറയുന്നില്ല. വീഴ്ചകളുണ്ടായിക്കാണും; തെറ്റുകളുണ്ടായിക്കാണും; പാളിച്ചകളുണ്ടായിക്കാണും; അധികാര ദുർവിനിയോഗം നടന്നുകാണും. പക്ഷേ അതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണ്. പൊതുവിൽ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്രയേറെ നിഷ്പക്ഷമായ നീതിപൂർവ്വകമായ നിയമസംവിധാന പരിപാലനം നടന്ന കാലഘട്ടം വളരെ വിരളമാണെന്നാണ് എനിക്ക് ആദ്യമേ സൂചിപ്പിക്കാനുള്ളത്. എന്നാലും പോലീസ് വകുപ്പിന്റെ പ്രവർത്തനത്തിൽ ഇനിയും കൂടുതൽ മാറ്റങ്ങളുണ്ടാകണം. പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. ഒറ്റപ്പെട്ട സംഭവങ്ങൾ പോലും ഈ വകുപ്പിൽ ഉണ്ടായിക്കൂടാ. കാക്കി ധരിച്ചവരുടെ ഭാഗത്തുനിന്ന് വീഴ്ചകളുണ്ടായാൽ കൂടുതൽ നാശനഷ്ടങ്ങൾ സമൂഹത്തിനുണ്ടാകുമെന്നുള്ളതാണ് അതിന്റെ കാരണം. പോലീസ് സേനയ്ക്ക് മെച്ചപ്പെട്ട പരിശീലനം നൽകി ബോധവൽക്കരണം നടത്തി പോലീസിനെ കൂടുതൽ കൂടുതൽ മെച്ചപ്പെട്ട നിലയിൽ ജനസേവനം നടത്താൻ പ്രാപ്തരാക്കുവാനാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കോൺസ്റ്റബിൾ മുതൽ ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ വരെയുള്ളവർക്ക് പരിശീലനം നൽകാൻ കഴിയുന്ന ആധുനിക സൗകര്യങ്ങളുള്ള പോലീസ് അക്കാഡമി തൃശ്ശൂരിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 2000 പോലീസുകാർക്ക് ഒരേസമയത്ത് പരിശീലനം നൽകാൻ കഴിയുന്ന അക്കാഡമിയാണ് തൃശ്ശൂരിൽ ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. പോലീസ് സേനയുടെ നവീകരണത്തിന് 2000-01 മുതൽ 2003-04 വരെയുള്ള വർഷങ്ങളിൽ 207 കോടി രൂപ ചെലവാക്കിക്കഴിഞ്ഞു. പോലീസ് വകുപ്പിലെ കെട്ടിട നിർമ്മാണത്തിന് 51 കോടി രൂപയും ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 37 കോടി രൂപയും ചെലവഴിച്ചു കഴിഞ്ഞിരിക്കുകയാണ്. വർഷങ്ങൾ പഴക്കമുള്ള തുരുമ്പെടുത്ത വാഹനങ്ങളായിരുന്നു പോലീസ് സേനയ്ക്കുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 725 ജീപ്പുകളും 27 ആംബുലൻസുകളും 257 ബസ്സുകളും 40 ലോറികളും 4 റിക്കവറി വാഹനങ്ങളും വാങ്ങി പോലീസ് വകുപ്പിന് പുതിയ ഒരു മുഖം നൽകാൻ ശ്രമിച്ചിട്ടുണ്ട്. തീരദേശക്രമസമാധാനത്തിനായി 4 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ പോവുകയാണ്. കേസന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കണ്ണൂർ, തൃശ്ശൂർ, എന്നിവിടങ്ങളിൽ ഫോറൻസിക് ലാബിന്റെ രണ്ട് യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനം എടുത്തു. നിർമ്മാണ പ്രവർത്തനം ഏതാണ്ട് പൂർത്തീകരിക്കാറായി ഉടൻതന്നെ ലാബിന്റെ പ്രവർത്തനം ആരംഭിക്കും. പോലീസ് സേനാംഗങ്ങളുടെ യാത്രാബത്ത, ചികിൽസാചെലവ് എന്നിവ സംബന്ധിച്ച ബില്ല് വർഷങ്ങളോളം നൽകാതിരുന്ന ഒരു സ്ഥിതിവിശേഷം കേരളത്തിലുണ്ടായിരുന്നു. വർഷങ്ങളായുള്ള കുടിശ്ശിക കൊടുത്തു തീർക്കാൻ ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. ചികിൽസയ്ക്ക് മുൻകൂറായി ആവശ്യപ്പെടുന്ന എല്ലാവർക്കുംതന്നെ പലിശരഹിതവായ്പ ഇന്ന് പോലീസ് വകുപ്പിൽ നൽകുന്നുണ്ട്. പോലീസുകാരുടെ വെൽഫെയർ അമിനിറ്റി ഫണ്ട് 5 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായി ഈ സർക്കാർ വർദ്ധിപ്പിച്ചു. സർവ്വീസിൽ ഇരുന്നു മരിക്കുന്ന പോലീസുകാരുടെ ആശ്രിതർക്ക് 50,000 രൂപയും പരിക്കേൽക്കുന്ന പോലീസുകാർക്ക് 20,000 രൂപയും അനുവദിക്കുന്നുണ്ട്. ഇതിനു പുറമെ ആക്ഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

പരിക്കേൽക്കുന്ന പോലീസുകാർക്ക് സ്വകാര്യ ആശുപത്രികളിൽ വിദഗ്ദ്ധ ചികിൽസ നടത്താനും ചികിൽസ നടത്തി റീഇംബേഴ്സ് ചെയ്തു നൽകുവാനും അനുമതി നൽകിയിട്ടുണ്ട്. പോലീസ് ക്യാമ്പുകളുടെ സ്ഥിതി ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും സൂചിപ്പിച്ചതുപോലെ കാലിത്തൊഴുത്തിനേക്കാൾ ദയനീയമായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാരുടെ ക്യാമ്പുകൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പോലീസുകാരുടെ ഡ്രസ്സും മറ്റും സൂക്ഷിക്കുന്ന പെട്ടിയുടെ പുറത്ത് അട്ടകൾ കിടക്കുന്നതുപോലെയാണ് പോലീസുകാർ കിടന്നിരുന്നത്. ആ സ്ഥിതി മാറ്റാൻ ശ്രമിക്കുകയാണ്. പോലീസ് ക്യാമ്പുകളുടെ ദയനീയവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി അവർക്ക് കിറ്റ് ബോക്സുകൾ, ഡെറീസ്, അയേൺ ബോക്സ് ഇവ വാങ്ങി കൊടുക്കുവാനും ബാത്ത്റൂം സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളുമെല്ലാം വർദ്ധിപ്പിക്കുവാനും ശ്രമിച്ചിട്ടുണ്ട്. അതുപോലെ പോലീസ് ക്യാമ്പുകളിൽ ടെലിവിഷൻ സൗകര്യങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തി അതിനെല്ലാംകൂടി ഇപ്പോൾത്തന്നെ 7 കോടി രൂപയോളം ചെലവിട്ടുകഴിഞ്ഞു. ഇനിയും ആവശ്യമുള്ള പണം ചെലവാക്കും. പോലീസ് വകുപ്പിൽ 2330 തസ്തികകൾ പുതുതായി ഉണ്ടാക്കി. ഇതിൽ 1198 ഉം വനിതാ കോൺസ്റ്റബിൾ തസ്തികയാണ്. ആശ്രിത നിയമന പ്രകാരം 277 ആശ്രിതർക്ക് നിയമനം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിലെ ജീവനക്കാർക്കുള്ള വെൽഫെയർ പദ്ധതികൾ കൂടുതൽ വിപുലീകരിക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. നീതിന്യായ രംഗത്താണെങ്കിൽ 27 ഫാസ്റ്റ് ട്രാക്ക് കോടതികൾ ഇപ്പോൾത്തന്നെ പുതുതായി കേരളത്തിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇനിയും 11 കോടതികൾകൂടി താമസിയാതെ ഇവിടെ ആരംഭിക്കാൻ പോവുകയാണ്. വിജിലൻസ് വകുപ്പിന്റെ പ്രവർത്തനത്തെ കുറിച്ച് ഇവിടെ ചില സുഹൃത്തുക്കൾ സംസാരിക്കുകയുണ്ടായി. സർ, 1222 കേസുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി വിജിലൻസ് ഏറ്റെടുത്തു ഇതിൽ 843 കേസുകളുടെ അന്വേഷണം പൂർത്തിയായിരിക്കുകയാണ്. 798 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. 166 ട്രാപ്പ് കേസ്സുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ നിരവധി മിന്നൽ പരിശോധനകൾ നടത്തിയതിന്റെ ഫലമായി പോലീസ് ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും അഴിമതിക്കാരെ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റ്, അതുപോലെ തന്നെ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്, സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ്, എക്സൈസ് ഡിപ്പാർട്ടുമെൻറ്, ഫോറസ്റ്റ് ചെക്ക്പോസ്റ്റുകൾ, രജിസ്ട്രേഷൻ വകുപ്പ്, ഇലക്ട്രിസിറ്റി ബോർഡ്, താലൂക്ക് സപ്ലൈ ആഫീസുകൾ, കോർപ്പറേഷൻ ബില്ഡിംഗ്, ബിവറേജസ് കോർപ്പറേഷൻ—ഇങ്ങനെയുള്ള ഗവൺമെന്റിന്റെ മിക്കവാറും ഡിപ്പാർട്ടുമെന്റുകളിൽ മിന്നൽ റെയിഡുകൾ നടത്തി അവിടെയുള്ള അഴിമതിക്കാരെ കണ്ടെത്താൻ മാത്രമല്ല മറ്റ് ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാർക്ക് ഒരു താക്കീതായും ഇത്തരം മിന്നൽ റെയിഡുകൾ നടത്തി വരികയാണ്. വിജിലൻസ് ഡിപ്പാർട്ടുമെൻറ് റെയിഡുകളും മിന്നൽ പരിശോധനകളും കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. ഞാൻ സമയച്ചുരുക്കം കൊണ്ട് ഒരുപാട് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ ചില കാര്യങ്ങളെക്കുറിച്ചുള്ള പ്രതികരണം പറയാം. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ജുഡീഷ്യൽ സർവ്വീസിൽ പിന്നോക്ക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജനവിഭാഗങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ചു പറഞ്ഞു. അദ്ദേഹം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഹൈക്കോടതിയടക്കമുള്ള ജുഡീഷ്യൽ സർവ്വീസിൽ പിന്നോക്ക ജനവിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കും മതിയായ പ്രാതിനിധ്യം വേണമെന്ന് നിർബന്ധബുദ്ധിയുള്ള ഗവൺമെന്റാണിത്. ഇത്തരം നിയമനങ്ങളിൽ ചില അപാകതകൾ കടന്നുകൂടുന്നതായി ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. ഗവൺമെന്റിന് നേരിട്ട് ഇടപെടുവാൻ പരിമിതികളുണ്ട്. കോടതികൾ സ്വതന്ത്രമാണ്. ഹൈക്കോടതിയുൾപ്പെടെയുള്ള ജുഡീഷ്യൽ സർവ്വീസിൽ പട്ടികജാതിക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനു വേണ്ടി ഗവൺമെന്റ് എല്ലാ കാര്യങ്ങളും ചെയ്യും; ഗവൺമെന്റ് ഇക്കാര്യത്തിൽ ശ്രദ്ധിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കിള്ളി സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞത്; കിള്ളിയിൽ ഉണ്ടായത് വളരെ ദൗർഭാഗ്യകരമായ സംഭവമാണ്. ഒരിക്കലും നടന്നുകൂടാത്തതായ ഒരു സംഭവമാണ്. ആ സംഭവം ഉണ്ടായപ്പോൾ എങ്ങനെ ഗവൺമെന്റ് പ്രതികരിച്ചു, ഇതുവരെ ഒരു ഗവൺമെന്റും ചെയ്യാത്ത ഒരു രീതിയാണ് എടുത്തത്—മനുഷ്യാവകാശ കമ്മീഷന് അന്വേഷണത്തിനു വിട്ടുകൊടുത്തു. മുൻ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച മനുഷ്യാവകാശ കമ്മീഷനാണ് (അതിലെ അംഗങ്ങൾ)—അവരുടെ പരിശോധനയ്ക്ക് വിട്ടുകൊടുത്തു. ആ കമ്മീഷൻ റിപ്പോർട്ട് കിട്ടി റിപ്പോർട്ടിൽ പറഞ്ഞ ശുപാർശകളെല്ലാം അതേപടി ഗവൺമെന്റ് അംഗീകരിച്ചു. അതാണുണ്ടായിട്ടുള്ളത്. ഇപ്പോഴും അതുസംബന്ധിച്ച് ഒരു കേസ് ഹൈക്കോടതിയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത്തരം സംഭവങ്ങൾ ഈ ഗവൺമെന്റ് കേരളത്തിൽ നടക്കാൻ അനുവദിക്കുകയില്ല. ആര് ചെയ്താലും അവർക്ക് എതിരായി മാതൃകാപരമായ നടപടികൾ സ്വീകരിക്കുമെന്നാണ് എനിക്ക് അതെക്കുറിച്ച് പറയാനുള്ളത്. മാറാട് ഉണ്ടായ സംഭവം നിങ്ങൾക്കറിയാം. അവിടെ നടന്ന കൊലപാതകം അറിയാം. സമാനമായ സംഭവങ്ങൾ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടായപ്പോൾ എന്താണുണ്ടായത്? അക്രമം കത്തിക്കാളുകയാണ് ചെയ്തത്. ഗുജറാത്തിലായാലും യു.പി.യിലായാലും മറ്റ് സംസ്ഥാനങ്ങളിൽ ആയാലും ഇതുപോലെ സംഭവങ്ങൾ ഉണ്ടായിടത്തെല്ലാം ഒന്നിന് പത്തായി അക്രമങ്ങൾ വർദ്ധിച്ചു വർദ്ധിച്ചു വന്നു. കൊലപാതകങ്ങൾ വർദ്ധിച്ചു വന്നു. ഗവൺമെന്റിന്റെ മിടുക്കു കൊണ്ട് മാത്രമാണെന്ന് ഞാൻ പറയുന്നില്ല. എല്ലാവരുടേയും സഹകരണം ഉണ്ടായി. മാറാട് ഉണ്ടായ കൂട്ടക്കൊലയ്ക്കു ശേഷം ഒരു തുള്ളി രക്തം അതിന്റെ പേരിൽ ഒഴുക്കുന്ന ഒരു സാഹചര്യം ഉണ്ടായില്ല. ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചു. ഹൈക്കോടതിയുടെ അനുമതിയോടുകൂടി സ്പെഷ്യൽ കോർട്ടിനെ നിയമിച്ചു; സ്പെഷ്യൽ കോർട്ടിൽ വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്. വിചാരണയുടെ ഘട്ടത്തിൽ ഗവൺമെന്റിന് ഇടപെടാൻ പരിമിതികളുണ്ട്. അതിന്റെ ട്രയൽ വേഗത്തിൽ തന്നെ പൂർത്തികരിക്കുന്നതിനുവേണ്ടിയിട്ടാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മറ്റ് തരത്തിലുള്ള വിവേചനമൊന്നും ഉണ്ടായിട്ടില്ല. ഇവിടെ ചില സുഹൃത്തുക്കൾ, ബഹുമാനപ്പെട്ട കെ. സി. വേണുഗോപാൽ അബ്ദുൾ നാസർ മഅ്ദനിയുടെ അറസ്റ്റിനെക്കുറിച്ച് പറഞ്ഞു. ഈ ഗവൺമെന്റിന്റെ കാലത്തല്ല. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുമല്ലല്ലോ, തെരഞ്ഞെടുപ്പ് കഴിഞ്ഞല്ലോ, ഇപ്പോൾ നിലപാട് വ്യക്തമാക്കുകയാണ്. 'പോട്ട' പോലും ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇന്ന് കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് പോട്ട നിയമം പിൻവലിക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. പോട്ട പോലും ദുരുപയോഗപ്പെടുത്തി എന്ന് ബോദ്ധ്യം വന്ന സാഹചര്യത്തിൽ കേന്ദ്രത്തിൽ അന്നത്തെ ഭരണകക്ഷിയുടെ ഒരു നേതാവിനെപ്പോലും പോട്ടയിൽ അറസ്റ്റ് ചെയ്ത് രാഷ്ട്രീയ പ്രതികാരം തീർക്കാൻ പോട്ട നിയമം ഉപയോഗപ്പെടുത്തിയ സാഹചര്യത്തിലാണ് പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അംഗീകരിച്ച പരിപാടിയിൽ പോട്ട പിൻവലിക്കും, അടിയന്തിരമായി എത്രയും വേഗം പോട്ട പിൻവലിക്കാനുള്ള നടപടി എടുക്കും എന്നു പറഞ്ഞിട്ടുണ്ടായിരുന്നു. പോട്ടപോലും പിൻവലിച്ച ഒരു കാലഘട്ടമാണ്. ഈ രാജ്യത്ത് കുറ്റവാളികളെ സൂക്ഷിക്കുന്നതിന് വ്യക്തമായ നടപടിക്രമങ്ങളുണ്ട്. ഭരണഘടനയിലും മറ്റെല്ലാ നിയമങ്ങളിലും പറയുന്നു. കൊലപാതകം ചെയ്താലും രാജ്യദ്രോഹം ചെയ്താലും സാമ്പത്തിക കുറ്റം ചെയ്താലും അതിനെല്ലാം അവരെ ശിക്ഷിക്കുന്നതിനും, വിചാരണ ചെയ്യുന്നതിനും വ്യക്തമായ നടപടിക്രമങ്ങളുണ്ട്. അബ്ദുൾ നാസർ മ്അദനിയുടെ കാര്യത്തിൽ ആ നടപടികൾ പാലിച്ചിട്ടില്ല. ആറര വർഷമായി അദ്ദേഹത്തെ വിചാരണപോലും ചെയ്യാതെ തടവിൽ പാർപ്പിച്ചിരിക്കുകയാണ്. ഈ ക്വസ്റ്റ്യൻ പലപ്പോഴും ഇവിടെ വന്നതാണ്. പക്ഷേ അതിൽ ഗവൺമെന്റിൽനിന്ന് ഒരു പരിശോധന ഉണ്ടായില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഉണ്ടായില്ല. ഈ ഗവൺമെന്റിന്റെ ആദ്യ ഘട്ടത്തിലും ഉണ്ടായില്ല. ഈ അടുത്ത കാലത്ത് ഹൈക്കോടതിയിൽ പരാമർശം വന്നതിനുശേഷം ഗവൺമെന്റ് ഉന്നതതലത്തിൽ ഈ പ്രശ്നങ്ങൾ പരിശോധിച്ചു, പഠിച്ചു, തീരുമാനം എടുത്തു. ആറര വർഷമായി വിചാരണയില്ലാതെ തടവിൽ കഴിയുന്ന ആ സ്ഥിതിവിശേഷം ഇന്ത്യയിൽ ആർക്കും ഭൂഷണമല്ല. നിയമവാഴ്ചയ്ക്ക് ഭൂഷണമല്ല. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ വ്യവസ്ഥാപിതമായ നിലയിൽ വിചാരണ നടത്തി കോടതിയാണ് തീരുമാനം എടുക്കേണ്ടത്. അതുകൊണ്ട് മ്അദനിയുടെ ജാമ്യാപേക്ഷയിൽ കേരളാ ഗവൺമെന്റ് യാതൊരു എതിർപ്പും പ്രകടിപ്പിക്കുന്നില്ല. കേരളത്തിലുള്ള കേസിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മ്അദനിക്ക് ജാമ്യം നല്കുന്നതിൽ വിരോധമില്ലെന്നുള്ള നിലപാടാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഈ വിവരം കോടതിയെയും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പോലീസിനും നിർദ്ദേശം കൊടുത്തു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : മ്അദനിയുടെ കാര്യത്തിൽ ഒരു നിലപാട് ഗവൺമെന്റ് എടുത്തു എന്നു പറഞ്ഞു. ഏതൊരു തടവുകാരന്റെ വീട്ടിലും ഒരു മരണം നടന്നാൽ ശവം കാണിച്ചു കൊടുക്കുവാനുള്ള സംവിധാനമുണ്ട്. മ്അദനിയുടെ വീട്ടിൽ അദ്ദേഹത്തിന്റെ ഉമ്മുമ്മ മരിച്ചപ്പോൾ അദ്ദേഹത്തിന് ഒരു ദിവസത്തെ പരോൾ പോലും വാങ്ങിക്കൊടുക്കുവാനുള്ള നിലപാട് എന്തുകൊണ്ടാണ് എടുക്കാതിരുന്നത്?

<u>ശ്രീ. എ. കെ. ആന്റണി:</u> ഈ ഗവൺമെന്റാണോ ചെയ്യേണ്ടത്? .... (ബഹളം)............(ബഹളം)............ആദ്യം ഞാൻ പറയട്ടെ. ഏതായാലും ബഹുമാനപ്പെട്ട മ്അദനിയുടെ കാര്യത്തിൽ ഇത്ര ആവേശം കൊള്ളുന്ന കോടിയേരിയുടെ ഗവൺമെന്റാണല്ലോ അറസ്റ്റ് ചെയ്ത് അവിടെ കൊണ്ടു വിട്ടിരിക്കുന്നത്...............(ബഹളം)..............(ബഹളം).............അറസ്റ്റ് ചെയ്ത് കൈവിലങ്ങോടുകൂടി തമിഴ്നാട് ഗവൺമെന്റിനെ ഏല്പിച്ചത്. ഏതായാലും ഒരു

പോസ്റ്റ് മോർട്ടത്തിലേക്ക് പോകണ്ട. മ്അദനിക്ക് ജാമ്യം നല്കണമെന്നാണ് ഈ സർക്കാരിന്റെ വ്യക്തമായ അഭിപ്രായം. ആറര വർഷക്കാലം ഇന്ത്യാ രാജ്യത്ത് ഏത് കുറ്റം ചെയ്താലും ഒരു പൗരനെ വിചാരണ പോലും കൂടാതെ ജയിലിൽ വയ്ക്കുന്നത് നിയമവിരുദ്ധമാണ്; ഇന്ത്യൻ ഭരണഘടനയ്ക്കും നീതിന്യായ വ്യവസ്ഥയ്ക്കും എതിരാണ്. അതുകൊണ്ട് അബ്ദുൾ നാസർ മ്അദനിക്ക് ജാമ്യം നല്കണമെന്നാണ് ഈ സർക്കാരിന്റെ വ്യക്തമായ അഭിപ്രായം. ജാമ്യം മാത്രമല്ല, ജയിലിൽ കഴിയുന്ന മ്അദനിക്ക് ചികിത്സയ്ക്ക് സൗകര്യം നല്കണം, മാനുഷികമായ പരിഗണന അദ്ദേഹത്തിന് ലഭിക്കണം. കുറ്റത്തെക്കുറിച്ച് വിചാരണ നടത്തണം. വിചാരണയുടെ അടിസ്ഥാനത്തിൽ കോടതി തീരുമാനം എടുക്കട്ടെ. ഇതാണ് ഗവൺമെന്റ് ഇതേക്കുറിച്ച് എടുത്തിരിക്കുന്ന നിലപാട്. സംശയരഹിതമായ നിലപാടാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. ഇവിടെ ജയിലിലെ കൊലപാതകങ്ങളെക്കുറിച്ച് പറഞ്ഞു. വളരെ നിർഭാഗ്യകരമായിപ്പോയി. കുറ്റക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. പക്ഷേ ജയിലിൽ നടക്കുന്ന കാര്യങ്ങൾ അറിഞ്ഞിരിക്കണം. ജയിൽപുള്ളി എന്നുള്ള നിലയിൽ പാർട്ടി ബ്രാഞ്ച് കമ്മിറ്റിയുണ്ടാക്കുന്നത് ശരിയാണോ? അത് മാർക്സിസ്റ്റ് പാർട്ടി ചെയ്താലും തെറ്റ്. ആർ.എസ്.എസ്. ചെയ്താലും തെറ്റ്.

<u>മി.സ്പീക്കർ</u>: ....(ബഹളം).......(ബഹളം)........ഓർഡർ, ...ഓർഡർ........(ബഹളം) Please resume your seat. ശ്രീ. കോടിയേരി സംസാരിച്ചപ്പോൾ ഒരു കുഞ്ഞ് ഇവിടെ മിണ്ടിയോ? ഒരു കുഞ്ഞ് ഇവിടെ ശബ്ദം ഉണ്ടാക്കിയോ?........ഹൗസിന്റെ അന്തസ്സ് പാലിക്കണ്ടേ? ബഹളം ഉണ്ടാക്കുന്ന ആളുകൾ ഹൗസിന്റെ അന്തസ്സ് പാലിക്കുന്നില്ല............(ബഹളം)...........Resume your seat..........മുഖ്യമന്ത്രി മറുപടി പറയുമ്പോൾ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. നിങ്ങൾ സംസാരിക്കുമ്പോൾ അവർ കേൾക്കണം. ശ്രീ. അച്ചുതാനന്ദൻ സംസാരിച്ചപ്പോൾ ഒരു കുഞ്ഞും മിണ്ടിയില്ല. ശ്രീ. കോടിയേരി ദീർഘമായി സംസാരിച്ചുവെങ്കിലും ഒരു കുഞ്ഞും മിണ്ടിയില്ല. അന്തസ്സ് പാലിക്കണം. ഹൗസിന്റെ അന്തസ്സ് മെമ്പർമാർ പാലിക്കണം. .... Keep your dignity. Mind your dignity. ....

<u>ശ്രീ. എ. കെ. ആന്റണി</u>: കണ്ണൂർ ജില്ലയിലെ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് വ്യക്തമായ തീരുമാനം എടുത്തിട്ടുണ്ട്. മാർക്സിസ്റ്റ് ആയാലും കൊള്ളാം ആർ.എസ്.എസ്. ആയാലും കൊള്ളാം ജയിലിനുള്ളിൽ രാഷ്ട്രീയ പ്രവർത്തനം അനുവദിക്കുകയില്ല. ഈ ഗവൺമെന്റ് എടുത്ത തീരുമാനമാണ്. ....(ബഹളം) ....(ബഹളം) ഇവിടെ പോലീസിനെക്കുറിച്ചുള്ള കുറ്റപ്പെടുത്തലിന്റെ കൂടെത്തന്നെ പോലീസുകാരുടെ പ്രയാസങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പല മെമ്പർമാരും സൂചിപ്പിച്ചു. എല്ലാ പ്രശ്നങ്ങൾക്കും ഒറ്റയടിക്ക് പരിഹാരമുണ്ടാക്കുവാൻ സാധ്യമല്ലെങ്കിലും മറ്റേതു വിഭാഗത്തെക്കാളും കൂടുതൽ പരിഗണന വേണ്ടുന്ന ഒരു വിഭാഗമാണ് പോലീസ്. കാരണം മറ്റുള്ളവർക്കെല്ലാം ഒരു പ്രവൃത്തി സമയമുണ്ട്. പത്തു മണി മുതൽ അഞ്ചു മണി വരെ. പോലീസുകാർ ഇരുപത്തിനാല് മണിക്കൂറും ഡ്യൂട്ടിയിലാണ്. ഇരുപത്തിനാല് മണിക്കൂറും, സദാ ഡ്യൂട്ടിക്ക് വിധിക്കപ്പെട്ട കേരള സർക്കാർ സർവ്വീസിലെ ഒരേയൊരു വിഭാഗം പോലീസാണ്. അവർക്ക് കുടുംബമില്ല! വീട്ടുകാര്യങ്ങൾ അന്വേഷിക്കുവാൻ സമയമില്ല! ഇക്കാലത്ത് എല്ലാവരും കുട്ടികളുടെ പഠിത്തമാണ് ഏറ്റവും ശ്രദ്ധിക്കുന്നത്. പരീക്ഷ അടുക്കുമ്പോൾ എല്ലാവരും

LIBRARY ARCHIVES Kerala Legislative Assembly

ലീവെടുത്തു പോയി കുട്ടികളെ പഠിപ്പിക്കുന്നു. ഇവർക്ക് കുട്ടികളുടെ കാര്യം നോക്കാൻ സമയമില്ല, ഓണമില്ല, പിറന്നാളില്ല, വിശേഷ ദിവസങ്ങളില്ല. അപ്പോൾ അവർ ഡ്യൂട്ടിയിലാണ്. തീർച്ചയായും മറ്റേതു വിഭാഗത്തേക്കാളും പ്രത്യേക പരിഗണന വേണ്ട ഒരു വിഭാഗമാണ് പോലീസ്. കഴിഞ്ഞ മൂന്നു വർഷം ചെയ്തതിനെക്കാളും കൂടുതൽ വെൽഫെയർ പ്രവർത്തനങ്ങൾ പോലീസിൽ നടത്തും. പോലീസിന്റെ വെൽഫെയറിനു വേണ്ടി കൂടുതൽ പണം സർക്കാർ ചെലവഴിക്കും. ക്യാമ്പുകൾ, (പോലീസ് സ്റ്റേഷനുകൾ) മാത്രമല്ല പോലീസുകാരുടെ കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും പോലീസുകാരുടെ മറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഗവൺമെന്റ് പരമാവധി ശ്രമിക്കും. ഇവിടെ പറഞ്ഞ എട്ട് മണിക്കൂർ ജോലി നടപ്പാക്കേണ്ടതാണ്. അത് ഒറ്റയടിക്ക് സാധ്യമല്ല. പക്ഷേ ഈ ഗവൺമെന്റ് ഘട്ടം ഘട്ടമായി പോലീസുകാരുടെ പ്രവൃത്തി സമയം എട്ടു മണിക്കൂറായി നിജപ്പെടുത്തും.അതിന് തുടക്കമെന്നുള്ള നിലയിൽ............(ബഹളം)...........അന്ന് നിങ്ങൾ കൊടുക്കുമെന്ന് പറഞ്ഞു. നിങ്ങൾ പുതുതായി ഒരാളെ പോലും അപ്പോയിന്റ് ചെയ്തിട്ടില്ല. ഞാൻ പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുകയാണ്. തുടക്കം എന്ന നിലയിൽ അമ്പത്തിയേഴ് സ്റ്റേഷനുകളിൽ എം.ജി.പി.യുടെ ഭാഗമായി സർവ്വീസ് സ്ക്കീമിന്റെ ഭാഗമായി അമ്പത്തിയേഴ് സ്റ്റേഷനുകളിൽ ഈ വർഷംതന്നെ എട്ടു മണിക്കൂർ ജോലി നടപ്പാക്കും. ആവശ്യമായ പോലീസുകാരെയും ഈ വർഷം തന്നെ നിയമിക്കും. വെറും വാചകമടി മാത്രമല്ല, ഈ വർഷം നടപ്പാക്കും. ആവശ്യമുള്ള പോലീസുകാരെ നിയമിക്കും. ഇവിടെ പ്രസംഗിച്ച പല സുഹൃത്തുക്കളും പോലീസിന്റെ ട്രാൻസ്ഫറിന്റെ പല പ്രശ്നങ്ങൾ പറഞ്ഞു. ട്രാൻസ്ഫർ പോളിസി ഇപ്പോഴുണ്ടായതല്ല. 1970-ലെ ഗവൺമെന്റ് ഏർപ്പെടുത്തിയ ട്രാൻസ്ഫർ പോളിസിയാണ് ഇപ്പോഴും അവിടെ ഓർഡറിലുള്ളത്. അന്നത്തെ പോളിസിയാണ്. പക്ഷേ പോലീസ് സംഘടനകളിൽ നിന്നും പോലീസുകാരുടെ ഭാഗത്തു നിന്നും ബഹുമാന്യരായ നിയമസഭാംഗങ്ങളുടെ ഭാഗത്തുനിന്നും എന്റെ എല്ലാ സുഹൃത്തുക്കളുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള സമ്മർദ്ദം മാനിച്ചുകൊണ്ട് ട്രാൻസ്ഫർ സമ്പ്രദായത്തിൽ ചിലമാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുകയാണ്. എസ്.ഐ. മുതൽ താഴെയുള്ളവർ, ഹെഡ് കോൺസ്റ്റബിൾ, കോൺസ്റ്റബിൾ എന്നിവർക്ക് സ്വന്തം ജില്ലയിൽ ജോലി നൽകില്ല, ഭാര്യമാരുടെ ജില്ലയിൽ ജോലി നൽകില്ല എന്നുള്ള ഒരു നിയമമാണ് ഇപ്പോൾ ഉള്ളത്. ഈ നിരോധനം എടുത്തു കളയാൻ പോകുകയാണ്. സ്വന്തം സ്റ്റേഷനിൽ, അവർ ഉൾപ്പെടുന്ന സ്റ്റേഷനിൽ മാത്രം പോസ്റ്റ് ചെയ്യുകയില്ല. സ്വന്തം ജില്ലയിലും പോസ്റ്റിംഗ് കിട്ടും, ഭാര്യമാരുടെ ജില്ലയിലും പോസ്റ്റിംഗ് കിട്ടും. കേരളാ സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽ ബഹുഭൂരിപക്ഷവും മറ്റു ചില ജില്ലകളിൽ നിന്നാണ്. മലപ്പുറം പോലെയുള്ള പ്രദേശങ്ങളിൽ പോസ്റ്റു ചെയ്യാനുള്ളത്രയും ഉദ്യോഗസ്ഥർ ഇപ്പോൾ ഇല്ല. അവിടെയൊക്കെ ചില അഡ്ജസ്റ്റ്മെന്റ് വേണ്ടിവരും. പക്ഷേ ആ നിരോധനം എടുത്തു കളയുകയാണ്. അതുപോലെ തന്നെ ഹെഡ്കോൺസ്റ്റബിൾമാർ, കോൺസ്റ്റബിൾമാർ എന്നിവർക്കും ഇപ്പോൾ സ്വന്തം ജില്ലയിൽ പറ്റില്ല എന്നതാണ്. സ്വന്തം ജില്ലയിൽ എന്നുള്ള നിരോധനം എടുത്തുകളയുക മാത്രമല്ല അവർക്ക് സ്വന്തം സർക്കിളിൽ തന്നെ ജോലി കൊടുക്കും. സ്വന്തം സ്റ്റേഷനിൽ കൊടുക്കില്ല എന്നേയുള്ളു. എസ്.ഐ. മാർക്ക് സ്വന്തം ജില്ലയിലാണ് കൊടുക്കുന്നതെങ്കിൽ ഇവർക്ക് അതിനെക്കാൾ സൗകര്യത്തിൽ സ്വന്തം സർക്കിളിൽ തന്നെ ജോലി കൊടുക്കും. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം സ്റ്റേഷനിൽ നൽകില്ല. ഈ മാറ്റം ട്രാൻസ്ഫർ പോളിസിയിൽ വരുത്താൻ തീരുമാനിച്ചിരിക്കുകയാണ്. എസ്.ഐ., ഹെഡ്കോൺസ്റ്റബിൾ, കോൺസ്റ്റബിൾ എന്നിവർക്ക് വരെ ഇന്നുള്ള നിരോധനം എടുത്തു കളയുന്നു. പോലീസുകാരുടെ വെൽഫെയറിനു വേണ്ടി കൂടുതൽ പണം ചെലവാക്കാൻ ഉദ്ദേശിക്കുകയാണ്. ഏതായാലും പോലീസ് ഡിപ്പാർട്ടുമെന്റിനേക്കുറിച്ചുള്ള ചർച്ചകളിൽ ഞാൻ പ്രതീക്ഷിച്ച അത്രയും വിമർശനം ഉണ്ടായില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പഴയതിലും ഉത്തരവാദിത്തമുള്ളവരാണ്. കേന്ദ്രത്തിലെ ഗവൺമെന്റിനെ പിന്താങ്ങുന്ന ഭരണകക്ഷി അംഗങ്ങളാണ് അതുകൊണ്ട് പഴയ പ്രതിപക്ഷമല്ല. ഇപ്പോൾ അവിടെ നേരിട്ട് മെമ്മോറാണ്ടം കൊടുക്കാൻ അപ്പോയിന്റ്മെന്റ് ചോദിച്ചാൽ അപ്പോൾ കിട്ടുന്ന നിലയിലേയ്ക്ക് നിങ്ങളുടെ സ്റ്റാറ്റസ് ഉയർന്നു വന്നിട്ടുണ്ട്. അത് പ്രവൃത്തിയിൽ കാണിക്കണം. പോലീസിന്റെ പ്രവർത്തനത്തിൽ വളരെയധികം മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇന്ന് കേരളാ പോലീസിന് ഇൻഡ്യയിൽ ഒരു കാലത്തും ഉണ്ടാകാത്ത ഒരു അന്തസ്സ് ഉണ്ട്. ഇൻഡ്യയിലെ നിയമസമാധാനത്തിന്റെ കാര്യത്തിൽ നം. 1 സ്റ്റേറ്റായി കേരളം മാറിയിരിക്കയാണ്. ബഹുമാനപ്പെട്ട സുപാൽ പറഞ്ഞത് 2001-ലെ റിപ്പോർട്ടാണ്. നിങ്ങൾ ഭരിച്ചിരുന്ന അവസാന അഞ്ച് മാസങ്ങളിൽ നാദാപുരത്തും പാനൂരും ഉണ്ടായ കൊലപാതകം ഉൾപ്പെടെ ആയിരക്കണക്കിന് കേസുകൾ എടുക്കേണ്ടി വന്നു. അന്നത്തെ കണക്ക് പറയുകയാണ്. ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും ഉള്ളതുപോലെ കൊലപാതകങ്ങൾ കേരളത്തിൽ നടക്കുന്നില്ല. പുതിയ യു. പി. ഗവൺമെന്റ് ഭരണമേറ്റിട്ട് അഞ്ചു മാസമേ ആയിട്ടുള്ളു. അഞ്ച് മാസത്തിനുള്ളിൽ 2,500 പേർ അവിടെ മരിച്ചു കഴിഞ്ഞിരിക്കയാണ്. ആ സംസ്ഥാനത്തേക്കാൾ നിയമസമാധാനം തകർന്നു എന്നൊക്കെ പറയുന്നവരേക്കുറിച്ച് ജനങ്ങൾക്ക് മതിപ്പ് കുറഞ്ഞുപോകും. അങ്ങനെ പറയരുത്. ഇന്നത്തെ ഓൾ ഇൻഡ്യാ കണക്കനുസരിച്ച് പോലീസിന്റെ പ്രവർത്തനത്തേക്കുറിച്ച് വിലയിരുത്തുന്ന ഏജൻസികളുടെ കണക്കനുസരിച്ച് കേരളമാണ് നിയമസമാധാനത്തിന്റെ കാര്യത്തിൽ ഇന്ന് ഇൻഡ്യയിൽ ഏറ്റവും സുരക്ഷിത സംസ്ഥാനമായി മാറിയിട്ടുള്ളത്. ഇനിയും നമുക്ക് മെച്ചപ്പെടാനുണ്ട്. പോലീസിന് മെച്ചപ്പെട്ട പരിശീലനം നൽകി പോലീസിനെ നമുക്ക് ഇനിയും മെച്ചപ്പെടുത്തി എടുക്കണം. പോലീസുകാർക്ക് കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സാധിക്കണം. പോലീസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കണം. ജനങ്ങൾക്ക് കൂടുതൽ കൂടുതൽ മെച്ചപ്പെട്ട സർവ്വീസ് നൽകുന്ന നിലയിൽ കേരളത്തിലെ പോലീസിന്റെ പ്രവർത്തനം കൂടുതൽ നവീകരിക്കാനും മെച്ചപ്പെടുത്താനും ഗവൺമെന്റ് ശ്രമിക്കുകയാണ്. പോലീസിന്റെ പ്രവർത്തനത്തിൽ കുറ്റങ്ങൾ ഇല്ല എന്നു പറയുന്നില്ല. പക്ഷേ ഗവൺമെന്റ് തുടർന്നു വരുന്ന പോലീസ് നയം ശരിയാണ്. നയം നടത്തിപ്പിൽ ചില പ്രദേശങ്ങളിൽ ചില പാളിച്ചകൾ വന്നിട്ടുണ്ട്. ചില ഓഫീസർമാർ വീഴ്ചകൾ വരുത്തിയിട്ടുണ്ട്. ആ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രമിക്കും. പാളിച്ചകൾ ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് ശ്രമിക്കും. പക്ഷേ ഈ സംസ്ഥാനത്ത് ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രാഷ്ട്രീയ നിയന്ത്രണങ്ങൾ എന്നുദ്ദേശിച്ചത് എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: ഏതായാലും നിങ്ങൾ കാണിക്കുന്നതുപോലെയുള്ള ഏരിയ കമ്മിറ്റിയുടെ നിയന്ത്രണമല്ല ഞാൻ ഉദ്ദേശിച്ചത്. പൊളിറ്റിക്കൽ സെക്രട്ടറി നിയന്ത്രണമല്ല ഉദ്ദേശിച്ചത്. പൊളിറ്റിക്കൽ സെക്രട്ടറിയിൽക്കൂടി എ.കെ.ജി. സെന്ററിന്റെ നിയന്ത്രണമല്ല ഉദ്ദേശിച്ചത്. ഈ രാജ്യത്ത് നിഷ്പക്ഷമായി കാര്യങ്ങൾ നടക്കണം. അതനുസരിച്ച് പൊതുപ്രവർത്തകരോട്, എം.എൽ.എ. മാരോട്, ജനപ്രതിനിധികളോട്, പോലീസ്സ്റ്റേഷനിൽ ചെല്ലുന്നവരോട്, പോലീസ് ഓഫീസർമാരും, പോലീസുകാരും കൂടുതൽ മാന്യമായി പെരുമാറണം അങ്ങനെയാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ഏതായാലും കഴിഞ്ഞ കാലങ്ങളേക്കാൾ വളരെയേറെ മെച്ചം നമ്മുടെ പോലീസിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ഇന്ന് നിയമസമാധാന രംഗത്ത് ഒന്നാം സ്ഥാനം എന്ന നിലയിലേയ്ക്ക് കേരളത്തിന് വളരാൻ സാധിച്ചത്. അതോടൊപ്പം തന്നെ ഒറ്റപ്പെട്ട പാളിച്ചകളുണ്ട്, വീഴ്ചകളുണ്ട്. ചില സ്ഥലങ്ങളിൽ അധികാര പ്രമത്തത കാണിക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ട്. അവരെ തിരുത്തും, നിയന്ത്രിക്കും. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കക്ഷി വ്യത്യാസമില്ലാതെ, ജാതി വ്യത്യാസമില്ലാതെ, വർണ്ണവ്യത്യാസമില്ലാതെ എല്ലാവർക്കും തന്നെ സുരക്ഷിതത്വബോധവും നീതിയും ഉറപ്പു വരുത്തുന്ന പോലീസ് നയവുമായി ഗവൺമെന്റ് മുന്നോട്ടു പോകും. അതിന് എല്ലാ ഭാഗത്തുനിന്നും ഇന്ന് കാണിച്ചതുപോലെയുള്ള സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണം എന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ. കെ. വി. കുഞ്ഞിരാമൻ, ടി. പി. രാമകൃഷ്ണൻ, എ. സി. മൊയ്തീൻ, മഞ്ഞളാംകുഴി അലി, കോടിയേരി ബാലകൃഷ്ണൻ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, കെ. കെ. ജയചന്ദ്രൻ, സാജു പോൾ, കെ. രാധാകൃഷ്ണൻ, വി. കെ. സി. മമ്മത്കോയ, എ. എ. അസീസ്, കെ. പി. രാജേന്ദ്രൻ, എം. കുമാരൻ, മാങ്കോട് രാധാകൃഷ്ണൻ, പി. നാരായണൻ, പി. എസ്. സുപാൽ, ഡോ. തോമസ് ഐസക്ക് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....................

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സർവ്വശ്രീ. എ. സി. ഷൺമുഖദാസ്, കെ. പി. രാജേന്ദ്രൻ, പി. എസ്. സുപാൽ, എം. കുമാരൻ, മാങ്കോട് രാധാകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, മഞ്ഞളാംകുഴി അലി, ടി. പി. രാമകൃഷ്ണൻ, സാജു പോൾ, വി. ചെന്താമരാക്ഷൻ, കെ. വി. കുഞ്ഞിരാമൻ, ടി. കെ. ദേവകുമാർ, കെ. കെ. ജയചന്ദ്രൻ, എ. സി. മൊയ്തീൻ, വി. കെ. സി. മമ്മത്കോയ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. തോമസ് ഐസക്ക് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിരിക്കുന്ന തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്......................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—86

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, കെ. അച്ചുതൻ
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. കെ. ആന്റണി
6. ,, എൻ. ഡി. അപ്പച്ചൻ
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, ഡൊമിനിക് പ്രസന്റേഷൻ
16. ,, കെ. ബി. ഗണേഷ് കുമാർ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. ജോർജ് ജെ. മാത്യു
20. ശ്രീമതി കെ. ആർ. ഗൗരിയമ്മ
21. ശ്രീ. എം. എം. ഹസ്സൻ
22. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ,, ടി. എം. ജേക്കബ്
25. ,, ജോണി നെല്ലൂർ
26. ,, കെ. സി. ജോസഫ്
27. ,, ജോസഫ് എം. പുതുശ്ശേരി
28. ,, പി. ജെ. ജോയി
29. ,, ജി. കാർത്തികേയൻ
30. ,, കെ. കെ. നായർ
31. ,, പി. കെ. കുഞ്ഞാലിക്കുട്ടി
32. ഡോ. എം. എ. കുട്ടപ്പൻ
33. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
34. ,, ലൂഡി ലൂയിസ്
35. ,, സി. മമ്മൂട്ടി
36. ,, കെ. എം. മാണി
37. ,, കെ. മുഹമ്മദാലി
38. ,, ഇ. ടി. മുഹമ്മദ് ബഷീർ
39. ,, കെ. മോഹൻ കുമാർ
40. ,, എ. കെ. മണി
41. ,, സി. മോയിൻകുട്ടി
42. ,, ആര്യാടൻ മുഹമ്മദ്
43. ,, സി. പി. മൂഹമ്മദ്
44. ,, എം. കെ. മുനീർ
45. ,, എം. മുരളി
46. പ്രൊഫ. എ. ഡി. മുസ്തഫ
47. ശ്രീ. ടി. എച്ച്. മുസ്തഫ
48. ,, കെ. നാരായണക്കുറുപ്പ്
49. ,, എഴുകോൺ നാരായണൻ
50. ,, എം. കെ. പോൾസൺ മാസ്റ്റർ
51. ,, വി. ജെ. പൗലോസ്
52. ,, അടൂർ പ്രകാശ്
53. ,, ടി. എൻ. പ്രതാപൻ
54. ,, ജി. പ്രതാപവർമ്മ തമ്പാൻ
55. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

56. ശ്രീ. ടി. യു. രാധാകൃഷ്ണൻ
57. ശ്രീമതി രാധാ രാഘവൻ
58. ശ്രീ. എ. എൻ. രാജൻ ബാബു
59. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
60. ,, തേറമ്പിൽ രാമകൃഷ്ണൻ
61. ,, തമ്പാനൂർ രവി
62. ,, റോഷി അഗസ്റ്റിൻ
63. ,, ടി. പി. എം. സാഹിർ
64. ,, എൻ. ശക്തൻ
65. ,, പി. ശങ്കരൻ
66. ,, കെ. ശങ്കരനാരായണൻ
67. ശ്രീമതി മാലേത്ത് സരളാദേവി
68. ശ്രീ. വി. ഡി. സതീശൻ
69. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
70. ശ്രീ. കെ. കെ. ഷാജു
71. ,, ഷിബു ബേബിജോൺ
72. ശ്രീമതി ശോഭനാ ജോർജ്
73. ശ്രീ. നാലകത്ത് സൂപ്പി
74. ,, സ്റ്റീഫൻ ജോർജ്
75. ,, കെ. സുധാകരൻ
76. ,, ഡി. സുഗതൻ
77. ,, എ. സുജനപാൽ
78. ,, എൻ. സുന്ദരൻ നാടാർ
79. പ്രൊഫ. കെ. വി. തോമസ്
80. ശ്രീ. പി. ടി. തോമസ്
81. ,, തോമസ് ചാഴികാടൻ
82. ,, തോമസ് ഉണ്ണിയാടൻ
83. ,, എം. എ. വാഹിദ്
84. ,, കെ. സി. വേണുഗോപാൽ
85. ,, ബി. വിജയകുമാർ
86. ,, കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, കോവൂർ കുഞ്ഞുമോൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചാക്കോ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ശ്രീ. പി. എസ്. സുപാൽ
36. ഡോ. തോമസ് ഐസക്ക്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>—ആരുമില്ല.

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ—86

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സർവ്വശ്രീ. എ. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, എം. വി. ജയരാജൻ, കെ. വി. കുഞ്ഞിരാമൻ, കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, പി. എസ്. സുപാൽ, വി. കെ. സി. മമ്മത്കോയ, കെ. പി. സതീശ് ചന്ദ്രൻ, എ. സി. മൊയ്തീൻ, ടി. പി. രാമകൃഷ്ണൻ, മഞ്ഞളാംകുഴി അലി, സാജു പോൾ, കെ. കെ. ജയചന്ദ്രൻ, എ. സി. ഷൺമുഖദാസ്, എ. എ. അസീസ്, ഡോ. തോമസ് ഐസക്ക്, ഡോ. കെ. സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—67

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, കെ. അച്ചുതൻ
4. ,, സി. ടി അഹമ്മദ് അലി
5. ,, എ. കെ. ആന്റണി
6. ,, എൻ. ഡി. അപ്പച്ചൻ
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, ഡൊമിനിക് പ്രസന്റേഷൻ
16. ,, കെ. ബി. ഗണേഷ് കുമാർ
17. ,, എ. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. ജോർജ് ജെ. മാത്യു
20. ,, പ്രയാർ ഗോപാലകൃഷ്ണൻ
21. ശ്രീമതി കെ. ആർ. ഗൗരിയമ്മ
22. ശ്രീ. എം. എം. ഹസ്സൻ
23. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
24. ശ്രീ. ഉമ്മൻ ചാണ്ടി
25. ,, ടി. എം. ജേക്കബ്
26. ,, ജോണി നെല്ലൂർ
27. ,, കെ. സി. ജോസഫ്
28. ,, ജോസഫ് എം. പുതുശ്ശേരി
29. ,, പി. ജെ. ജോയി
30. ,, വർക്കല കഹാർ
31. ,, ജി. കാർത്തികേയൻ
32. ,, കെ. കെ. നായർ
33. ,, പി. കെ. കുഞ്ഞാലിക്കുട്ടി
34. ഡോ. എം. എ. കുട്ടപ്പൻ
35. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
36. ,, ലൂഡി ലൂയിസ്
37. ,, സി. മമ്മൂട്ടി
38. ,, കെ. എം. മാണി
39. ,, കെ. മുഹമ്മദാലി
40. ,, ഇ. ടി. മുഹമ്മദ് ബഷീർ
41. ,, കെ. മോഹൻ കുമാർ
42. ,, എ. കെ. മണി
43. ,, സി. മോയിൻകുട്ടി
44. ,, ആര്യാടൻ മുഹമ്മദ്
45. ,, സി. പി. മുഹമ്മദ്
46. ,, എം. കെ. മുനീർ
47. ,, എം. മുരളി
48. പ്രൊഫ. എ. ഡി. മുസ്തഫ
49. ശ്രീ. കെ. നാരായണക്കുറുപ്പ്
50. ,, എഴുകോൺ നാരായണൻ
51. ,, എം. കെ. പോൾസൺ മാസ്റ്റർ
52. ,, വി. ജെ. പൗലോസ്
53. ,, അടൂർ പ്രകാശ്
54. ,, ടി. എൻ. പ്രതാപൻ
55. ,, ജി. പ്രതാപവർമ്മ തമ്പാൻ
56. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

57. ശ്രീ. ടി. യു. രാധാകൃഷ്ണൻ
58. ശ്രീമതി രാധാ രാഘവൻ
59. ശ്രീ. എ. എൻ. രാജൻ ബാബു
60. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
61. ,, തേറമ്പിൽ രാമകൃഷ്ണൻ
62. ,, തമ്പാനൂർ രവി
63. ,, റോഷി അഗസ്റ്റിൻ
64. ,, ടി. പി. എം. സാഹിർ
65. ,, എൻ. ശക്തൻ
66. ,, പി. ശങ്കരൻ
67. ,, കെ. ശങ്കരനാരായണൻ
68. ശ്രീമതി മാലേത്ത് സരളാദേവി
69. ശ്രീ. വി. ഡി. സതീശൻ
70. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
71. ശ്രീ. കെ. കെ. ഷാജു
72. ,, ഷിബു ബേബിജോൺ
73. ശ്രീമതി ശോഭനാ ജോർജ്
74. ശ്രീ. നാലകത്ത് സൂപ്പി
75. ,, സ്റ്റീഫൻ ജോർജ്
76. ,, കെ. സുധാകരൻ
77. ,, ഡി. സുഗതൻ
78. ,, എ. സുജനപാൽ
79. ,, എൻ. സുന്ദരൻ നാടാർ
80. പ്രൊഫ. കെ. വി. തോമസ്
81. ശ്രീ. പി. ടി. തോമസ്
82. ,, തോമസ് ചാഴികാടൻ
83. ,, തോമസ് ഉണ്ണിയാടൻ
84. ,, എം. എ. വാഹീദ്
85. ,, കെ. സി. വേണുഗോപാൽ
86. ,, ബി. വിജയകുമാർ
87. ,, കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, കോവൂർ കുഞ്ഞുമോൻ
18. ,, വി. കെ. സി. മമ്മത്കോയ
19. ,, മത്തായി ചാക്കോ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ശ്രീ. പി. എസ്. സുപാൽ
36. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—87

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.41-ന് പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

(നിയമസഭ വൈകുന്നേരം 4.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.)

VII. നിയമനിർമ്മാണകാര്യം

2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ

മി. സ്പീക്കർ: ഓർഡർ..............ഓർഡർ.................... 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. നാലകത്ത് സൂപ്പി: സർ, കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ അഡ്മിഷനും ഫീസും സംബന്ധിച്ച് കുറച്ചുകാലമായി നില നിൽക്കുന്ന അവ്യക്തതയും ആശയക്കുഴപ്പങ്ങളും ഒഴിവാക്കുന്നതിന് ഉദ്ദേശിച്ചാണ് ഈ ബിൽ. സുപ്രീം കോടതി വിധികളും അതിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly